UNIVERSITY LIBRARY
MAR 1948

## LOOK FOR:—


| | | |
|---|---|---|
| To A Muslim Brother (Poem) | Sivadas Menon | 1 |
| കൌമാരകൌതൂഹലം. | കുട്ടികൃഷ്ണമാരാര് | 3 |
| Her 'Practical' | C. Krishnan Nambudiri (S. I.) | 6 |
| പടയൊരുക്കം (പദ്യം) | രവിവർമ്മ ആറവർ (സീനിയർ) | 8 |
| Who is Bore? | K. C. A. Rajah (J. I.) | 9 |
| ഗുരുദക്ഷിണ | ടി. വി. ആർ. കുറുപ്പ് | 13 |
| Prophetics. | T. R. L. Narasimhan | 16 |
| കമ്പയോട്ട് (പദ്യം) | കോഴിക്കോടൻ | 19 |
| Requires, Aid urgently | Cartoon | 20 |
| The Land of Satyagraha | Jairam Panikker (J. I.) | 21 |
| സംസ്കൃതസാഹിത്യത്തിലെ 'ലിറിക്' പ്രസ്ഥാനം | ബാലകൃഷ്ണപണിക്കർ | 23 |
| Modernism In Poetry | Purushothaman Nedungadi | 35 |
| സമാഗമം (പദ്യം) | എം. ബാലകൃഷ്ണൻ നായർ (സീനിയർ) | 40 |
| A Student looks at Indian Films | Vasudev | 41 |
| ഏക്സിഡെൻ്റ് | ഗോപാൽദാസ് ശ്യാംജി | 44 |
| ? (Poem) | Yes Em | 47 |
| Moon | Sketch | 48 |
| മനസംയമം (പദ്യം). | സി. കൃഷ്ണൻ നമ്പൂതിരി (സീനിയർ) | 49 |
| The Taj | M. K. Karunakara Menon (J. I.) | 51 |
| എന്താണെഴുതേണ്ടത്? | ബി. പത്മിനി (സീനിയർ) | 54 |
| Refugee | P. Rajagopalan | 57 |
| മലനായന്മാർ | ശിവദാസമേനോൻ | 60 |
| The Non-metal 'X' | Chandrakumar (S. I.) | 65 |
| മേട്ടുരോളം | മിസ്സ്. ഭാർഗ്ഗവി (ജൂനിയർ) | 68 |
| The Elephant | Cartoon | 70 |
| ശൂദ്രമുനിവധം | ദേശമംഗലത്ത് രാമവാരിയർ | 71 |
| In Re Oliver Goldsmith: | M. P. S. Menon | 74 |
| മാത്സര്യം മതിയാക്കില്ലെ (പദ്യം) | ഇ. കെ. ബി. നമ്പ്യാർ | 82 |
| Mahatmaji | Portrait | 84 |
| അത്യാഹിതം (പദ്യം) | ദേശമംഗലത്ത് രാമവാരിയർ | 85 |
| In memory of Mahatmaji | Jacob George (S. I.) | 87 |
| മഹാത്മജി | കോഴിക്കോട്ട് അപ്പുക്കുട്ടൻനായര് | 88 |



THE
ZAMORIN'S
COLLEGE
MAGAZINE.

Vol. 20 · JANUARY 1948 No. 1

UNIVERSITY LIBRARY
1 - MAR 1948
MADRAS.

# KHUDA KI NAMSE

(TO A MUSLIM BROTHER)

Amidst the clangour hoarse and vile
    Of faith-strife, blood, and tears,
We pass each other darkly, while
    Hate rankles down the years.

I pine and hunger all the while
    To feel your hand's true clasp;
I wish the blessing of your smile
    My locked heart to unhasp.

We hurry by, unseeing, intent
    On shrine and scripture-chant
And fast and vigil, all-potent
    To blight the soul with cant.

We hurry by, our souls inbent
    On faith's imagined dooms,
Fill God's own garden with the scent
    Of barren poisoned blooms—

Mirage of million nodding blooms
    Which beckon down the path
That twists and narrows to hell's glooms--
    Devotion's aftermath,

Is God a Moloch, then, who craves
The infant's, virgin's, blood ?
Ensanguined mouth that feeds on graves
And drinks the tearful flood ?

Our cruel creeds, it be that craze
To blunder, sting, and die,—
Like wasps bewildered in the blaze
Of torches flaming high.

Far other chance we might have viewed
In some deep sylvan zone,
Where Nature in her plenitude
Gives sweetness to her own,—

And truth and simple faith that binds,
Sweet clearness of the rills,
Sunset and dawn and whisp'ring winds,
Steadfastness of the hills;

And changing seasons with the weight
Of rugged work, joys, tears,
Unite and make us true and great,
Earth's manliest, gentlest peers.

In such a spot may we awake,
And hope and chance arise
For life-long amities which make
This earth a paradise !

— Sivadas Menon.

# കൌമാരകൌതൂഹലം

കുട്ടികൃഷ്ണമാരാര്

> "ഭൂരിപക്ഷത്തിന്റെ ദൃഷ്ടിയിൽ ചീത്തയായ മനുഷ്യനാണ് ഇക്കാലത്തെ ഒരു നല്ല മനുഷ്യൻ" എന്ന് റസ്സൽ പറയുന്നു. അങ്ങിനെ നോക്കുമ്പോൾ, തന്റെ ഗുണപക്ഷപാതത്തോടെയുള്ള നിരൂപണം നിമിത്തം മലയാളസാഹിത്യലോകത്തിൽ വളരെയധികം വെറുക്കപ്പെട്ട ശ്രീ: മാരാർ ഒരു നല്ല നിരൂപകനെന്നല്ല, ഒരു നല്ല മനുഷ്യൻ കൂടെയാണെന്നു കാണാം. അഗാധമായ പാണ്ഡിത്യം, അധൃഷ്യമായ വാദപാടവം, ഗുണപക്ഷപാതനിരൂപണം, സർവ്വോപരി സരളമനോഹരമായ ഭാഷാശൈലി ഇവയാണ് ശ്രീ: മാരാരുടെ പ്രത്യേകതകൾ. ആ ജീവത്തായ ശൈലി, ഈ ലേഖത്തിലും ഉടനീളം ഒളിവീശുന്നതു കാണാം. സാഹിത്യവിദ്യാർത്ഥികൾ സാവധാനം നോക്കിപ്പഠിക്കേണ്ട ഒന്നാണത്.
>
> [സാ. കോ. മാ. പ.]

പതിവായി സാമൂതിരി കോളേജിന്റെ പടിയ്ക്കലൂടെ ആപ്പീസ്സിലേയ്ക്കു പോയിപ്പോരുന്ന എനിയ്ക്കു ഈ കുറച്ചുകാലത്തിനിടയ്ക്കു് അവിടെവെച്ചു് ഒട്ടേറെ പഠിപ്പുമുടക്കുസമരങ്ങൾ നോക്കിക്കാണുവാൻ ഇടയായിട്ടുണ്ടു്; ഓരോരിയ്ക്കലും അവ എന്റെ ചിന്താഗതിയെ പിടികൂടി അസ്വാസ്ഥ്യപ്പെടുത്തുകയുമുണ്ടായിട്ടുണ്ടു്. ഇന്നു സാമൂതിരി കോളേജ് മാസികയിലേയ്ക്കു് ഒരു ലേഖനമെഴുതണമെന്നു വന്നപ്പോൾ ആക്കണ്ട പഠിപ്പുമുടക്കരംഗങ്ങൾ കണ്ണിനുമുമ്പിൽ അണിനിരക്കുന്നു; അവയെ മാററിനിർത്തി, "വിദ്യാർത്ഥികളുടെ കലാവാസന"യെപ്പററിയോ മററോ വല്ലതും എഴുതിയാൽപ്പോരെ എന്നാലോചിയ്ക്കായ്കയില്ല. പക്ഷെ, സാഹിത്യകാരൻ ജീവിതയാഥാർത്ഥ്യങ്ങളിൽനിന്നു് ഒഴിഞ്ഞുമാറിക്കളയരുതെന്നുള്ളത് ഒരു നല്ല ഉപദേശമാണല്ലോ.

എന്നാൽ, ഈ ജീവിതയാഥാർത്ഥ്യവാദികൾ, സാഹിത്യകാരൻ ഇന്നസമയത്തു് ഇന്നഭാഗം പിടിച്ചെഴുതിക്കൊള്ളണമെന്നുകൂടി നിഷ്കർഷിയ്ക്കുന്നുണ്ടു്; ഉദാഹരണമായി, 1942-ലെ ആഗസ്റ്റ്സമരകാലത്താണെങ്കിൽ സാഹിത്യകാരൻ വിദ്യാർത്ഥികളുടെ പഠിപ്പുമുടക്കത്തെ എതിർത്തുകൊണ്ടും, 1947 ആഗസ്റ്റ് 15-നുശേഷമാണെങ്കിൽ അനുകൂലിച്ചുകൊണ്ടും എഴുതിക്കൊള്ളണമെന്നുകൂടിയുണ്ടു്. ഈ കാര്യത്തിൽ മാത്രമേ എനിയ്ക്കു് അവരുമായി യോജിയ്ക്കാൻ നിവൃത്തിയില്ലായ്കയുള്ളൂ. സാഹിത്യകാരൻ സ്വന്തം ചിന്താഗതിയെ—അതെന്തുതന്നെയായാലും—വെളിപ്പെടുത്തുവാനാണു് തൂലികയെടുക്കുന്നത്; അന്യരുടെ വാക്കുകൾ കേട്ടെഴുതി കയ്യക്ഷരം നന്നാക്കുവാനല്ല. ഒരു സാഹിത്യകാരനും, മററുചിലരുടെ വിജ്ഞാപനങ്ങളൊട്ടിക്കാനുള്ള പരസ്യപ്പലകയായി നില്ക്കരുതെന്നാണ് എന്റെ ശാഠ്യം.

ഞാൻ കണ്ട ആ പഠിപ്പുമുടക്കങ്ങളെല്ലാം ഏതേതാവശ്യങ്ങൾക്കായിരുന്നു എന്നു ഇപ്പോൾ ആലോചിച്ചിട്ടും ഓർമ്മവരുന്നില്ല. ആ സമരങ്ങൾ നടത്തിയ വിദ്യാർത്ഥികൾക്കുതന്നെ അതു വല്ലതും ഓർക്കാൻ സാധിയ്ക്കുമോ, ആവോ! അടുത്ത വർഷാന്തപരീക്ഷയുടെ ചോദ്യക്കടലാസ്സിൽ അങ്ങിനെയൊരു ചോദ്യം ചോദിച്ചു് എത്ര വിദ്യാർത്ഥികൾ ശരിയ്ക്കുത്തരമെഴുതുമെന്നു പരീക്ഷിയ്ക്കുന്നതുകൊള്ളാം. അവർ അപ്പപ്പോൾ ആരോ എന്തോ പറയുന്നതുകേട്ടു പഠിപ്പുമുടക്കം കൊണ്ടാടി എന്നതിലധികം, അതിലൊന്നെങ്കിലും അവരുടെ ഉള്ളിൽ തട്ടിയ കാര്യമായിരുന്നുവോ എന്നു ഞാൻ സംശയിയ്ക്കുന്നു. എനിയ്ക്കു പിഴച്ചുവെങ്കിൽ, മാപ്പു്!

ഒന്നിപ്പോൾ ഞാനോർക്കുന്നു: തപാൽ ജീവനക്കാരുടെ പണിമുടക്കത്തിൽ സഹാനുഭൂതി കാണിപ്പാനുള്ളതായിരുന്നു ആ പഠിപ്പുമുടക്കങ്ങളിലൊന്നു്. അന്നതുകണ്ട അവസരത്തിൽ ഞാൻ ആലോചിയ്ക്കയുണ്ടായി: ഈ കോഴിക്കോട്ടുള്ള എണ്ണമററ കാപ്പി ഹോട്ടലുകളിലേതെങ്കിലും മുതലാളി ഒരു വേലക്കാരന്റെനേരെ കണ്ണുമിഴിച്ചു നോക്കുക മുതൽ അയാളെ പിരിച്ചുവിടുകവരെയുള്ള ഏതെങ്കിലുമൊരു കുതിരകയററം നടത്തിയതിനാൽ ഇവിടെ അന്നന്നു നടക്കാറുള്ള പണിമുടക്കങ്ങളിൽ സഹാനുഭൂതി കാണിപ്പാൻ ഈ വിദ്യാർത്ഥികൾ പഠിപ്പുമുടക്കാത്തതെന്താണെന്നു്. പെൻഷ്യനും ക്ഷാമബത്തയും മററും മററുമായി അന്യാദൃശങ്ങളായ പല ആനുകൂല്യങ്ങളോടുകൂടിയ തപാൽ ജീ

വനക്കാരോടു വിദ്യാർത്ഥികൾക്കു വലിയ സഹതാപമുണ്ടെന്നും, എന്നാൽ വേറെ ഗതിയില്ലാതെ ഹോട്ടലുകളിലെ എച്ചിലെടുത്തു കഴിയുന്ന ആ സാധുക്കളോട് അവർക്കു ഒട്ടുമൊരു സഹതാപമില്ലെന്നും വരുമോ? അങ്ങിനെവരില്ല. എന്നിട്ടും അവർ ഒരൊററ 'ഹോട്ടൽത്തൊഴിലാളി സഹാനുഭൂതി പഠിപ്പുമുടക്ക'മെങ്കിലും നടത്താഞ്ഞതെന്തുകൊണ്ടാണെന്നു ചോദിച്ചാൽ അവർക്കു മറുപടിയില്ലെന്നുവരാം; അഥവാ, തങ്ങൾക്ക് അപ്പപ്പോൾ വേണ്ടതു മന്ത്രിച്ചുതരുന്ന പശ്ചാത്തലാചാര്യന്മാരിൽനിന്നു നിർദ്ദേശം കിട്ടിയില്ലെന്നു മാത്രമാവാം മറുപടി. ഇരിക്കട്ടെ. അണിയറയിലെയ്ക്കു ചെല്ലുന്ന ആ ചോദ്യത്തെ നമുക്കിപ്പോൾ കുത്തിച്ചോദിക്കേണ്ട.

ഇക്കഴിഞ്ഞ നവമ്പർ 18-ാംനു-ത്തെ പഠിപ്പുമുടക്കുസമരത്തിന്റെ ആവശ്യമെന്തായിരുന്നു എന്നു മാത്രമെ ഞാനിപ്പോൾ പര്യാലോചനയ്ക്കെടുക്കുന്നുള്ളു. ഡിറെറൻഷ്യൻ സമ്പ്രദായം നിർത്തണമെന്നും ഫീസ്സുവർദ്ധന വെട്ടിച്ചുരുക്കണമെന്നും രണ്ടാവശ്യമാണല്ലോ അന്നു പറഞ്ഞുകേട്ടത്. ഇവയിൽ ആദ്യത്തേതു പ്രതിഷേധിച്ചുനിർത്തിയ്ക്കേണ്ടതു തന്നെയാണെന്നതിൽ തർക്കമില്ല. വിദ്യാഭ്യാസത്തിൽ പരീക്ഷനടത്തുന്ന സമ്പ്രദായംതന്നെ അനാവശ്യമാണെന്നു പല മഹാന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. പരീക്ഷയിലെ ജയപരാജയങ്ങളും ജീവിതത്തിലെ ജയപരാജയങ്ങളും പലപ്പോഴും പൊരുത്തപ്പെടാതെയാണ് കണ്ടുവരുന്നത്. എന്നിരിയ്ക്കെ, വിദ്യാർത്ഥികളുടെ പരീക്ഷാർഹതയെ നിശ്ചയിപ്പാൻതന്നെ മറെറാരു പരീക്ഷ നടത്തുക എന്നത് ഒരിരട്ട അനീതിയാണെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷെ, അതിനെ എതിർക്കുവാൻ ഈ മുഷ്ടിചുരുട്ടിയ ആർപ്പിടലും 'കരിങ്കാലി' വിളികളും മററുമെന്തിനാണ്? സെലക്ഷ്യൻ പരീക്ഷ നിശ്ചയിച്ച ദിവസം സ്കൂളിൽ കടക്കേണ്ട എന്നു വെച്ചാൽപ്പോരേ — അതുംവേണ്ട, അന്നും സ്കൂളിൽച്ചെന്നു പരീക്ഷയ്ക്കിരുന്ന് ഒരൊററ ചോദ്യത്തിനും ഒരക്ഷരവും ഉത്തരമെഴുതാതെ ഒരു 'ഇരുന്നു പണിമുടക്കം' നടത്തിയാൽപ്പോരെ? നിങ്ങൾക്കങ്ങിനെചെയ്വാൻ സാധിച്ചാൽ — വേണമെങ്കിൽ സാധിക്കുകതന്നെചെയ്യും — അതെന്തു ധീരശാന്തമായ സമരമാകുമായിരുന്നു! അതിനെ ആർക്ക് എങ്ങിനെ പരാജയപ്പെടുത്തുവാൻ സാധിക്കും!

നേരെമറിച്ചു, പരീക്ഷയോടെതിർക്കുവാൻവേണ്ടി പഠിക്കുവാൻ ചെല്ലുകയേ ഇല്ല എന്നുവെച്ചതിലെ യുക്തിയെന്തെന്നു മനസ്സിലാകുന്നില്ല.

രണ്ടാമത്തേതു ഫീസ്സുവർദ്ധനവിനെസ്സംബന്ധിച്ചാണല്ലോ. അതിൽ ഞാനൊന്നു ചോദിക്കട്ടെ, നിങ്ങളുടെ ഫീസ് വർദ്ധിപ്പിച്ചതിനെപ്പററി നിങ്ങളിലാർക്കെങ്കിലും ഉള്ളിൽത്തട്ടിയ ആവലാതിയുണ്ടോ? ഫീസ് ഇന്നുള്ളതിൽ കുറേക്കൂടി കൂട്ടിയാൽത്തന്നെ നിങ്ങളിൽ എത്രപേർക്ക് അതിൽ അസുഖം തോന്നും? എന്തു ഫീസുകൊടുത്തും മററെന്തു ചെലവുചെയ്തും നിങ്ങൾക്കു സ്കൂളിൽ ഒരിരിപ്പിടം നേടിത്തന്നു പഠിപ്പിക്കുവാൻ ആഗ്രഹവും ഒരുക്കവുമുള്ള രക്ഷിതാക്കന്മാരിൽ ചിലർക്കു പക്ഷേ ഇതിൽ ആവലാതിയുണ്ടാവാം. അവരിലാർക്കെങ്കിലും ഈ പഠിപ്പുമുടക്കത്തോട് ആനുകൂല്യമുണ്ടോ എന്നു നിങ്ങളിലാരെങ്കിലും ഒന്നന്വേഷിക്കുകയുണ്ടായോ? ആ രക്ഷിതാക്കന്മാരോടു മാസംതോറും കിട്ടാവുന്നേടത്തോളം പണം വാങ്ങി, നഗരത്തിലെ വിലാസങ്ങൾക്കും വിനോദങ്ങൾക്കുമായി കണ്ടമാനം ധൂർത്തടിക്കുന്ന നിങ്ങൾക്കു ഈ വക വല്ല ആലോചനയും വല്ലപ്പോഴുമുണ്ടായിട്ടുണ്ടോ? നേരു പറയു, നേരെ പറയാവു. അഥവാ, ഒന്നും പറയേണ്ട. നിങ്ങളുടെ മനസ്സാക്ഷി ഈ ചോദ്യങ്ങളുടെ മുമ്പിൽ ചൂളുകയേ ഉള്ളു എന്ന് എനിക്ക് അസ്സലായിട്ടറിയാം.

ഇതാലോചിക്കാഞ്ഞതുപോലെതന്നെ, ഈ പഠിപ്പുമുടക്കം ഫീസുകുറയ്ക്കാൻ എങ്ങിനെ പ്രേരണയാവുമെന്നും നിങ്ങളാലോചിച്ചിട്ടില്ല. കമ്പനിത്തൊഴിലാളികൾ പണിമുടക്കിയാൽ പലപ്പോഴും അവർക്കു ശമ്പളവും മററും കൂട്ടിക്കിട്ടാറുണ്ട്; കാരണം, ആ പണിമുടക്കം പ്രത്യക്ഷത്തിൽത്തന്നെ കമ്പനിയുടെ ആദായത്തിന്മേൽ സ്പർശിക്കും. എന്നാൽ, നിങ്ങൾ ഒരു ദിവസമല്ല പത്തു ദിവസം പഠിപ്പു മുടക്കിയാലും, ആ ദിവസത്തെ ഫീസെങ്കിലും ഇളവുചെയ്തു തരുവാൻ ആരും ഉത്തരവാദപ്പെടുന്നില്ല. നിങ്ങൾക്ക് ആ ദിവസവും ആർത്തുകളിച്ചു നടക്കാമെന്നു മാത്രം. ഞാനിത്രയും പറഞ്ഞതു, നിങ്ങൾക്കു താൽപര്യമുള്ളതും ഇല്ലാത്തതുമായ രണ്ടു കാര്യങ്ങളെ തമ്മിൽ കൂട്ടിക്കെട്ടി, രണ്ടിനും കേവലം പററാത്ത ഒരു പ്രക്ഷോഭണപ്രകാരമാണ് നിങ്ങളിക്കാണിച്ചതെന്നു തെളിയിപ്പാനാണ്.

“സൌജന്യവും നിർബ്ബന്ധവുമായ പ്രാഥമികവിദ്യാഭ്യാസം” എന്നു കോൺഗ്രസ്സ് കറാച്ചിപ്രമേയത്തിലും തിരഞ്ഞെടുപ്പു വിജ്ഞാപനത്തിലും വാഗ്ദാനം ചെയ്തിട്ടുള്ളതിനെപ്പിടിച്ചാണ് ഈ പഠിപ്പുമുടക്കമുണ്ടായതെന്നു 'ദേശാഭിമാനി'പത്രം സൂചിപ്പിക്കുന്നു. ഇവിടെ പ്രാഥമികവിദ്യാഭ്യാസത്തേയും ഹൈസ്കൂൾ—കോളേജു വിദ്യാഭ്യാസങ്ങളേ

യും ഒന്നാക്കിയതിലെ ചെപ്പടിവിദ്യപോകട്ടെ; റഷ്യയിൽപ്പോലും ഭരണാധികാരികൾ അവരുടെ നയപരിപാടികളെ അഞ്ചും പത്തും വത്സരങ്ങൾകൊണ്ടാണ് നടപ്പിൽ വരുത്തിയിട്ടുള്ളതെന്നു കേൾക്കുന്നു. കോൺഗ്രസ്സുമാത്രം ഭരണാധികാരം കയ്യിൽ കിട്ടുമ്പോഴെയ്ക്കു് അവരുടെ എല്ലാ നയപരിപാടികളേയും ഉടനടി നടപ്പിൽ വരുത്തിക്കൊള്ളണമെന്നും, അതു ചെയ്യാഞ്ഞാൽ എല്ലാത്തരം പ്രക്ഷോഭണഭീഷണികളും പ്രയോഗിച്ചു, മററവിധത്തിൽത്തന്നെ പിടിപ്പതു വിഷമങ്ങളുള്ള അവരെ കൂടുതൽ വിഷമത്തിലാക്കിവിടും എന്നുള്ള ഈ നില ഏതൊരു രാഷ്ട്രീയബോധത്തിൽനിന്നുളവായതാണ്?

അതേ, നാട്ടിൽ ഭരണം നടത്തുന്ന അധികൃതന്മാരെ സൈ്വരം കെടുത്തുക എന്നൊരു ഫലം മാത്രമേ ഇത്തരം പഠിപ്പുമുടക്കങ്ങൾക്കുള്ളു; നമ്മുടെ മേൽ ഒരു വൈദേശികശക്തി അധികാരം നടത്തിയിരുന്ന കാലത്ത് അതിന്നു പൊറുതികൊടുക്കാതിരിക്കാൻ വേണ്ടിയാണ് നമ്മുടെ നാട്ടിൽ ഈ പഠിപ്പുമുടക്കപ്രസ്ഥാനം തുടങ്ങിയതും. ഇന്ന് ഒരു ദേശീയഗവമ്മേണ്ടുനിലവിലിരിക്കുമ്പോഴും നിങ്ങൾ ആ സൈ്വരംകെടുത്തുന്ന സമ്പ്രദായംതന്നെ തുടരുകയാണെങ്കിൽ, നിങ്ങൾ അതിനെ വെച്ചു പൊറുപ്പിയ്ക്കാൻ ഇഷ്ടപ്പെടുന്നില്ലെന്നാണ് അതിന്നത്ഥം. അതും നിങ്ങൾ തുറന്നു പറയുന്നില്ല, നേരേമറിച്ചു 'നെഹറുഗവമ്മേണ്ടിനെ ബലപ്പെടുത്തുക' എന്നു വിളിച്ചുപറഞ്ഞുകൊണ്ടാണ് നിങ്ങളിതു ചെയ്യുന്നത് എന്നതാണ് ഇതിലെ ഏററവും ചീത്തഭാഗം.

പക്ഷേ, ആരോടാണ് ഞാനിതൊക്കെ പറയുന്നത്; ഇളകുവാൻ വെമ്പിക്കൊണ്ടിരിയ്ക്കുന്ന വിദ്യാത്ഥികളുടെ പ്രസരിപ്പിനെ ഇളക്കിവിടുവാൻ ചില പൊള്ളവാക്കുകൾ മാത്രം മതി; അവരെ അടക്കിയിരുത്തുവാൻ എത്ര യുക്തിയുക്തമായ വാക്കിനും സാധിച്ചില്ലെന്നും വരും. കഴിഞ്ഞ പഠിപ്പുമുടക്കസന്ദർഭത്തിൽ സാമൂതിരി കോളേജിനു മുമ്പിൽവെച്ചു ശ്രീ: കേളപ്പൻ പ്രസംഗിയ്ക്കുവാൻ തുടങ്ങിയപ്പോൾ, "വിദ്യാത്ഥികൾ അരിശംമൂത്ത് അദ്ദേഹത്തെ പ്രസംഗിയ്ക്കാനനുവദിയ്ക്കുയുണ്ടായില്ലെന്നതു വ്യസനകരമായിപ്പോയി" എന്നു, 'മാതൃഭൂമി'യോ 'പൌരശക്തി'യോ അല്ലാ, സാക്ഷാൽ 'ദേശാഭിമാനി'തന്നെ റിപ്പോട്ടുചെയ്തുകണ്ടു. ഒരു സ്വതന്ത്രരാജ്യത്തിലെ പഠിപ്പും പാസ്സുമുള്ള പൌരന്മാരാവാൻ പോകുന്ന നിങ്ങൾ, ഇപ്പോൾ ത്തന്നെ നേതാക്കന്മാരുടെ നേതാക്കന്മാരാകുവാനൊരുങ്ങിയിട്ടുള്ള നിങ്ങൾ, ഒരു മാന്യൻ സംസാരിയ്ക്കുന്നതു കേൾക്കാൻ ക്ഷമയില്ലാതെ, നമ്മുടെ നാട്ടിനുവേണ്ടി കുറെയൊക്കെ പ്രവത്തിച്ചിട്ടുള്ള അദ്ദേഹത്തെ ശുദ്ധപ്പാവങ്ങളായ, അങ്ങാടിപ്പിള്ളരെപ്പോലെ, കൂക്കിവിളിച്ചു വിട്ടു എന്നാണല്ലോ ഇതിന്നത്ഥം. നിങ്ങളെ അത്രമേൽ അരിശം പിടിപ്പിക്കത്തക്കവണ്ണം, ശ്രീ: കേളപ്പൻ അന്ന് എന്തു സാഹസം ചെയ്തു, നിങ്ങളോടു കാര്യത്തിന്റെ ഗുണദോഷം പറയാൻ പുറപ്പെട്ടതൊഴികെ?

പക്ഷേ, 'ദേശാഭിമാനി'യേപ്പോലെ, ഞാനിതിൽ നിങ്ങളെ കുററപ്പെടുത്തുന്നില്ല. 'കൂക്കിവിളിയ്ക്കുവേണ്ടിയുള്ള കൂക്കിവിളി' എന്നതു നിങ്ങളുടെ മനോഹരമായ കൌമാരകൌതുഹലങ്ങളിലൊന്നാണെന്ന് എനിയ്ക്കറിയാം. നിങ്ങളുടെ പഠിപ്പുമുടക്കങ്ങളിൽ, കോളേജ് ഗയിററിന്നകത്തും പുറത്തും ആൽത്തറമേലും മററം അസംഖ്യം കുട്ടികൾ, കാര്യമൊന്നുമറിയാതെ, വെറും ഉത്സവം കാണാനുള്ള ഔത്സുക്യത്തോടേ, ഉററുനോക്കിനില്ക്കുന്നതു ഞാൻ നോക്കിക്കണ്ടിട്ടുണ്ട്. ആ സമയത്ത് അതിലേ ഒരു പൂച്ച കടന്നുപോയാൽമതി എല്ലാവരുംകൂടി ആർത്തുവിളിയ്ക്കാൻ–'കരിംകാലി! കരിംകാലി' എന്ന്. ശ്രീ. അമ്പലക്കാട്ടു കരുണാകരമേനോനോ മററോ ആണ് വന്നതെങ്കിൽ അപ്പോഴും അതേ ആപ്പുവിളി കേൾക്കാം. പൂച്ച വല്ലാതെ അമ്പരന്നു പോകും; ശ്രീ. കരുണാകരമേനോൻ രസിച്ചു ചിരിയ്ക്കും—ഇതേ വ്യത്യാസമുള്ളു.

പക്ഷേ, 'ദേശാഭിമാനി' വാഴ്ത്തുംപോലെ, "സമരത്തിൽ ഊട്ടിയുണ്ടാക്കപ്പെട്ട" നിങ്ങളുടെ ആ ഐക്യത്തെ ഇങ്ങിനെ ഒരു പിള്ളർകളിയാക്കി മാററാമോ എന്നു നിങ്ങൾ, ആപ്പിടാൻതോന്നാത്തസമയത്തെങ്കിലും, ഒന്നാലോചിച്ചു നോക്കുന്നതു നന്ന്. നിങ്ങളുടെ ഈ കൌമാരകൌതുഹലംകൊണ്ടു തൻകാര്യം നേടാൻ തക്കംപാത്തുകൊണ്ടു 'മൻതിരിപ്പന്മാ'രെന്ന പേരിൽ വല്ലവരും നിങ്ങളുടെ പിന്നിൽനിന്നു തിരിയ്ക്കുന്നുണ്ടോ എന്നും ഒഴിവുള്ളപ്പോൾ ഒന്നാലോചിച്ചാൽ നന്ന്. ആലോചിച്ചിട്ട് ഒടുക്കമുണ്ടാകുന്ന നിഗമനം എന്തായാലും കൊള്ളാം. വളരെ വളരെ ഗാഢമായി ആലോചിച്ചതിനു ശേഷം തന്റെ നിത്യവും കാണുന്ന ഒരു കാളയുടെ വട്ടക്കൊമ്പിന്നകത്തു തലകൊണ്ടിടുവാൻ തന്നെ നിശ്ചയിച്ച ഉണ്ണിനമ്പൂതിരിയുടെ രാജ്യമാണിത്. എന്നാലും ആലോചിക്കാതെ ചെയ്തു എന്നു വരരുത്.

# HER "PRACTICAL"

*ARTICLE BY*

**C. KRISHNAN NAMBUDIRI.**

(Senior Intermediate)

[A novel idea charmingly developed—Ed.]

WHENEVER I take up a newspaper, I am reminded of the pathetic situation of the young girl Bharati, in the College of Politics and Science. She is blessed with the noblest of instincts and the most delicate of ideas, but her life has always been so difficult that these have been of little avail to her. At home her life is an incessant squabble, for the place has been for long a veritable caravanserai into which all kinds of people from all parts of the world have drifted in and stayed with or without permission, living queer lives, talking queer languages, and quarrelling all the time about matters mostly trivial. Bharati and her forbears have always been too ready and cordial in hospitality to shut them out when they came or suppress them afterwards. The result is that her daily life is grating and painful at every stage. At school, scheming or negligent masters discouraged and destroyed her native yearnings and tried to instil into her mind their own notions of life and culture.

In time she lost something of her natural self, without entirely assimilating the ways of the stranger. She was compelled to pay a heavy part of her income as remuneration for tuition and guardianship, and often found herself without money for her own needs. Her own will was never gratified in any matter, and she was always spoken of not as a personality herself but as somebody's ward. She had no real freedom.

For long she stood all this patiently, though all the time she was in internal revolt against the conditions of her life. She was helped confidently and confidentially by a number of loyal friends who faced unpopularity, dislike, and even danger by taking sides with her on all occasions.

Now her education is about to end, she is provisionally allowed to take her 'Preliminary Examination', on passing which she will graduate "Swatantra" at the International University. The learning that she has attained from her teachers can hardly suit her for any examination at home or abroad. Her sole hope lies in her adaptability, kindliness, and courage, and the fidelity of her friends.

The subjects for the examination are various, and questions asked are usually twisted and confusing and beyond the scope of her text books.

She has also to solve numerous unusual problems set haphazard from time to time. Science is her hardest test. She is reasonably good in theory, but she has never had any experience of practical work, for in the old laboratories she was never made to do anything beyond writing dictated notes and adding up columns of figures.

In chemistry, she is required to do experiments to separate the components of that obstinate mixture of Faith and Affairs neither of which is soluble nor ever entirely free one from the other in Asiatic varieties. Alternatively, she has to discover a method of fusing the two into a new compound in which neither will be distinguishable or troublesomely persistent. Then she has to find the purity percentage of given samples of foreign salts usually used in state tests and theories, and to calculate how many grammes can really react in practice with a reagent with which one gramme of similar compounds obtained in our own country enters into complete reaction; if this should fail, she has to discover entirely new salts to produce the required results.

When doing the electrolysis of a compound known as Mata in a white solution she found to her surprise that the element HIND was formed at the anode PJN and the element PAK at the Cathode MAJ. When the liquid was poured away the two elements began to react with each other in a violently explosive manner forming a red colour at the surface and liberating poisonous gases which had unsettling effects on the human mind and even produced symptoms of lunacy. She tried the Gandhi solution well known for its mitigating effect and found the reaction became somewhat less violent. She had then to find out a method by which the two harmful elements could again be converted into the original innocuous compound.

At one stage in an experiment to remove impurities like HYDRA, JUNAG etc., in the solid known as IU, she learned in a disconcerting manner the disadvantages of the method of destructive distillation. She is now trying out the analytical reactions of the compound UNO in these difficult phenomena. We cannot say that she has succeeded so far, but she hopes to do so very soon.

In Physics she has had to discover for herself and to prove the laws of Forces and to calculate the equilibrant required in order to keep quiescent particles in equilibrium because they were found to be affected by component forces like AM, RU, BR, and to verify the fact that this equilibrant could be produced by the combined effect of IN, CH, JA, etc , She has to find out a negative catalyst to neutralize the Russian red which threatens to stain every element with which it comes into contact

The other problems which face her are comparatively easy and it may be confidently expected that she will answer them satisfactorily in due time. She will surely pass and then she will be Bharati, Swatantra. Her next attempt will be to help her friends in class and also other candidates at similar examinations. She has chosen her life work already. She is not going to live a life of show, clothes, make-up, gossip, or quarrelsomeness, as other girls usually do; she will not live in selfishness, money-grubbing, or land grabbing, all for herself. She will work instead for the whole world in the offices of Peace and Progress, Unlimited, all her life.

# പടയൊരുക്കം

പറയാൻകവിയ്ക്കുണ്ടു പാരിനോടൊരുനീണ്ട-
പരിപാടിയെക്കുറിച്ചാരാനും ചെവിക്കൊണ്ടാൽ;
ആളിയനിരാശയ്ക്കും മാലിന്നുമിടയ്ക്കൊന്നാ-
പാളലിൽപതുങ്ങാതെ തെല്ലുനീ ശ്രദ്ധിച്ചെങ്കിൽ,
പറയാൻകവിയ്ക്കുണ്ടു പാരിനോടൊരുനീണ്ട-
പരിപാടിയെക്കുറിച്ചു ശ്രദ്ധയായാലോനീ!
അംബരംതുളയ്ക്കുന്ന മേടകൾ കുടിലിൻെറ,
മുമ്പിലൊട്ടിടിയുന്ന മാററത്തിൻ പരിപാടി;
ജീവിതമെന്താണെന്നു പഠിച്ചും പഠിപ്പിച്ചും,
തൂലികനടത്തുന്ന കവിതൻപരിപാടി;
ചൂഷകൻനശിയ്ക്കുന്ന, ചൂഷിതർ ജയിയ്ക്കുന്ന,
ദോഷമററതായ് നവ്യമായൊരു പരിപാടി!
മേവുന്ന വിഹായസ്സു നിശ്ചലം വിജയത്തിൻ-
തൂവെണ്മതൂകുംപുത്തൻ പരിപാടിയെനോക്കി;
കാരിരുമ്പഴികളും കൽത്തുറുങ്കുമാദൈവ-
ജീവികൾപൌരോഹിത്യ വർഗ്ഗവുമെതിർത്തോട്ടെ!
കവിതൻകരത്തിൻെറ കഴിവിൽകരവിട്ടു,
കവിയില്ലവരുടെ രോഷവും വിദ്വേഷവും;
പുളകംപുതപ്പിയ്ക്കും പുത്തനാംയുഗത്തിൻെറ-
മുളകൾസമീക്ഷിപ്പു "നാളെ"യിൽക്കലാകാരൻ;
ആയതുകതിക്കാനാണാഹവം വിശപ്പെന്ന
മായയെ, മാമൂലിനെ മാററുവാനുള്ളായുധം.

രവിവർമ്മ ആററൂർ (സീനിയർ)

# WHO IS A BORE?

K. C. A. RAJAH, (Junior Intermediate)

A bore is usually a man who is so self-centred that he cannot see himself as others see him, or rather thinks that others see him exactly as he sees himself. He is so full of his own interests and convictious and fads that he cannot conceive another as unsympathetic or uncomprehending. Of the many species that exist of the kind, one may say that the common quality is an inability to understand the feelings of others.

Not all of them are bad men. Many are of course irritatingly hypocritical, but there are good well meaning men among them, and these are tragic in proportion to their earnestness. They have usually burning eyes and dry lips. They take life sericusly and mean others to take it equally so. They are of a missionary spirit and their chief joy is the conversion of others to their own particular follies; but so far from doing this, they fail even to win the admiration that they seek for what they consider their own special discoveries about life. The only sensation that they create is one of panic; we see a whole room-full of people emptying and seeking shelter at the sight of one who has established a name as a reputed citizen of the Commonwealth of Bores.

Among these people there is one variety that seems to call for some sort of extenuation, I mean the school-master. For a certain number of hours every day he is expected and obliged to bore batches of young victims. He is paid to do it. That the payment is inadequate does not seem to lessen the obligation. He drones dutifully on about his particular subject, while heads fall forward in somnolence, mouths gape in cavernous yawns, and fingers fidget in non-academic occupations.

That is all very well, and we have no quarrel with the poor man so long as he feels that he is on sufferance. The boy is naturally hostile or uninterested, and seldom feels active enjoyment in the imbibing of knowledge. Also some subjects and some masters are so unattractive that the process of inculcation is definitely painful. But there is a type of man who makes this misery still more acute by the belief that he is divinely endowed and divinely commissioned. He feels that he is on top of an admiring world, and goes brazenly on with loud voice, inappropriate gestures and foolish exposition, explaining things which he does not really understand. He is the limit, the type and epitome of all ennui in this sad life of ours. Sometimes also he is irritating in manners and comical in appearance. Also, perhaps he believes that little children have no right to exist, or that if they do, they should be like old men in appearance and behaviour. He is irritated by smiling or quick activity. He hates boys because they are not old men and because they have not the scholarship and the devotion and the grown-up virtues for which he himself is so remarkable. He is the enemy of youth. He it was that started the term pedagogue and justified it by ignorance and presumption. Let the

man who doubts this watch little boys released from school after the day's work or even between spells of wearisome occupation. How they shout and yell and hop about in sheer joy ! He will never again hug the belief that the school-master is anything but a bore.

There are, however, a great many other types who have not the excuse of compulsion, but are self-made makers of the more tiresome moments in our life. They are usually, though not always, middle-aged men who have discovered various strange fads and beliefs on every conceivable subject and insist on rubbing their theories in the faces of every one they meet. Some have theories on food, others special observances in religion, yet others are earnestly political or reformatory in their views. They never consider the other man's right to be left alone to his own ways. They propound their views with the utmost earnestness, and are never so happy as when they feel that they are converting some poor wretch to their own beliefs.

Among these are persons who can talk of nothing but their own particular work without any thought of whether their interlocutor understands it or is interested in it. The most irritating of the tribe is the young lawyer who is continually talking of cases which he has heard of. Recently a young man had a gruesome experience of this type. He had gone to a barbers shop to have a hair-cut. Now barber's are usually musical people and keep the radio going all the time that they are at their uninspiring work. This particular morning the saloon was echoing to some excellent music from North India. The golden notes of Punkaj Mallick's voice were floating through the room and many a waiting client found the tedium less painful while listening to the song. Suddenly two well-dressed young men entered. They looked round disapprovingly and ordered the proprietor to switch off. The man did so because they were well-known and important people. In the silence that followed, they took their seats and began to talk immediately in a loud voice about certain subtle points in a recent judgment delivered by Mr. Justice Chandra Sekhara Iyer. Now these young men had not appeared on either side in the case. Also the acuteness of the Judge's remarks and the legal humour which some of them brought out were by no means clear to the poor people who were having their hair clipped. But the young men went on talking and laughing incomprehensibly. Most of the men present were resentful at the stopping of the music; so was the proprietor, though he gave a diplomatic smile now and then to the law givers who went on talking at him and all the others present in merciless bursts of learning.

This was of course insufferable behaviour. I am sorry to say that we meet it very often at wedding parties, 'Kathakalis', and other non-legal occasions. The men who inflict this kind of shock talk at inappropriate times are usually either beginners or less than mediocrities in the pursuit of their profession. I have known successful and eminent lawyers who could join any general company and sustain conversation on literature or art or general affairs with ease and brilliance. For them the daily routine ended when they left the court, but these youngsters keep on occupying themselves with professional matters either through a geniune academic interest in the subject or to create an impression on others. The result is generally far from impressive.

It is not only lawyers who are guilty of this weakness. We often hear in general company a Sub Registrar

talking of stamp value or a Deputy Collector or Tahsildar talking of revenue and office procedure. Most other professions have also criminals of this kind. Sometimes it happens that at a garden party or other public occasion these men drift towards each other in asort of instinctive way, and we find the legal people gathered at one end, government officers in another group, school masters in another, and so on. When they do happen to get mixed together without the choice of grouping themselves, there is either complete silence, or each man follows his own line of talk without particularly listening to the other, and the general effect is in either case pitiable. The majority of us are really unclubbable.

There is also the kind of man who can say nothing at all about anything, and yet another kind to whom life is all card play. On the whole these silent people are more bearable than the assertive type of self-centred talkers.

We have all at one time or another met these terrible people, the health fiend, the religious fiend, the politics fiend, and the morality fiend. Once at a wedding I remember a newcomer was introduced to the bridegroom. Instantly he began to talk of the impending visit of an Honourable Minister and how he himself had been requested to meet him at Palghat the next day. This was followed by a detailed tour programme with an account of expected meetings, interviews, and other matters of a political kind. The poor bridegroom was himself full of happier thoughts, and found it very difficult to show a polite interest in the itinerary, and I found myself obliged to relieve him from the embarrassment by taking the politician away to another corner. Here I found an old man who was holding forth on the virtues of gruel as night food and the general devastation caused in India by the tea habit. A number of miserable looking youngmen were listening in a kind of hypnotised agony because any attempt at escape from the old man or the pandal would have been absolute impoliteness. I too pretended to be a gruel fiend and so won the old gentleman over. A little later, I introduced the politician to the fcod faddist and left the two talking each of his own subject in perfect happiness. In another corner was a fat, bald-headed, middle-aged man talking to a group of women and girls. His subject was yoga and the benefits of sanyasi life. He was telling them that he had mastered the practices and could stand upon his head with no other support and float about in water or in the air for an indefinite time, and that God came to him very often in the night and talked to him familiarly about daily affairs. I myself felt that he was anything but the hermit he pretended to be, and that his Kavi dress was merely a cover for worldliness and envy and many other unsaintly ways. I knew that he was a troublesome neighbour and a pitiless landlord, and that he had added fourteen to the population of India, and that his poor wife, whom I met inside, was visibly incubating a fifteenth. Yet the women were listening to him mouths agape and eyes round as saucers in wonder. Surely the feminine element is the most direct encouragement to bores all the world over.

How many such unsocial creatures exist in the world! Each of them thinks that he is the fount of wisdom and that the rest of the world has been created merely to listen and learn. I suppose each man has the right to be happy in his own way and to nurse his particular creeds and fads to his heart's content, but he should not have the right to make others miserable There should be a law which would condemn such transmitters of unhappiness to soli-

tary confinement for a number of years. Should they after return be again guilty of the offence, they should be punished with transportation for life to some uninhabited place. Should they in addition be also morally wicked or even hypocritical or insincere, they should be hung till they are properly dead in the very first instance.

I wonder how many men there are in this world who can honestly claim at the end of a reasonably long life that they have never made another yawn or not produced that hunted look which greets the bore five minutes after he has begun.

---

THE CHURCH



Sketch :—V. T. Govindankutty Menon, (S. I,)

# ഗുരുദക്ഷിണ.

(ടി. വി. രയരപ്പകുറുപ്പ്, ബി. എ., എൽ. ടി)

> "പ്രകൃതിയിലേക്കു മടങ്ങുവിൻ", "ആരോഗ്യചന്ദ്രോദയം" 'ഗദ്യലതിക' തുടങ്ങി ഒട്ടനവധി ഗ്രന്ഥങ്ങളുടെ കർത്താവായ ലേഖകൻ ആർക്കും അപരിചിതനല്ല. വിദ്യാർത്ഥികളുടെ പ്രാചീനവും നവീനവുമായ രീതികളിലേക്കുള്ള ലേഖകന്റെ ഈ എത്തിനോട്ടം, വിദ്യാർത്ഥികളുടെ സത്വരശ്രദ്ധയെ ആകർഷിക്കുന്നു—പത്രാധിപർ.

"നഗുരോരധികം തത്വം
നഗുരോരധികം തപഃ
തത്വജ്ഞാനാൽ പരം നാസ്തി
തസ്മൈ ശ്രീഗുരവേനമഃ."

"മാതൃദേവോഭവ, പിതൃദേവോഭവ, ആചാര്യദേവോ ഭവ"——

ആരേയും കോൾമയിർക്കൊള്ളിക്കുന്ന മഹനീയാദർശങ്ങളടങ്ങിയ ഇത്തരം ആപ്തവചനങ്ങളുടെ കാഹളധ്വനി ഭാരതവർഷത്തിലെങ്ങുംമുഴങ്ങിക്കൊണ്ടിരുന്ന് ഭാസുരകാലം എന്നെന്നേക്കുമായി വിനിഷ്ടമായിപ്പോയോ? അഥവാ കാലചക്രഭ്രമണത്തിൽ ഇങ്ങിനെയുള്ള ഒരു സുവർണ്ണകാലം ഇനി എപ്പോഴെങ്കിലും തിരിച്ചുവരുമോ? ആവോ, കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു.

പ്രാചീനകാലങ്ങളിൽ, അല്ല, അതിവിദൂരമല്ലാത്ത ഭൂതകാലങ്ങളിൽക്കൂടി, ഭാരതീയർ ഗുരുദക്ഷിണയുടെ കാര്യത്തിൽ അനന്യസാധാരണമായ നിഷ്ഠയോടുകൂടിയവരായിരുന്നു എന്നു പലപല ചരിത്രങ്ങളും ഉൽഘോഷിക്കുന്നുണ്ട്. കേരളീയരും ഇക്കാര്യത്തിൽ ഒട്ടുംതന്നെ പിന്നോക്കമായിരുന്നില്ല എന്നു നമുക്കു അഭിമാനപുരസ്സരം പറയാവുന്നതാണ്. ഗുരുദക്ഷിണ കഴിക്കാത്ത വിദ്യാഭ്യാസത്തിനു പരിപൂർണ്ണത സിദ്ധിച്ചിട്ടില്ലെന്നായിരുന്നു നമ്മുടെ പൂർവ്വന്മാരുടെ വിശ്വാസം. കേരളീയർക്കു ഇതിലുണ്ടായിരുന്ന പ്രതിപത്തിയെ പ്രകാശിപ്പിക്കുന്ന ചില സംഭവങ്ങളെ ഇവിടെ പ്രസ്താവിക്കാം.

കേരളീയർ ആകമാനം പ്രതിദിവസം പ്രഭാതസമയത്തിൽ പ്രണമിച്ചാരാധിക്കേണ്ടുന്ന പുണ്യശ്ലോകന്മാരിൽ ഒരുപ്രകാരത്തിലും അദ്വിതീയനല്ലാത്ത ഒരു മഹാനുഭാവനാണ് വിദ്വാൻ കൈക്കുളങ്ങര രാമവാര്യർ. ഇദ്ദേഹം ചരമഗതിപ്രാപിച്ചിട്ടു അധികം കാലമായിട്ടില്ല. ദേഹവിലയം വന്നതു 1072 കന്നിമാസം 20 ാംനു-യായിരുന്നു — അതായതു്, ഇപ്പോഴേയ്ക്കു അർദ്ധശതാബ്ദത്തിലധികമായിട്ടില്ല "ലോകപ്രസിദ്ധനും അനേകശാസ്ത്രങ്ങളിൽ നിപുണനുമായ പാലപ്പുറത്തു പുതിയേടത്തു ഗോവിന്ദൻ നമ്പ്യാരവർകളാ"യിരുന്നു ഇദ്ദേഹത്തെ ഏകദേശം പന്ത്രണ്ടു വയസ്സുമുതൽ മൂന്നുകൊല്ലത്തോളം വ്യാകരണം, തർക്കം, അലങ്കാരം എന്നിവ അഭ്യസിപ്പിച്ചിരുന്നതു്. മൂന്നുകൊല്ലംകൊണ്ടു അനിതരസാദ്ധ്യമായ പാണ്ഡിത്യം സമ്പാദിച്ച വാര്യർ, ഗുരുദക്ഷിണ ചെയ്തു പോകുവാൻ വിചാരിക്കുന്ന വിവരം നമ്പ്യാരെ ധരിപ്പിച്ചപ്പോൾ, പ്രിയ ശിഷ്യവിരഹത്തെ ഓർത്തു വ്യസനിച്ചു നെടുവീർപ്പിട്ടു ഗൽഗദാക്ഷരത്തിൽ "രാമനെവിടെപോയാലും നന്നായിവരും" എന്നനുഗ്രഹിക്കുകയും ഗുരുദക്ഷിണ ഒന്നും ആവശ്യമില്ലെന്നു പറയുകയുംചെയ്തു. "എങ്കിലും എന്തെങ്കിലും എന്നാൽ കഴിയുന്നതു ചെയ്താൽ കൊള്ളാമെന്നുണ്ടെന്നു വാരിയർ വീണ്ടും വീണ്ടും നിർബ്ബന്ധിച്ചപേക്ഷിക്കുകയാൽ, വൃദ്ധയായ തന്റെ മാതാവിനെ മഹാഭാരതംമൂലം മുഴുവനും വായിച്ചു കേൾപ്പിക്കു എന്നു കല്പിച്ചു" കിളിക്കുറിശ്ശിമംഗലത്തുള്ള സ്വഗൃഹത്തിൽ മാതൃസന്നിധിയിൽ വാരിയരെ താമസിപ്പിച്ചു. പുരാണപാരായണത്തിനു വാര്യർക്കധികാരമുണ്ടോ എന്നു ആദ്യം നമ്പ്യാരുടെ മാതാവായ വൃദ്ധസ്ത്രീ ശങ്കിച്ചിരുന്നുവെങ്കിലും ഒരു കൊല്ലം കഴിഞ്ഞപ്പോൾ, യാതൊരാൾക്കും, "കാച്ചു കണ്ടതായി അറിവില്ലാത്തതും പാലപ്പുറത്തു വടക്കെ മിററത്തു നിന്നിരുന്നതുമായ ഒരു മുതുപിലാവു എത്രയോ ഫലപുഷ്ടിയുള്ളതായിത്തീർന്നതുകണ്ടു സന്തോഷിക്കുകയും ഇതു പുരാണശ്രവണ സുകൃതംകൊണ്ടു സംഭവിച്ചതാണെന്നു പൂർണ്ണമായി വിശ്വസിക്കുകയും തനിക്കാദ്യത്തിലുണ്ടായിരുന്ന ശങ്കയോർത്തു പശ്ചാത്തപിക്കുകയുംചെയ്തു"വത്രേ. "മൂന്നുകൊല്ലത്തോളം ഗുരുകുലത്തിൽ താമസിച്ചു ഗുരുകല്പനയെ യഥാവിധി നിറവേററിയതിനു ശേഷ"മാണത്രെ വാര്യരവർകൾ സ്വഗൃഹത്തിലേക്കു് കൃതകൃത്യനായിമടങ്ങിപ്പോയതു്! നോക്കുക, ഗുരുദക്ഷിണയിലുള്ള ശുഷ്ക്കാന്തിയും നിഷ്ഠയും!! ഗുരുദക്ഷിണചെയ്തു മനഃസംതൃപ്തി നേടുവാൻ മൂന്നുകൊല്ലക്കാലം ഗു

രുഗൃഹത്തിൽ താമസിച്ചുവത്രെ! ഇന്നുള്ളവൎക്കു ഇതു വിശ്വാസയോഗ്യമായിത്തോന്നുമോ?

കുമ്പഴ, മായിപ്പാടികോവിലകത്തു താമസിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ, വരദരാജയോഗീശ്വരനാൽ ഭൂപ്രദക്ഷിണംചെയ്വാൻ നിയുക്തനായ യോഗാനന്ദസ്വാമികളെ കാണ്മാൻ വാര്യരവർകൾക്കു സംഗതിവന്നു. അദ്ദേഹത്തിന്റെ അടുത്തുനിന്നു, "മൂന്നുമാസംകൊണ്ടു വാരിയർ ശാരീരകഭാഷ്യം മുഴുവനും അൎത്ഥാവബോധസഹിതം ഹൃദിസ്ഥവും മുഖസ്ഥവുമാക്കിത്തീൎത്ത അമാനുഷികപ്രവൃത്തിയെകണ്ടു സ്വാമിയാർ അത്യന്തം വിസ്മയിച്ചുപോയി." യോഗാനുഷ്ഠാനങ്ങളും വാരിയർ ഇദ്ദേഹത്തിൽനിന്നു ഗ്രഹിച്ചു. "അമാനുഷമായ ബുദ്ധിവൈദഗ്ദ്ധ്യത്തെയും ഗ്രഹണസാമൎത്ഥ്യത്തെയും കണ്ടു സ്വാമിയാർ 'വാഗ്ദാസൻ, രാമാനന്ദനാഥൻ, പണ്ഡിതപാരശവേന്ദ്രൻ' എന്നിങ്ങിനെ മൂന്നു നാമധേയം രാമാവരിയവർകൾക്കു കൊടുത്തിട്ടുള്ളതു" അദ്ദേഹത്തിന്റെ ഏതു പുസ്തകം നോക്കിയാലും കാണാവുന്നതാണ്. എന്തിനധികം പറയുന്നു, രണ്ടുപേരുംകൂടി മൂകാംബിയിൽ പോയി മൂന്നുമാസം അവിടെ താമസിച്ചു, "ശിഷ്യനു വേണ്ടത്തക്ക സകല ഉപദേശങ്ങളും കൊടുത്തു. യമനിയമാദികളായ അഷ്ടാംഗയോഗസിദ്ധികളിൽ തന്റെ ശിഷ്യനെ അദ്വിതീയനാക്കിത്തീൎത്തു.". ഒടുവിൽ ഗുരുദക്ഷിണയെപ്പററി ചോദിച്ചപ്പോൾ സ്വാമിയാർ പറഞ്ഞ മറുപടി:— "പണം തരുവാൻ നീ ശക്തനല്ല; പണം എനിക്കാവശ്യവുമില്ല. ഭഗവൽഗീതക്കു പുതുതായി ഒരു ഭാഷ്യം എഴുതണം. അതു നിന്നാലേ സാദ്ധ്യമാകയുള്ളൂ............അതു നീ നിൎവ്വഹിക്കണം. അതുതന്നെ ഗുരുദക്ഷിണ" എന്നിപ്രകാരമായിരുന്നു. "രാമവാര്യരവർകൾ കുന്നംകുളങ്ങരെ താമസിക്കുന്ന കാലത്തു ഗീതയുടെ ഭാഷ്യം" എഴുതിയിരുന്നതിന്നു ധാരാളം തെളിവുകളുണ്ട്. പക്ഷേ ആ അമൂല്യഗ്രന്ഥം മുദ്രണം ചെയ്വാനിടവരാതെ, "രാമഭാഷ്യം എഴുതിത്തീൎന്നഉടനെ ഹിമാലയത്തിലുള്ള സിദ്ധന്മാർ അതിനെ കൈവശപ്പെടുത്തി" വായിച്ചു രസിച്ചുകൊണ്ടിരിക്കുകയാണെന്നു വാരിയരവർകളുടെ നിൎയ്യാണത്തിനുശേഷം അറിവാനിടയായിട്ടുണ്ടെന്നുമാത്രം ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. അടുത്തു കഴിഞ്ഞ കാലത്തുകൂടി ഗുരുദക്ഷിണാവിഷയത്തിൽ നമ്മുടെ പൂൎവ്വന്മാൎക്കുണ്ടായിരുന്ന അപ്രതിഹതമായ ദൃഢമൂലമായ നിഷ്കൎഷത്തെ പ്രദൎശിപ്പിക്കുക മാത്രമാണ് എന്റെ ഉദ്ദേശ്യം.

ഏകദേശം അമ്പതുകൊല്ലത്തിന്നിപ്പുറമായി കാലധൎമ്മം പ്രാപിച്ചിട്ടുള്ള തിരുവങ്ങാട്ടുകാരനായ മാടാവിൽ നമ്പിവൈദ്യരവർകളെപ്പററി കേട്ടിട്ടുള്ള ഒരു ചെറുകഥകൂടി ഇവിടെ ഉദ്ധരിക്കാം. ഇദ്ദേഹം ചെറുപ്പത്തിൽത്തന്നെ നാടുവിട്ട് ഓടിപ്പോയി കാശിയിലുള്ള വിദ്യാനിധിയായ ഒരു ബ്രാഹ്മണശ്രേഷ്ഠന്റെ അടുത്തു താമസമാക്കിയത്രെ. അവിടെ തനിക്കു കിട്ടിയ ജോലി ഗോശുശ്രൂഷയായിരുന്നു. ബ്രാഹ്മണവൈദ്യന്റെ അടുത്തുവന്നു പലരും പല വിഷയങ്ങളും പഠിക്കുന്നതുകണ്ട് നമ്മുടെ കഥാനായകനായ നമ്പിവൈദ്യരും തനിക്കും വല്ലതും പഠിച്ചാൽ കൊള്ളാമെന്നുള്ള മോഹം അദ്ദേഹത്തെ ധരിപ്പിച്ചു. പശുക്കളെ നോക്കുമ്പോൾ നിത്യം ഒന്നോ രണ്ടോ വൈദ്യവിഷയകമായ ശ്ലോകങ്ങൾ എഴുതി വാങ്ങിക്കൊണ്ടുപോവുക പതിവായിത്തീൎന്നു. അല്പകാലംകൊണ്ടു ഇദ്ദേഹം വൈദ്യവിചക്ഷണനായിത്തീരുകയും ചെയ്തു. ഒരുദിവസം തനിക്കു നാട്ടിലൊന്നു പോയാൽക്കൊള്ളാമെന്നുണ്ടെന്ന് നമ്പിവൈദ്യൻ—വൈദ്യസ്ഥാനം മാടാവിൽക്കാൎക്കു പാരമ്പൎയ്യമായിട്ടുള്ളതുമാണ്—യജമാനനെ അറിയിച്ചു. പശുക്കളെ നോക്കാൻ ആളാരുമില്ലെന്നും വേഗത്തിൽ മടങ്ങിവരേണമെന്നും പറഞ്ഞു 'മനമില്ലാ മനസ്സോടെ' സമ്മതം നൽകി.

നമ്പിവൈദ്യർ യാത്രപുറപ്പെട്ടു രണ്ടാഴ്ചക്കാലം നടന്നശേഷം ദാഹശമനത്തിന്നു വല്ലതുംകിട്ടുമോ എന്നറിവാൻവേണ്ടി ഒരു ബ്രാഹ്മണഗൃഹത്തിൽ ചെന്നുകയറി. അപ്പോൾ അവിടെ അനവധി ആളുകൾ സംഭ്രാന്തചിത്തരായി കൂടിയതു അദ്ദേഹം കണ്ടു. അന്വേഷിച്ചുനോക്കിയപ്പോൾ അവിടുത്തെ ഏക സന്താനമായ ഒരു ബാലിക, പാമ്പുകടിച്ചു വിഷബാധിതയായി ബോധഹീനയായി കിടക്കുന്നതാണ് ഇതിന്റെ കാരണം എന്നു മനസ്സിലായി. ഇതികൎത്തവ്യതാമൂഢരായി നില്ക്കുന്ന ഗൃഹസ്ഥന്മാരുടെ അനുവാദത്തോടുകൂടി അകത്തു പ്രവേശിച്ചു, കുട്ടിയേ പരിശോധിച്ചു ഉടനടി പുറത്തുവന്നു തോട്ടത്തിൽപോയി ചില പച്ചമരുന്നുകൾ കൊണ്ടുവന്നു നസ്യം ചെയ്യുകയും മററും ചെയ്തു. ദിവ്യമൂലികകളുടെ പ്രയോഗം ഹേതുവായി കുട്ടി രക്ഷപ്പെടുകയും മാതാപിതാക്കന്മാർ സന്തോഷഭരിതരാവുകയും ചെയ്തുവെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. അവർ നമ്പിവൈദ്യരെ ധാരാളം സ്വൎണ്ണംകൊടുത്തു സന്തോഷിപ്പിക്കുകയും ചെയ്തു.

നമ്പിവൈദ്യരാകട്ടെ, നാട്ടിലേക്കു പോകുന്നതിനുപകരം കാശിയിലേക്കുതന്നെ തിരിച്ചു. ഒരു മാസംകൊണ്ടു തിരിച്ചുവന്നതു കണ്ടപ്പോൾ ആശ്ചൎയ്യഭരിതനായ ബ്രാഹ്മണൻ, "നമ്പീ! ഒരു മാസംകൊണ്ടു നാട്ടിൽപോയി മടങ്ങിഎത്തിയോ"

എന്നു ചോദിച്ചു. അപ്പോഴുണ്ടായ സംഭവങ്ങളെല്ലാം നമ്പിവൈദ്യർ ഗുരുനാഥനെ ധരിപ്പിക്കുകയും ഒന്നാമതായി ചികിത്സകൾ കിട്ടിയ പ്രതിഫലം ഗുരുദക്ഷിണചെയ്യാൻവേണ്ടി മടങ്ങിവന്നതാണെന്നു പറയുകയുംചെയ്തു. ഹർഷാശ്രുതൂകിക്കൊണ്ടു ആ ഗുരുവര്യൻ, തന്റെ പ്രിയ ശിഷ്യനെ ആലിംഗനംചെയ്തരികത്തിരുത്തി അദ്ദേഹത്തിന്റെ വലത്തെകയ്യിൽ ധന്വന്തരി മന്ത്രം ജപിച്ച് ആയിരത്തൊന്നുപ്രാവശ്യം ഊതുകയും ഇനി നമ്പി എന്തൌഷധംകൊടുത്താലും ഗുണപ്രാപ്തിയുണ്ടാകുമെന്നു അനുഗ്രഹിക്കുകയുംചെയ്തു. ഗുരുനാഥന്റെ ആശീർവ്വാദം സഫലീഭവിച്ചതിനെ തെളിയിക്കുന്ന അനവധി കഥകൾ ഉണ്ട്. ലേഖനദൈർഘ്യത്തെ ഭയന്നു അതുകളെ ഇപ്പോൾ വിവരിക്കുന്നില്ല.

ഇനി ഇന്നത്തെ വിദ്യാർത്ഥികളുടെ സ്ഥിതിയെക്കുറിച്ചു അല്പമൊന്നു പര്യാലോചിക്കാം. ഇന്നത്തെ വിദ്യാർത്ഥിലോകം ദയനീയമായവിധത്തിൽ അധഃപതിച്ചുപോയിട്ടുണ്ടെന്നുള്ള സംഗതി സർവ്വവിദിതമാണല്ലോ. ഈ മലീമസമായ അധഃപതനം എങ്ങിനെ വന്നുചേർന്നു? ആരാണിതിന്നു ഹേതുഭൂതന്മാർ? ഈ ദുരവസ്ഥയിൽനിന്നുള്ള വിമോചനത്തിന്നു മാർഗ്ഗമെന്താണ്? ഈവക പ്രശ്നങ്ങൾ ഏതൊരു രാജ്യസ്നേഹിയുടെയും ഗാഢമായ ആലോചനയ്ക്കു വിഷയീഭവിക്കേണ്ടുന്ന കാലം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു.

വിദ്യാർത്ഥികളുടെ ദുഷിച്ച മനോഭാവത്തിന്റെ സംസൃഷ്ടിക്കും അതിന്റെ അനാശാസ്യമായ വളർച്ചക്കും അവരെ ആക്ഷേപിച്ചിട്ടോ അധിക്ഷേപിച്ചിട്ടോ കാര്യമില്ല. അവരെ ഇതിൽ അത്യധികം പഴിക്കേണ്ടതായിട്ടുണ്ടെന്നും തോന്നുന്നില്ല. “തള്ളിത്തിങ്ങി”ക്കൊണ്ടുവരുന്ന ഉജ്ജ്വലപ്രവാഹത്തിന്റെ അപ്രതിഭടമായ പ്രഹാരത്തിലും വശംവദന്മാരാകാതെ, ‘പരപ്രത്യയനേയബുദ്ധി” കളാകാതെ, സ്വയം നിർണ്ണയത്തോടുകൂടി കുറെ വിദ്യാർത്ഥികളെങ്കിലും തങ്ങളുടെ കർത്തവ്യകർമ്മങ്ങളിൽ നിന്നു വ്യതിചലിക്കാതെ, ദൃഢമനസ്സോടുകൂടി പ്രവർത്തിക്കുകയും വർത്തിക്കുകയും ചെയ്യുന്നുണ്ടെന്നുള്ളത് വിസ്മരണീയമല്ല; അതു പ്രത്യേകം പ്രാസ്താവ്യവും ചാരിതാർത്ഥ്യജനകവും ആണ്.

ഒരു ചിന്തകൻ പറഞ്ഞതുപോലെ, “രാഷ്ട്രീയചതുരംഗത്തിൽ വിദ്യാർത്ഥികളെ എന്നുമുതൽ കരുക്കളായി ഉപയോഗിപ്പാൻ തുടങ്ങിയോ, അന്നുമുതൽ അവരുടെ അധഃപതനം ആരംഭിച്ചു എന്നു വിചാരിക്കാം.” ഈ അഭിപ്രായം കേവലം അടിസ്ഥാനരഹിതമാണെന്നു വിചാരിച്ചുകൂട. ഇതിൽ ഒട്ടധികം വാസ്തവമുണ്ടുതാനും. അച്ചടക്കത്തിന്നു ഹാനിവരുത്തുന്ന യാതൊരേർപ്പാടും ശുഭപര്യവസായിയായിത്തീരുന്നില്ല. അച്ചടക്കമില്ലാത്ത യാതൊരു സമുദായവും രാഷ്ട്രവും ഒരു വിധത്തിലും പുരോഗതിയെ പ്രാപിക്കുന്നില്ല. ലോകചരിത്രം ഈ മൌലികതത്വങ്ങളെ ഉച്ചൈസ്തരം ഉൽഘോഷിക്കുന്നു. അതുകളെ അവഗണിച്ചു അദ്ധ്യാപകന്മാരോ രക്ഷിതാക്കന്മാരോ വല്ല കക്ഷികളോ കക്ഷിനേതാക്കന്മാരോ പ്രവർത്തിക്കുന്നുണ്ടെങ്കിൽ, അവരെല്ലാം ഇന്നത്തെ കുഴപ്പത്തിന്റെ കാരണഭൂതന്മാരും ഭാവിഭാരതഭാവുകത്തെ ബലികഴിക്കുന്നവരും ആകുന്നു. അദ്ധ്യാപകന്മാരുടേയും മാതാപിതാക്കന്മാരുടേയും നേരെയുള്ള അവഹേളനം, ആരുടെ പ്രേരണകൊണ്ടായാലും വേണ്ടതില്ല, തങ്ങളുടെ ഉന്നമനത്തിന്നു ഉപയുക്തമല്ലെന്നു വിദ്യാർത്ഥികളും ധരിച്ചിരിക്കേണ്ടതാണ്. അതുകൊണ്ടു ബാദ്ധ്യസ്ഥന്മാർ എല്ലാവരും ഒത്തുചേർന്നു ഈ ദുസ്ഥിതി അവസാനിപ്പിച്ചു, ഒരു ഭാസുരമായ ഭാവിയെ അചിരേണ ആവിഷ്കരണം ചെയ്യേണ്ടതാകുന്നു.



Boat-man.

O. Achuthan.

# PROPHETICS.

By T. R. L. NARASIMHAN.

The coming of the New Year is an irresistible provocation for an article on prophecies. Perforce some delicious subjects have to be left out, like 'tapioca dosais' and digestive troubles, suicide problems, seedy swindlers, metaphysical monotony, student strikes (a touch-me-not subject). I have also to omit Calicut's most crashing and deadly bore. This windbag's latest swaggerings in the club last evening were (1) opened swell bank account in fourteen banks in South India (names not disclosed for security reasons). (2) ordered silk suits worth five hundred Rupees to let citizens of Calicut know that summer is on (a voice was heard from behind: 'have you released the wrist watch you pawned for your hair cut' ?)

One of the major amusements of life is to look back upon the prolific prophecies showered on us by astrologers—that colourful peripatetic fraternity consisting of crystal gazers, palmists, dabblers in shells, and the twentieth century sibyls and augurs, amiable eccentrics who pretend to see your destiny lurking in your signature, the lines in your hands, and various peculiarities of your anatomy. The fun of life is lost if on remembering them one assumes the look of the school boy who has swallowed a lump of assafoetida mistaking it for a ഹലോ. Prophecies are not meant to be taken seriously. The professional prophet is a very clever and shrewd guy who lives behind cloudy answers which keep him perpetually in the right, veritable rocks of Gibraltar which nothing can assail. They know the kinds of consultant's questions to which they have to furnish beautifully vague answers. And their language is the mystic jargon very different from the one we use for talking about chairs and tables.

The man with the beaming "I—sold For-Cash" look, supremely satisfied with the ways of the world is, never a patron of the prophet. It is that band of people with a look of permanent harrassment—the indigent Taluk office clerk, the much—daughtered School master, the hen-pecked husband who has married an old actress whose voice seems to come through a bewildering number of tubes, the Karnam's son who has fallen down and out in love with the girl at the village well, and the fugitive from justice, and such others who patronise the sibyls to hear something pleasant at least now and then. They surrender themselves and their purse with the same abandon as rustics surrender their heads to the village barber. The prophecies are strictly personal and invariably foretell good things, and the possible interpretations are as elastic as India rubber. Astrologers do not commit the blunder of mentioning early or fixed dates. "Success in litigation is certain," says the palmist with oracular fervour. But to whom ? He is discreetly silent.

Here is a leaf from my own life, Years ago I was chaperoning a blue-eyed blonde, a correspondent of an English journal in India Desiring to show her a bit of roadside astrology, I once led her to a man in a dress of the colour of thunder and lightning. For a copper he let out one of a few birds from a cage in which it was singing dolefully. It picked out in its

beak a palm leaf from a sheaf held out to it. It read: ബഹുരത്നവർഷിണി. Words or babies?

My expectant Prince of Wales, by your side is a fiend in human shape whose delectable pastimes and your unspeakable agonies are setting the shirt-studs rolling down the cupboard at just about a quarter to ten and shrieking with joy as they whisk down to the distant rat-hole true to the perversity of their kind. He also embellishes the brows of Ingrid Bergman, Bette Davis and Venus with a സിന്ദൂരപൊട്ട് and lands cricket balls on the head of your aged and peevish aunt sunning herself on the terrace. As for his sister (I shiver to think of her) she has a flair for smuggling under your very nose your razor—creased gaberdine pants and giving them a nice dip in the kitchen sink, or emptying a bottle of liver pills in the cup of tea meant for a rare and distiguished guest of your family, and so monkeying with the veena as to produce the throaty tromolo of an owl. Yes, the disparity between prophecies and real happenings is a veritable scandal of our world.

The next time an astrologer says that you are blessed with 'Sukra Dasa,' my words of worldly wisdom to you are :—

Indigent clerk! get into the kitchen and wash dishes for your ailing wife, and save yourself from getting into the grip of the Pathan money-lender for footing the doctors bills.

Horse-race maniac! remember how many times your favourites ran like dhobi's asses, swallowing up your wife's fortune.

Henpecked husband! my sympathies to you, but do not give yourself up to the vision of getting rid of your shrewish-mate. Go to the office before she wakes up and return home after she is asleep.

**My dyspeptic friend! do not dream of a day when you will have appetite enough to swallow a rhino.**

---

DAWN.



K. K. Vijayaraghavan, (J. I.)

---

An acquaintance of mine, a high ranking officer, was an incurable late-nighter who thought out a ruse to escape the barrage of abusive words with which his wife used to greet him when returning at sinful hours. He noted down all the muhurthams in the month from an astrologer-cum-almanac-maker and used to bring home cocoanuts, garlands, and pan as if he was just returning from a wedding. One day he made a mistake in 'nakshathram' and he was caught. "You worm!" says the woman. "You want me to believe that any human being will marry today when even Beelzebub would hesitate?" My friend ran for life like a cockroach when the kitchen light is switched on.

Facetiousness apart, astrologers are able to coax a smile on to the faces of the dullest and the most unresponsive

types. They bring a fabled joy of riches and domestic happiness to innumerable drab featureless lives crawling on the verge of lonelines and hunger. They fill sad existences with a dreamlike idealistic beauty and folk-tale loveliness. The cleaner in a hotel looks for the day when his son may become the proprietor fingering wads of notes. It is quite a different matter of course if the boy turns out to be a mere server yelling all day long, രണ്ടാം ഒമ്പതണ, ഒരാം ഒന്നു പതിമൂന്നു, ആറ്, giving embarrassing publicity to the customers concerned.

Suicide is a good escape from the fever and fret of life. But unfortunately hanging goes by destiny and shooting by the black market. There are no fair-price depots selling halters or cartridges or poisons. And drowning goes by density: the waters of തളി and കണ്ടങ്കുളം tanks will refuse to sink even the most corpulent being. As for cutting the throat, the new razors have become too Safety and the old type has quite disappeared; so astrology is the only hope of a temporary escape.

No corns are meant to be trodden upon. If in inadvertence we have done it, here are our apologies!

THE SEER

K. P. Ramakrishnan, (S.I.)



# കുമ്പയോട്:

[റിയലിസത്തെ നോക്കിച്ചിരിച്ചുകൊണ്ട് വാക്പ്പെട്ടൊരു മിസ്റ്റിക് കൃതി.]

Begging for disciples.



Sketch:—Harisanker Rao (J. I.)

കാലത്തിൻകോലത്തിൻ മേലൊത്തുനർത്തനം,
കാലത്തുലകത്തു മത്താടുമ്പോഴും;
ചപ്പിലും ചിപ്പിലും ബാലാർക്കരശ്മികൾ-
തപ്പിയോരോന്നു തിരഞ്ഞിടുമ്പോഴും;
വാഴച്ചുവട്ടിൽക്കിണററിന്റെ വക്കത്തു
നാഴികക്കല്ലുപോൽ പെണ്ണിരുന്നു;
മോറുകയാണാക്കലച്ചട്ടി തൊട്ടു,ടീ-
സ്പൂണുവരേയുള്ള പാത്രമെല്ലാം.
പട്ടേരിപ്പാടുണ്ടു വാലാട്ടിമൈററിക്കൊ-
ണ്ടൊട്ടു ദൂരത്തായി നിന്നിടുന്നു.
... ... ... ... ...

കൊച്ചുമടിയിലൊതുങ്ങിയിരിക്കാത്തൊ-
രച്ചാരു 'പുള്ളേപ്പാക്കുട'ത്തിനോടായ്
പൊട്ടി,യിരമ്പി,പ്പിറുപിറുത്തീടുന്ന-
കുട്ടിഗ്ഗണപതിക്കുമ്പയോടായ്
കൌതുഹലം പൂണ്ടു ബാലന്മാർ ലീലയാ-
ലൂതിവീർപ്പിച്ച ബലൂണിനോടായ്
വെട്ടത്തടുക്കളപ്പാത്രങ്ങൾ മോറുന്ന-
കുട്ടിമാൻകണ്ണിയാളോതിവിട്ടു:—

എൻപൊന്നുകുമ്പേ നീയെന്തിനായ് കേഴുന്നി-
തൻപാർന്നരച്ചായ തന്നില്ലേ ഞാൻ?
വഡ്ഡീ പടുവിഡ്ഡി കൊച്ചമ്മശേഷിച്ചൊ-
രിഡ്ഡളിപ്പൊട്ടും ഞാൻ തന്നതില്ലേ?
കണ്ട്റാച്ചിയെന്നിട്ടും മൂളുന്നോ,കേടോളം-
കണ്ട്റോളം റേഷനുമോർത്തിടാതെ.

ഉച്ചയ്ക്കൊരുപിടിച്ചോറുകിട്ടീടുവാൻ-
മൊച്ചയേക്കാളേറെക്കഷ്ടമായി.
ചാടണമങ്ങാടിക്കോടണം, രാപ്പകൽ-
പാടുപെട്ടെല്ലുനീരാക്കിടേണം.
'കുർർറെന്നു'മൂളിക്കൊഴക്കട്ടപോലൊരു-
ഡ്ർർറാപ്സി കുക്ഷിയിൽക്കുള്ളിയിട്ടു.

പെണ്ണേ;നീ നിർത്തിക്കൊ മൂളൽ ഞാനാവണ-
ക്കെണ്ണകൊണ്ടൊന്നിട്ടടിച്ചുകേറും.
ഹൂംംം, എന്നെനീ, നല്ലവണ്ണമറിയില്ല-
ത്തെമ്മാടിയേതാണിക്കുട്ടിപ്പാറു!
അന്തംവിട്ടെന്തിനോ ചന്തത്തിൽച്ചിന്തക-
ളന്തരംഗത്തിങ്കലേന്തിയേന്തി-
അന്തമില്ലാതെക്കസർത്തുകളിച്ചന്ത്യം,
മന്തി,പണിയമാന്തിച്ചിടുമ്പോഴും:
'പെണ്ണേ,യിക്കോലഞ്ചെമ്പൊന്നിങ്ങു-
മോറിക്കോ,
കണ്ണനാടുക്കളേൽനിന്നുക്കി...!
... ... ... ... ...

തൊട്ടടുത്തെച്ചെമ്പു,കോപ്പ, സോസർ,ചീന-
ച്ചട്ടിയിവയിൽച്ചെരിഞ്ഞും ചാഞ്ഞും-
ഓട്ടക്കണ്ണിട്ടുലാത്തുന്നകാക്കമ്മായി,
പെട്ടെന്നു, പൊങ്ങിപ്പറന്നുപോയി!

—കോഴിക്കോടൻ.




Requires Aid Urgently. Sivadas Menon.

# The Land of Satyagraha

By

JAYARAMA PANICKER,

(Junior Intermediate).

IT was Wednesday night. Twelve o'clock had just struck. The half-yearly examination was to commence the next day, bringing in its train an endless store of speculations, agonies and anxieties. I was trying to hammer a few thoughts into my dense head. With Mr. Narasimha Rao's notes on the 'Lotos Eaters' on my lap I read at the top of my voice:

"With half-shut eyes ever to seem
Falling asleep in a half dream".

It was really more than a half dream to me. My brain refused to grip. I did not realise in the mist the picturesqueness of Tennyson's description or the rhythm of his lines. I cursed myself then for my incurable habit of haunting the left back corner of the English lecture hall from the beginning to the end of the year. I felt something like repentance for all the yawning and sleeping and dreaming with which I responded to my lecturer's earnest and enthusiastic efforts to give me an instinct for English poetry.

I continued droning on 'falling asleep in a half dream'. That was the only real part of Tennyson to me.

Suddenly the light in the room became dim. The brightness that flooded the room a moment ago disappeared. Instead there came a dim amber light. I rubbed my eyes in wonder and fear. I seemed not to be in my room at all. I was out—out in the open in a strange land.

I could hear 'the gushing of the waves' which came thin and sepulchral from regions far off. In front of my eyes stretched the 'endless fields of barren foam'. I was lying "propt on beds of amaranth and moly" in an ethereal half dream. All around me reclined other boys from my class with 'half-shut eyes'. Now I knew where I was. I was in the land of the Lotos of Satyagraha.

In the harbour was anchored a huge ship on whose prow was emblazoned the words-Zamorin's College. The Principal in Captain's uniform landed on the shore and the lecturers followed him all dressed in red turbans and khaki tunics. Each of them carried a lathi. They took up their positions and advanced on us in a regular formation. They came and tried to persuade us to return to the ship. A few obeyed, but the majority remained where they were, drunk of the indolent forgetfulness. of the magic plant called the Lotos of the Strike. We did not want to quit the isle where examinations came not and selections did not worry. We sang in chorus:

Records and examinations are
not for us
We will no longer learn"—

Not heeding our protests and overcoming our desperate struggles, the Principal—who at the moment appear-

ed to be stout and sturdy—bound us with ropes and regulations and carried us back to the ship and there we are now grinding at the endless slavery of our daily tasks.

Suddenly I woke up to the sound of a loud screech. It was 9-30 in the morning and the alarm was ringing at the highest pitch. I cursed the time piece and all who had helped to make it, and rose up and set about preparations for College.



Way side. Sketch: M. P. Sivadas Menon.

# സംസ്കൃതസാഹിത്യത്തിലെ 'ലിറിക്ക്' പ്രസ്ഥാനം.

**"പൌരസ്ത്യവും പാശ്ചാത്യവുമായ ലിറിക്കുകളിൽ അഭ്യസൂയാർഹമായൊരു പദവി തന്നെ മേഘസന്ദേശം ആർജ്ജിച്ചിട്ടുണ്ട്.... ആശയവും ഭാഷയും ഊട്ടുംപാവുംപോലെ ഇണങ്ങിയ ഈ മനോഹരസന്ദേശകാവ്യം കാളിദാസകവിയുടെ മാനദണ്ഡമാണ്. എന്നല്ല, ലോകോത്തരമായ 'ലിറിക' പ്രസ്ഥാനത്തിന്റെ വിജയധ്വജം കൂടിയാണത്".**

കൊക്കോഴിക്കോട്ട് ബാലകൃഷ്ണപണിയ്ക്കർ.
(പൂർവ്വവിദ്യാർത്ഥി.)

ഇംഗ്ലീഷുപഠിച്ചു ഭ്രമിച്ചുപോയ പലർക്കും ഒരു നാട്യമുണ്ട്: ഈ സാഹിത്യപ്രസ്ഥാനങ്ങളെല്ലാംതന്നെ ഇംഗ്ലീഷിൽനിന്നു രൂപമെടുത്തവയാണെന്നു. അക്കൂട്ടത്തിൽ 'ലിറിക്കെ'ന്നുപറഞ്ഞാലും ഇംഗ്ലീഷിന്റെ പരിധിയ്ക്കപ്പുറത്തെയ്ക്കൊരുനോട്ടമില്ല അവർക്ക്. എന്നല്ല, ഈ ലിറിക്പ്രസ്ഥാനം ആംഗലസാഹിത്യത്തിന്റെയും അതുവഴി തങ്ങളുടേയും കുത്തകയാണെന്നുകൂടെ അവരങ്ങു ധരിച്ചുവശായി. എന്നാൽ, ഈ ധാരണ അമ്പെ അബദ്ധമാണെന്നു അനുഭവം വിളിച്ചുപറയുന്നു. ഈ ആപത്തെല്ലാം വന്നുകൂടിയതു, വല്ലതുമൊരു ബി. എ വരെയോ മറേറാ പഠിച്ചു തെററുകൂടാതെ കുറച്ചു ഇംഗ്ലീഷെഴുതാമെന്നുവെച്ച്, അതുകൊണ്ടെല്ലാം നേടിയെന്ന ഭാവംവെച്ചു പുലർത്തുന്നതുകൊണ്ടാണ്. തെററുകൂടാതെ കുറച്ചു ഇംഗ്ലീഷെഴുതാമെന്നതുകൊണ്ടു സാഹിത്യത്തെസ്സംബന്ധിച്ചേടത്തോളം സാകലികമായൊരു വിജ്ഞാനം സമ്പാദിച്ചു എന്നു പറഞ്ഞുകൂടാ. അല്ലെങ്കിൽ, "ശൈലിയേവസാഹിത്യം" എന്നോ മറേറാ ആവേണ്ടിയിരുന്നു. തെററുകൂടാതെ കുറച്ചു ഇംഗ്ലീഷെഴുതാൻ സാഹിത്യത്തിൽ വലിയ അഭിജ്ഞതയൊന്നും ആവശ്യമില്ല. കുറച്ചൊക്കെ പ്രാഥമികവിജ്ഞാനവും പരിചയവും മതി അതിന്ന്. എന്നാൽ, അവരാരുംതന്നെ സാഹിത്യത്തെപ്പററി ചിന്തിച്ചിട്ടുണ്ടോ എന്നു സംശയമാണ്. അതുകൊണ്ടു, സാഹിത്യത്തെപ്പററി പൊതുവിലൊരു വിജ്ഞാനവുമില്ലാത്ത ഈ 'വെറും സ്റ്റൈലന്മാർ'—ഞാനങ്ങിനെയാണവരെ വിളിയ്ക്കാൻ തീർച്ചയാക്കീട്ടുള്ളതു്—സാഹിത്യ പ്രസ്ഥാനങ്ങളെപ്പററിയും അഭിപ്രായം പറയുന്നതു കുറച്ചൊന്നു സൂക്ഷിച്ചുവേണം.

ശരിയാണു; ലിറിക്കെന്ന പേരുകേട്ടതുകൊണ്ടു അന്തംവിട്ടു അമ്പരന്നുപോയവരാണിവർ. ഷെല്ലിയുടെ "സ്കൈലാർക്ക്", കീററ്സിന്റെ "ഗ്രീഷ്യൻ എൺ", മിൽട്ടന്റെ "ഇൽപെൻ സറോസോ" എന്നിങ്ങിനെ അഞ്ചാറെണ്ണം എടുത്തുകാട്ടും അവർ കഴിഞ്ഞു. അതിന്റെയപ്പുറം നമ്മുടെ സാഹിത്യത്തിൽത്തന്നെ ഈ പ്രസ്ഥാനത്തിൽപ്പിറന്ന പല കൃതികളുമുണ്ടെന്നു പറഞ്ഞാൽ അവർക്കു വിശ്വാസം പോരാ. കുറച്ചൊന്നിരുന്നു ചിന്തിയ്ക്കാനുള്ള സന്മനസ്സുണ്ടെങ്കിൽ ഇവർക്കും മനസ്സിലാക്കാം, നമ്മളെല്ലാം വളരെയേറെ കേട്ടു തഴമ്പിച്ച മലയാളത്തിലെ പല പദ്യങ്ങളും ഈ പ്രസ്ഥാനത്തിൽപ്പിറന്നവയാണെന്നു. നമ്മുടെ സാഹിത്യത്തെസ്സംബന്ധിച്ചാണെങ്കിൽ, മഹാകവി കുമാരനാശാൻ "പല്ലവപുടങ്ങളിൽവച്ചു" ശൈശവത്തിൽ പാലിച്ച ഒരു പ്രസ്ഥാനവിശേഷമുണ്ടല്ലോ, അതല്ലാതെ മറെറാന്നുമല്ല ഈ ലിറിക്. അപ്പോൾ, ലിറിക്കെന്നുപറഞ്ഞാൽ ഖണ്ഡകാവ്യം എന്നേ അർത്ഥമുള്ളു. എന്നാൽ, ഈ പ്രസ്ഥാനം നമുക്കു കൈവന്നതോ, ഇംഗ്ലീഷിൽനിന്നല്ല; മറിച്ചു, മററു പലതുമെന്നപോലെ സംസ്കൃതത്തിൽ നിന്നുതന്നെ. എന്നുവേണ്ട, ഇംഗ്ലീഷിൽ തന്നെയതു പകർന്നതു സംസ്കൃതത്തിൽനിന്നോ ഗ്രീക്കിൽനിന്നോ ആവണം എന്നുകൂടെ ഒരുവേള തോന്നിപ്പോകും. കാരണം വഴിയെ വ്യക്തമാകും.

സംസ്കൃതസാഹിത്യത്തിൽ ലിറിക് പ്രസ്ഥാനത്തിന്നുണ്ടായിട്ടുള്ള കഴിവുകളെ പരിശോധിയ്ക്കുന്നതിന്നുമുമ്പു, ആ പ്രസ്ഥാനവിശേഷത്തെ പൊതുവിലൊന്നു നിരൂപണംചെയ്യേ മതിയാവൂ. ഓക്സ്ഫോർഡ് ഇംഗ്ലീഷുഡിക്ഷ്ണറി ലിറിക്കിനെ ഇങ്ങനെ നിർവ്വചിയ്ക്കുന്നു: "കവിയുടെ സ്വന്തം വിചാരങ്ങളേയും രസങ്ങളേയും നേരിട്ടു പ്രതിപാദിയ്ക്കുന്നവയും ഖണ്ഡികകളായോ ശ്ലോകങ്ങളായോ ഭാഗിച്ചവയുമായ ചെറിയ പദ്യങ്ങളാണ് ലിറിക്കുകൾ" എന്നു. മൊത്തത്തിൽ ഇതിനെത്തന്നെ നമുക്കിവിടെ സ്വീകരിയ്ക്കാം. വീണപോലുള്ളൊരു വാദ്യമായ 'ലയറി'നെസ്സംബന്ധിച്ചതു എന്ന അർത്ഥത്തിൽനിന്നാണു ഈ പദത്തിന്റെ ആവിർഭാവമെന്നൊരു പക്ഷമുണ്ടു്. അതായതു, ഗാനാത്മകമായിരിയ്ക്കണം ലിറിക്കു എന്നർത്ഥം. ഈ അർത്ഥ

ത്തിന്റെ വെളിച്ചത്തിലാണ ഗ്രീക്കസാഹിത്യത്തിലെ മിക്ക ലിറിക്കുകളും രചിച്ചിട്ടുള്ളത്. നമ്മുടെ സംസ്കൃതത്തിൽത്തന്നെ ഒരു കാലഘട്ടത്തിൽ ഈയൊരു ധാരണയാണുണ്ടായിരുന്നതെന്നു ജയദേവന്റെ ഗീതഗോവിന്ദം തൊട്ട ചില കൃതികൾ വെളിപ്പെടുത്തുന്നു. പക്ഷെ, വെറും ഗാനാത്മകത എന്ന സങ്കുചിതപരിധിയിലേയ്ക്കിറങ്ങുന്നതു,

"കർണ്ണംഗതഃ ശുഷ്യതി കർണ്ണഏവ
സംഗീതകം സൈകത വാരിരീത്യാ" എന്നു

പറഞ്ഞ സംസ്കൃതപാരമ്പര്യത്തിന്നു യോജിച്ചതല്ലല്ലൊ. സംസ്കൃതത്തിലെ ലിറിക്കുകൾക്ക മൊത്തത്തിൽ ഗാനാത്മകതയുണ്ടെങ്കിലും അതിലധികം ഭാവസൌഭഗമാണെന്നുവേണം പറയുവാൻ. എലിസബത്തുകാലത്തെ ചുരുക്കം ചില പദ്യങ്ങളൊഴിച്ച ഇംഗ്ലീഷുസാഹിത്യത്തിലും ഈയൊരു ഭാവമാണ സ്വീകരിച്ചിരുന്നതെന്നും കാണാൻ കഴിയും. വേഡ്സ്‌വത്ത് അദ്ദേഹത്തിന്റെ "ലിറിക്കൽ ബെല്ലാഡ്സി"ന്റെ (രണ്ടാംവാല്യം) ആമുഖത്തിൽ ഇങ്ങിനെ പറകയുണ്ടായി: ജീവത്തായൊരു ഐന്ദ്രിയബോധത്തിലെ മനുഷ്യന്റെ യഥാർത്ഥഭാഷയെ വൃത്തഘടനയിലാക്കിയാൽ, എത്രത്തോളം അതുകൊണ്ട കവിതയുടെ സമുന്നതോദ്ദേശം സാധിതമാക്കാൻ സാധിക്കും എന്നു പരിശോധിക്കുകയാണ തന്റെ ഉദ്ദേശം എന്നു. അപ്പോൾ പലരും അദ്ദേഹത്തിന്റെ നേർക്ക ചാടിവീണു, ജീവത്തായൊരു ഐന്ദ്രിയബോധത്തിലെത്തിയ ആരുംതന്നെ കവിയാകുമോ എന്നു കയർത്തുംകൊണ്ട. ഇവിടെ, ഷെക്‌സ്പിയർ മഹാകവി പണ്ട 'കവിയും ഭ്രാന്തനും കാമുകനും ഒരേ കിടക്കാരാണെ'ന്നു പറഞ്ഞതു ഓർക്കുന്നതു നന്ന്. പക്ഷെ, വേഡ്സ്‌വത്തങ്ങിനെ പറഞ്ഞതു, കവിതയിൽ കലയില്ലെന്നോ കവിയാൽ ആവിഷ്കൃതങ്ങളായ വികാരങ്ങൾ സാധാരണ ചാപല്യങ്ങളിൽനിന്നു വിഭിന്നമല്ലെന്നോ വകവെച്ചുകൊണ്ടല്ല. മറിച്ച, വൈകാരികമായും വൈചാരികമായും കവിയുടെ ഭാവങ്ങൾ സാധാരണക്കാരന്റേതിൽനിന്നു ഒട്ടൊക്കെ ഉയർന്നൊരു നിലപാടിലാണെന്ന ബോധം തികച്ചും വെച്ചുകൊണ്ടുതന്നെയാണ്. അപ്പോൾ, വേഡ്സ്‌വത്തിന്റെ ഉദ്ദേശരൂപേണയുള്ള ആ അഭിപ്രായം ലിറിക് പ്രസ്ഥാനത്തിന്റെ മൂലകരുമായി സ്വീകരിക്കുന്നതിൽ തെറ്റില്ല. അങ്ങനെ, ലിറിക്കെന്നാൽ സ്വന്തമായ മനോവികാരത്തിന്റെ ബാഹിഃപ്രകടനമാണ്; അതു ജീവിതത്തിന്റെ തീവ്രതയുടെ ഒരു ചിഹ്നമാണ്; എന്നല്ല, ആനുഭാവികമായൊരു പൂർണ്ണതയാണതു കുറിക്കുന്നതു; എന്നിങ്ങിനെ ചിന്തിച്ചുപോയ ആംഗലനിരൂപകന്മാർ "പരിശുദ്ധകവിതയാണ ലിറിക്ക്" (ജോൺ ഡ്രിൻക്‌വാട്ടർ) എന്നുവരെ വാദിച്ചുവെച്ചിട്ടുണ്ട്. കോളറിഡ്ജിന്റെ അഭിപ്രായത്തിൽ ഉത്തമവിധത്തിൽ പ്രയുക്തങ്ങളായ ഉത്തമപദങ്ങളാണ ലിറിക്‌രൂപം കൈക്കൊള്ളുന്നത്. അദ്ദേഹം സാഹിത്യത്തെ പൊതുവിൽ നിരൂപണംചെയ്ത്, അവിടേയ്ക്കു ലിറിക്കിനെ എടുത്തു പൊക്കുകയാണ ചെയ്തിട്ടുള്ളത്. എന്നിട്ട, അചുംബിതമായ യഥാർത്ഥ കവിത്വത്തിന്റെ സർഗ്ഗശക്തിയുടെ ഫലമാണ ലിറിക്ക എന്നുവരെ അദ്ദേഹമെത്തിച്ചിട്ടുണ്ടതിനെ. ചുരുക്കത്തിൽ, യഥാർത്ഥ കവിതയുടെ ഒരു പര്യായവിശേഷമാണ ലീറിക്ക് എന്നുകൂടെ വരുത്തിക്കൂട്ടി അദ്ദേഹം.

അങ്ങിനെ നോക്കുമ്പോൾ, മനുഷ്യമനസ്സിന്റെ അന്തർത്തന്തുക്കളിൽത്തട്ടി അതിന്റെ മർമ്മത്തോളം വ്യാപിച്ച് അനന്തമായ ഒരാനന്ദാനുഭൂതിയുള്ളവാക്കുന്നതേതോ അതാണ കാവ്യം; ഉത്തമവികാരങ്ങളേയും വിചാരങ്ങളേയും സുന്ദരമാംവണ്ണം പ്രകടിപ്പിക്കുന്നതാണ കാവ്യം എന്നും മററും നമ്മുടെ മമ്മടാദ്യലങ്കാരികന്മാർ പറഞ്ഞതും ഈയൊരർത്ഥത്തിൽത്തന്നെയാണെന്നു വരുന്നുണ്ട്. അപ്പോൾ, ഇതാണ കാര്യം: ലിറിക്‌പ്രസ്ഥാനത്തിന്നു സർവ്വഭാഷാസാഹിത്യങ്ങളിലും അത്രത്തോളം അർത്ഥവിസ്തൃതിയുണ്ടായിട്ടുണ്ട് എന്ന്.

ഇത്രമേൽ അഭികാമ്യമായ ഈ ലിറിക്‌പ്രസ്ഥാനം സംസ്കൃതത്തിൽ ഇന്നുമിന്നലെയും തുടങ്ങിയ ഒന്നല്ല. വേദകാലം മുതൽക്കിങ്ങോട്ടതു വളർന്നിട്ടുണ്ടെന്നുവേണം പറയുവാൻ. ഋഗ്വേദത്തിൽതന്നെ ലിറിക് തത്വസംഹിതമേൽ നിലകൊള്ളുന്ന പല സൂക്തിരത്നങ്ങളുമുണ്ട്, അതുകൊണ്ട്. പക്ഷെ, അന്നതൊരു പ്രസ്ഥാനമായി പുറപ്പെട്ടിട്ടില്ല എന്നേ വ്യത്യാസമുള്ളു. ഇംഗ്ലീഷിലേതുപോലെത്തന്നെ സംസ്കൃതത്തിലും ഈ പ്രസ്ഥാനത്തിന്നു രണ്ടു വിഭാഗങ്ങളുണ്ട്. വെബ്ബർ എന്നനിരൂപകൻ അതിനെ ഭക്തിവിഷയകമായ കാവ്യം അനുരാഗകാവ്യം (devotional and erotic lyrics) എന്നിങ്ങനെ തരംതിരിക്കുന്നു. അക്കൂട്ടത്തിൽ, വേദങ്ങളിലെ പല മന്ത്രങ്ങളും ഭക്തിവിഷയകങ്ങളായ ലിറിക്കുകളാണെന്നു പറയാം. അത്രയ്ക്കു ഒററയ്ക്കൊററയ്ക്കുനിന്നു തങ്ങളുടെ മാന്ത്രികശക്തിയെ വെളിപ്പെടുത്താൻ തന്റേടമുള്ള ആ മന്ത്രങ്ങളിൽ ലിറിക്കുകൾക്കവേണ്ട സാമാന്യലക്ഷണങ്ങൾ കാണാം. ഇതിഹാസങ്ങളിലും ഉപനിഷത്തുകളിലും പുരാണങ്ങളിലും കാണുന്ന ഈ ഭക്തിവിഷയകങ്ങളായ ലിറിക്കുകളുടെ കഥയവിടെ നിൽക്കട്ടെ. അവയെപ്പററി നമുക്ക പിന്നീട ചിന്തിക്കാം. ഇവിടെ, അനുരാഗകാവ്യങ്ങൾക്ക (erotic

lyrics) കൂടുതൽ പ്രാധാന്യമുള്ളതുകൊണ്ടു, അവയെപ്പററിത്തന്നെ നമുക്കാദ്യമായി ചിന്തിക്കുക. മറേറതു സാഹിത്യത്തിലെയുംപോലെ സംസ്കൃതത്തിലും ഈ അനുരാഗത്തിന്നാണു പ്രാധാന്യമേറേ. എന്നുവേണ്ട, കർമ്മഭാവാനുകരണങ്ങളെക്കൊണ്ടു മനുഷ്യജീവിതത്തെ പ്രതിപാദിച്ചു വിജയം നേടിയ രസസിദ്ധാന്താവതാരകനായ ഭരതമുനി ശൃംഗാരത്തെ രസസാമ്രാട്ടാക്കി അഭിഷേചിച്ചതും അതുകൊണ്ടുതന്നെയാണ്. ആ നിലയ്ക്കു്, അനുരാഗസംബന്ധികളായ ലിറിക്കുകൾ, വിശേഷിച്ചും മേഘസന്ദേശം, സംസ്കൃതത്തിൽ ആദ്യമായി അവതരിപ്പിച്ച കാളിദാസൻതന്നെയാണ് ഈ ലിറിക്കിനെ ഒരു പ്രസ്ഥാനവിശേഷമാക്കി വളർത്തിക്കൊണ്ടുവന്നതു്. അതുകൊണ്ടു, അദ്ദേഹത്തെ സംസ്കൃതസാഹിത്യത്തിലെ ഈ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായി കല്പിക്കാം.

ഋതുസംഹാരമാണ് ഈ പ്രസ്ഥാനത്തിൽ കാളിദാസൻതന്നെ ഒന്നാമതായി രചിച്ചിട്ടുള്ളതെന്നു ചരിത്രദൃഷ്ട്യാ തെളിഞ്ഞൊരു വാസ്തവമാണ്. 153 ശ്ലോകങ്ങളാൽ നിബന്ധിക്കപ്പെട്ട ഈ കൃതി, മാറിമാറി വരുന്ന ആറു ഋതുക്കളെ ഹൃദയാവർജ്ജകമായ രീതിയിൽ വർണ്ണിക്കുന്നൊരു ഖണ്ഡകാവ്യമാണ്. വാത്മീകിരാമായണത്തിലെ ഋതുവർണ്ണനകളോട് ഇതിന്നു വലിയൊരു കടപ്പാടുണ്ടെന്നതിരിക്കട്ടെ. അതുകൊണ്ട് ഇതിന്നൊരു വിലയിടിവുണ്ടായിട്ടുണ്ടെന്നു പറഞ്ഞുകൂടാ. മറിച്ച്, ആർഷകവി ആവിഷ്കരിച്ച ഓരോ വർണ്ണനയേയും, അതതർഹിക്കുംവിധം, പതിന്മടങ്ങു മധുരോദാരമായി പ്രതിപാദിക്കുകയാണു കാളിദാസൻ. അങ്ങനെ, തികഞ്ഞൊരു പ്രകൃതിനിരൂപകനെന്നമട്ടിലാണു കാളിദാസൻ ഇതിൽ പ്രത്യക്ഷനാകുന്നതു്. അപ്പോൾ, അനുരാഗാത്മകമായ ലിറിക്കുകളുടെ കൂട്ടത്തിലെണ്ണുന്ന ഈ ഋതുസംഹാരത്തെ അനുരാഗവുമായി ഘടിപ്പിച്ചതെങ്ങിനെ എന്നൊരു ചോദ്യമുണ്ടിവിടെ. ശരിയാണു: വസന്താദി ഋതുക്കൾക്കു ഭാരതത്തിന്റെ പ്രാകൃതികമായ ആകൃതിയിലുണ്ടാവുന്ന പ്രവണതകളെ, ഓരോന്നിന്റേയും തരതമഗുണങ്ങൾക്കനുഗുണമായ വൃത്തങ്ങളിൽ, വർണ്ണിക്കുകയാണ് ഈ കാവ്യമാകെ. എന്നിട്ട്, അതിനെ രാഗവുമായി ബന്ധപ്പെടുത്തിയിട്ടുണ്ടു കവി. ഋതുക്കളുടെ മാറിമാറിവരുന്ന ഓരോ പ്രേരകശക്തിയും യുവാവായൊരു കാമിയുടെ വികാരവിചാരങ്ങളെ എത്രത്തോളം ഉച്ഛൃംഖലമാക്കുന്നു, എത്രത്തോളം ആറിത്തണുപ്പിക്കുന്നു എന്നെല്ലാം ഭാവസുഭഗമായ രീതിയിൽ വർണ്ണിച്ചിട്ടുള്ള ഈ കാവ്യത്തെ ഒരു 'ഇറോട്ടിക് ലിറിക്കാ'യിത്തന്നെയെണ്ണുന്നതിൽ തെററില്ല. അത്രത്തോളം മനുഷ്യനേയും പ്രകൃതിയേയും തമ്മിൽ സാത്മ്യം വരുത്തിയിട്ടുണ്ടു കവി, അതുകൊണ്ടു്. ഋതുസംഹാരത്തിൽനിന്നു തുടങ്ങിയ ഈയൊരു സാമർത്ഥ്യമാണു മഹാകവിയുടെ അനന്തരകൃതികളിൽ വിജയവൈജയന്തികയേന്തി വിലസുന്നതു്. അതാണദ്ദേഹത്തെ 'മനുഷ്യകഥാനുഗായിക'ളായ കവികളിൽ അഗ്രേസരനാക്കിയതും. എന്നിട്ടു വിൽസൺ തുടങ്ങിയ പാശ്ചാത്യനിരൂപകന്മാർ ഋതുസംഹാരം കാളിദാസകൃതിയാണോ എന്നു സംശയിക്കുന്നുപോലും; കാളിദാസീയമെന്നു പേർ പുകഴ്ന്ന വർണ്ണനാസാമർത്ഥ്യം, സുഭഗമായ ശൈലി, പററിയ ഉപമകൾ എന്നിവ ഋതുസംഹാരത്തിലിരുന്നു അക്കൂട്ടരെ നോക്കി പുഞ്ചിരിക്കൊള്ളുമ്പോൾ. ഇതിന്നർത്ഥം, വിൽസൺ തുടങ്ങിയവർ ആദ്യമായി കാളിദാസകൃതികളുമായി നല്ലവണ്ണം ഇടപഴകിയതിന്നുശേഷമല്ല ഋതുസംഹാരനിരൂപണത്തിന്നു പുറപ്പെട്ടതു എന്നാണ്.

അങ്ങനെ, ലിറിക് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ കാളിദാസന്റെ ഒന്നാമത്തെ കൃതി എത്രത്തോളം ഈ പ്രസ്ഥാനത്തിന്നു അസ്തിവാരമിട്ടു എന്നു നാം കണ്ടുവല്ലോ. ഇനി, ഋതുസംഹാരത്തിൽ അനുരാഗത്തെ തൊട്ടുകൊണ്ടുപോയ കാളിദാസൻ എത്രത്തോളം അതിലേക്കിറങ്ങിച്ചെന്നു വിലയം പ്രാപിച്ചിട്ടുണ്ടെന്നു നോക്കാം. അങ്ങനെ നോക്കുമ്പോൾ, മേഘസന്ദേശമാണു രണ്ടാമത്തേതു്. രണ്ടാമത്തേതെങ്കിലും ഒന്നാമതായി നിൽക്കുന്ന ഈ കാവ്യത്തിലാണു കവിഭാവന ഉൽക്കടമായിക്കാണുന്നതു്. മുണ്ടശ്ശേരിയുടെ ഭാഷയിൽപ്പറകയാണെങ്കിൽ "പ്രകൃതിയെ മനുഷ്യപ്രകൃതിയുടെ പശ്ചാത്തലമാക്കി, അതിന്റെ വിശൃംഖലവൃത്തികൾ അന്തശ്ചക്ഷുസ്സുകൊണ്ടവലോകനം ചെയ്യുന്ന വാസന—റോമാൻറിക് ജീനിയസ്—ജന്മസമ്പത്തായിട്ടുള്ള കാളിദാസൻ—ഋതുസംഹാരംകൊണ്ടാരംഭിച്ചുവെന്നു വിശ്വസിക്കപ്പെടുന്ന കാളിദാസൻ—രഘുവംശത്തിൽനിന്നു കുമാരസംഭവത്തിൽക്കയറി മേഘസന്ദേശത്തിലെത്തിയപ്പോഴാണു കലപ്പററ കാളിദാസനായതു—മാളവികാഗ്നിമിത്രം പിന്നിട്ടു വിക്രമോർവശീയത്തിലൂടെ [illegible]ിലെത്തിയപ്പോൾ എങ്ങിനെയോ അ[illegible] തെളിയുന്നതു കാളിദാ[illegible]ക്കാ ണുന്നതു മേഘ[illegible] അതായതു, മഹാകവിയുടെ [illegible]യ മനോമണ്ഡലത്തിൽനിന്നും ഉടലെടുത്ത[illegible] മേഘസന്ദേശം. ആശയവും ഭാഷയും ഊടും പാവും പോലെ ഇണങ്ങിയ ഈ മനോഹരസന്ദേശകാ

MUL
153222

വ്യം കാളിദാസകവിത്വത്തിന്റെ മാനദണ്ഡമാണ്. എന്നല്ല, ലോകോത്തരമായ ലിറിക് പ്രസ്ഥാനത്തിന്റെ വിജയധ്വജംകൂടിയാണതു്. ലിറിക്പ്രസ്ഥാനത്തെ നൂതനമായ സന്ദേശകാവ്യസരണിയിലേയ്ക്കിറക്കുകയാണ് ഇതുകൊണ്ടദ്ദേഹം ചെയ്തിട്ടുള്ളതു്. അദ്ദേഹം വിജയിച്ചതും അതിൽത്തന്നെയാണ്.

ഹിമാലയത്തിലെ അളകയിൽപ്പാർത്തിരുന്ന ഒരു യക്ഷൻ, തന്റെ ഉദ്യോഗത്തിൽ പിഴവു വന്നതുകൊണ്ടു, വൈശ്രവണന്റെ ശാപമേററു, ഇന്ത്യയുടെ തെക്കുഭാഗത്തുള്ള രാമഗിരിയുടെ നിറുകയിൽ ഏകാകിയായി പാർത്തുപോരികയാണ്. അങ്ങിനെ ഒരു സംവത്സരകാലം മുഴുവൻ അവനവിടെ പാർക്കുകയും വേണം. മാസങ്ങളങ്ങനെ നീങ്ങിനീങ്ങിപ്പോയി വർഷാഗമമായി. അപ്പോൾ, കാമുകനായ അവനിൽ നിരവധി വികാരങ്ങൾ ഉൾത്തിങ്ങിപ്പൊങ്ങുന്നു. അങ്ങിനെ, അവിടെ വന്നെത്തിയ ഒരു മേഘത്തെ വിളിച്ചു, തന്റെ പ്രിയതമയ്ക്കൊരു സ്നേഹസന്ദേശം അയയ്ക്കുന്നു. ഇത്രേയുള്ളു ഇതിവൃത്തം ചുരുക്കത്തിൽ. പക്ഷെ, അത്രകൊണ്ടു കാളിദാസൻ ഭാവസമ്പന്നനെന്നു തെളിയിച്ചുവല്ലൊ. അതെങ്ങിനെ? ബന്ധുജനങ്ങളിൽനിന്നകന്ന്, അകലെയൊരിടത്തു ആരുമാരും തിരിഞ്ഞുനോക്കാത്ത ആ രാമഗിരിയുടെ നിറുകയിൽ യക്ഷനെക്കൊണ്ടിരുത്തിയതു മററാരുമല്ല കാളിദാസനാണ്. അഥവാ, ഒരുവേള കവിതന്നെ യക്ഷരൂപം കൈക്കൊണ്ടതാണെന്നുവേണം പറയുവാൻ. വിരഹവഹ്നിയിൽ വെന്തു നീറുമെങ്കിൽ അങ്ങിനെ വിജനമായൊരിടത്തു് ഇരുത്തുകതന്നെ വേണം. അല്ലാതെ, സജാതീയരോ സ്വദേശീയരോ ആയ വല്ലപേരും അവിടെയുണ്ടായിരുന്നുവെങ്കിൽ അവരുമായുള്ള സഹവാസത്തിൽ ആ പ്രിയാവിരഹത്തിന്റെ ഊർജ്ജസ്വലത അറിയുമായിരുന്നില്ല. അങ്ങനെ, കഠോരം അവന്റെ കരളിനെ കരണ്ടുതിന്നുന്ന ആ അവസ്ഥയാണു, അവിടെ വന്നെത്തുന്ന മേഘത്തെക്കൊണ്ടു സന്ദേശം കൊടുപ്പിയ്ക്കാൻ അവനെ പ്രേരിപ്പിച്ചതു്. ഒററ നോട്ടത്തിൽ, അവന്റെ വിരഹാഗ്നിയെ നീർ വർഷിച്ചു തെല്ലൊന്നു ശമിപ്പിയ്ക്കാൻ ആ മേഘത്തിന്നു കഴിയുമെന്നു നാം വിചാരിച്ചുപോവും. മറിച്ചു, പെട്ടെന്നുണ്ടായ ആ മേഘാവലോകനംതന്നെ, പിന്നീടവന്റെ ദുഃഖത്തെ ആറിത്തണുപ്പിയ്ക്കുമെങ്കിലും, ആദ്യമായൊരാളിക്കത്തലാണുണ്ടാക്കുന്നതു്. ഈ ഘട്ടത്തിൽ വികാരാവേശവും വിചാരഭാരവും അവനെയിട്ടു ഞെരുക്കുകയാണ്. ഇതിന്നു മഹാകവി പറയുന്നു:

1. "മേഘാലോകെ ഭവതി സുഖിനോപ്യന്യഥാ
വൃത്തിചേതഃ
കണ്ഠാശ്ലേഷപ്രണയിനിജനെ കിം പുനർദ്ദൂര
സംസ്ഥേ" എന്നു്.

ഈ ഈരടിയിൽ മഹാകവി എന്തെന്തുംക്കൊള്ളിച്ചിട്ടില്ല! മേഘദർശനവും അതിനെത്തുടർന്നു മനോമുകുരത്തിൽ ഉടലെടുത്ത വികാരവിചാരങ്ങളും ആ ദൂരദർശിനിയിൽക്കൂടെ നോക്കിയാൽ വ്യക്തമാകും. മേഘത്തിന്റെ അഴകു വർഷത്തിന്റെ പടക്കുറിപ്പാണല്ലൊ. അപ്പോൾ, പഴയ കാലത്തെ പലപല മധുരസംഭവങ്ങളും കാമിയായ അവന്റെ ഹൃദയത്തിലേയ്ക്കു അലതല്ലിവരാൻ തിക്കും അവകാശമുണ്ടു്. അവയും അവന്റെ ഇപ്പോഴത്തെ പരിതസ്ഥിതികളും തമ്മിൽ ഇടതട്ടിച്ചു നോക്കുമ്പോൾ അവനിൽ എന്തെല്ലാം വികാരങ്ങളുണ്ടാവുമോ അവയെല്ലാംതന്നെ ഒരു സൂചന മാത്രം തന്നു നമ്മെക്കൊണ്ടു ചിന്തിപ്പിയ്ക്കുകയാണു കവി ചെയ്യുന്നതു്. അങ്ങിനെ, ചെറിയൊരു സൂചനകൊണ്ടു വലിയൊരു ഭാവനാസാമ്രാജ്യംതന്നെ പിടിച്ചടക്കിക്കഴിഞ്ഞു കവി. ഈ കലാവിദ്യ ഇവിടംകൊണ്ടവസാനിയ്ക്കുന്നില്ല; അതു മേഘസന്ദേശത്തിന്റെ മുഴുവൻതന്നെയുള്ള ഒരു പ്രത്യേകതയാണ്. മേഘദർശനമാത്രയിൽ യക്ഷൻ അവനെത്തന്നെയങ്ങു മറക്കുകയായി. കൈലാസത്തിലേയ്ക്കു പോവുന്ന ഈ മേഘം തന്റെ പ്രിയതമയുടെ അടുത്തെത്താതിരിയ്ക്കയില്ല, അതുകൊണ്ടതിന്റെ വക്കൽ ഒരു സന്ദേശമയയ്ക്കാം എന്നാണവന്റെ ധാരണ. എന്നാൽ, അതസ്ഥാനത്തുമല്ല. വിരഹതാപം അത്രയ്ക്കവനെ അവനല്ലാതാക്കിത്തീർത്തിരിയ്ക്കുന്നു, അതുകൊണ്ടു്. അങ്ങനെ, യക്ഷനെ മേഘത്തോടു സമാനനാക്കിയിരിയ്ക്കയാണ്. പക്ഷെ, ചേതനാചേതനവിവേചനമില്ലാതെ സന്ദേശഹരനായി ഒരു മേഘത്തെ കല്പിച്ചതിൽ കാളിദാസനു പ്രമാദം പററിപ്പോയിട്ടില്ലേ എന്നൊരു ചോദ്യമുണ്ടിവിടെ. എന്നാൽ, അത്തരം ചോദ്യങ്ങൾ ആലോചനയില്ലാത്ത അനുവാചകന്മാരിൽനിന്നേ പുറപ്പെടൂ എന്നു വ്യക്തമാകും "കാമാർത്താഹി പ്രകൃതികൃപണാശ്ചേതനാചേതനേഷു" എന്ന വരി വായിച്ചാൽ. എന്നല്ല, അവരങ്ങിനെ ചോദിയ്ക്കുന്നതുതന്നെ ആ വരി വായിയ്ക്കാൻ വിട്ടുപോയതുകൊ

---

1. "നൂനം കാർകൊണ്ടൽകാണുന്നളവു
സുഖികളും വ്യഗ്രരാവുന്നു; പുൽകാൻ
താനത്യന്തം കൊതിയ്ക്കും പ്രിയജനമകല
ത്താകിലെന്താവുപിന്നെ!"
(മേഘച്ഛായ)

ണ്ടാവാം; അഥവാ വായിച്ചിട്ടുണ്ടെങ്കിൽത്തന്നെ, അതിൽ കടഞ്ഞിരുത്തിയ കാര്യം അവൎക്കു മനസ്സിലാക്കാൻ കഴിഞ്ഞിരിയ്ക്കില്ല. ഇതുമേൽ ആവരിയ്ക്കു അൎത്ഥവിസ്തൃതിയുണ്ടെന്നല്ല, മേഘസന്ദേശത്തെ ഒരു ലിറിക്കായിക്കണക്കാക്കുന്നതിൽ അതിന്നു വലിയ പങ്കുണ്ടെന്നുകൂടെ ചിന്തിച്ചാൽ വ്യക്തമാകും. അങ്ങിനെ, മനോഹരമായൊരൎത്ഥാന്തരന്യാസംകൊണ്ടു, മററെല്ലാ കൃതികളിലുമധികം, തന്റെ നേൎക്കുന്നയിയ്ക്കാവുന്ന സകല വ്യാമുഖങ്ങളുടേയും വായടയ്ക്കുകയാണു കവി ചെയ്തിട്ടുള്ളതു്. ഇവിടെ പ്രണയഖിന്നരായവർ ചേതനാചേതനവിഭജനത്തിൽ പ്രകൃത്യാ അശക്തരായിത്തീരുമെന്ന പതിരില്ലാത്ത പരമാൎത്ഥം വെളിപ്പെടുന്നു; കൂട്ടത്തിൽ, തന്റെ നായകന്റെ ഉത്താപത്തോടു കിടനില്ക്കത്തക്ക ഒരു പ്രണയപാരവശ്യം ലോകമാകമാനം തിരഞ്ഞുനോക്കിയാൽക്കൂടി കാണില്ലെന്നും. അങ്ങിനെ, നായകനേയും സന്ദേശഹരനേയും തുല്യനിലയിൽ നിൎത്തിയിട്ടാണു കാവ്യം തുടങ്ങുന്നതുതന്നെ. പിന്നീടു മാൎഗ്ഗനിദ്ദേശം ചെയ്യുകയായി. രാമഗിരിയിൽനിന്നു് അളകയിലോളമുള്ള വഴി തികഞ്ഞൊരു ഭൂമിശാസ്ത്രജ്ഞന്റെ പാടവത്തോടെയും ഒരു പ്രകൃതിനിരൂപകന്റെ ദൃഷ്ടിയോടെയും പറഞ്ഞുകൊടുക്കുകയാണു്. അങ്ങിനെ മേഘത്തിന്നു വഴിയ്ക്കു തരണം ചെയ്യേണ്ടുന്ന ഗിരിനിരകളേയും സരിത്തുകളേയും ഏററവും ആകൎഷകമായി ചിത്രീകരിയ്ക്കുന്ന ഈ ഭാഗത്തു കാളിദാസൻ ഒരു പ്രകൃതിഗായകനായിട്ടാണു പ്രത്യക്ഷപ്പെടുന്നതു്. എന്നല്ല, "രമണീയാൎത്ഥപ്രതിപാദകശ്ശബ്ദഃ കാവ്യം" എന്നതാണു സാഹിത്യത്തിന്റെ നിൎവ്വചനമെങ്കിൽ ഇതിൽപ്പരം രമണീയത തികഞ്ഞ ഒരു വൎണ്ണന മറെറാരിടത്തില്ലതാനും. അത്രയ്ക്കു്, ഓരോ ചിത്രവും ഓരോ നിമിഷത്തിലും അപ്പപ്പോഴം വാൎത്തെടുത്തു വെച്ചപോലെ പുത്തൻപുത്തനായിത്തോന്നുന്നു, അതുകൊണ്ടു്. ഉദാഹരണമായി, "കായ്മൂത്തതൈമാവണിയിൽ മറയുമുന്നമ്രമാമാമ്രകൂട"ത്തേയും "പൊങ്ങിത്താണുള്ള വിന്ധ്യാചലതടശിലമേൽ" "അങ്ങിങ്ങാനയ്ക്കുമേനിയ്ക്കെഴുതിയരചനാഭംഗിതൻ ഭൂതി" തോന്നിച്ചുകൊണ്ടു് ചിന്നുന്ന രേഖയേയും "വാനംവിട്ടുഴിചേരും സുകൃതികളവശേഷിച്ചപുണ്യം ഭുജിപ്പാൻ" കൊണ്ടുപോന്ന "സുരപുരിയുടെ നൽക്കാന്തിമത്തായ ഖണ്ഡ"മോ എന്നു തോന്നിയ്ക്കുന്ന ഉജ്ജയിനിയേയും എല്ലാററിലുമുപരി, സൎവ്വവിധ കേളികളിലും മുങ്ങിമറിച്ചു കഴിഞ്ഞുകൂടുന്ന യക്ഷരുടെ ആ അളകയേയും വൎണ്ണിച്ചുവെച്ചതു അക്കൂട്ടത്തിൽ പ്രത്യേതം പ്രസ്താവ്യമാണു്. അങ്ങനെ മാൎഗ്ഗനിർദ്ദേശവും അളകാവൎണ്ണനയും ചെയ്തശേഷം തന്റെ പത്നിയുടെ വിരഹക്ലേശങ്ങളെപ്പററിപ്പറഞ്ഞ സന്ദേശം കേൾപ്പിക്കുകയാണു്. എന്നിട്ടു,

2 "പശ്ചാഭവം വിരഹഗുണിതം തം
തമാത്മാഭിലാഷം
നിൎവ്വേക്ഷ്യാമഃ പരിണതശരച്ചന്ദ്രികാസു
ക്ഷപാസു" എന്നൊരു പ്രതീക്ഷയോടെ സന്ദേശം തീൎത്തുപറഞ്ഞു, 3 "മാഭൂദേവം ക്ഷണമവിചതേ വിദ്യുതാവിപ്രയോഗഃ" എന്ന മംഗളാശംസയോടെ കാവ്യം പൎയ്യവസാനിയ്ക്കുന്നു.

ഒരു സാഹിത്യസല്ലാപത്തിനിടയിൽ ശ്രീ. കുട്ടികൃഷ്ണമാരാർ പറകയുണ്ടായി: "കാളിദാസന്റെ മേഘസന്ദേശം മനുഷ്യന്റെ മനസ്സിലുള്ള ആൎത്തിപിടിച്ച കാമാവേശത്തിന്റെ രൂപവൽക്കരണമാണെന്നു ഇന്നു ചിലരെങ്കിലും മനസ്സിലാക്കിത്തുടങ്ങീട്ടുണ്ടു്. കാമോന്മത്തനായി മനോരാജ്യം വിചാരിയ്ക്കുന്ന ഒരു മനസ്സിലൂടെ, അതിനുമുമ്പു പരിചയപ്പെട്ടിട്ടുള്ള എല്ലാ യൌവനപ്പുളപ്പുകളും അണിയണിയായിക്കടന്നുപോകുന്നു. ആ സൌന്ദ

## — കായൽ —



സ്കെച്ച്:—ഉണ്ണികൃഷ്ണമേനോൻ (സീനിയർ)

---

2 "ചന്തം ചിന്നും ശരൽത്തുനിശകളിൽ
നിറയും പൂനിലാവിങ്കൽ നീക്കാ-
മന്തർദ്ദാഹം വിയോഗജപര ഗുണിതമതാ
താശ സാധിച്ചപിന്നെ."

3 ........................കാൽമാത്രപോലും
നൂനം തോഴനുസൌദാമിനിയൊടിതു
വിധം വന്നിടൊല്ലെ വിയോഗം."
(മേഘച്ഛായ)

ഷ്ടവിലാസങ്ങളുടെ ഘോഷയാത്രയാണ് മേഘസന്ദേശത്തിലെ പൂർവ്വഭാഗത്തിൽ വർണ്ണിയ്ക്കപ്പെട്ടിട്ടുള്ളതു്. ഉത്തരഭാഗത്തിൽ ആദർശപരമായ ദാമ്പത്യവും.” വാസ്തവത്തിൽ ഇതാണ്—കാമോന്മത്തനായ ഒരാളുടെ മനോരാജ്യത്തെ വർണ്ണിച്ചുവയ്ക്കുക—മേഘസന്ദേശത്തെ വിശേഷതരമായ ലിറിക്കായി ഉയർത്തിയതു് എന്നു എനിയ്ക്കു തോന്നുന്നു. മേഘസന്ദേശത്തിൽ അങ്ങോളമിങ്ങോളം അതല്ലെ വിലസുന്നതു്. അല്ലെങ്കിൽ, കവിയുടെ ഭാവനതന്നെയായ ആ മേഘത്തോടുതന്നെ പറയുന്നതെന്താണ്. പരിചിതമായ ഗർഭാധാനസുഖമോർമ്മിയ്ക്കയാൽ മാലപോലെ ആകാശത്തിൽ അണിനിരന്നു പറക്കുന്ന വെള്ളിൽപ്പറവകൾ നിന്നെ സേവിയ്ക്കും എന്നൊരാശംസയോടെ തുടങ്ങുന്ന സംഭാഷണത്തിൽത്തന്നെ ഈ കാമാവേഗമാണ് പ്രകടമായി പ്രതിഭാസിയ്ക്കുന്നതു്. മഹിളമർ സ്മരക്രീഡയാൽ ക്ഷീണിതരായിരിക്കുമ്പോൾ ആ ക്ഷീണത്തെ പുലച്ചെയ്യു തലോടി മാറ്റുന്ന ചാടുകാരനായ പ്രിയനെപ്പോലെ, താർമുഖത്തിൽനിന്നു മുയന്ന സൌരഭ്യത്തോടും കാരണങ്ങളുടെ കൂജിതം നീളെ നീളെ ആലോചിച്ചും ശിപ്രാസമീരൻ വന്നണയുന്ന ആ ഉജ്ജയിനിയിൽ,

* “കാലിൽവെപ്പാൻക്കിണുങ്ങും രശനയോടു,
തളിർക്കൈതളർന്നഗ്ര്യരത്ന-
ശ്രീലിപ്തപ്പൊൽപ്പിടിച്ചാമരമതിലളിതം
വേശ്യമാർ വീശിനില്ക്കേ,
മേലിററിറേററനവ്യോദകകണിക നഖപ്പാടു
കോരിത്തരിക്കെ,
ച്ചേലിൽച്ചാർത്തും ഭവാനിൽ ഭ്രമരനിരകണ
ക്കേറെ നീളുംകടാക്ഷം.”

എന്നും മററും പറയുന്നതു സ്വന്തം അന്തരംഗത്തിൽ കൊടുമ്പിരിക്കൊള്ളുന്ന വികാരങ്ങളെ ആ മേഘത്തിൽ ആരോപിയ്ക്കുകയാണ്.

* “വാനീരച്ചില്ലയാം കൈചെറുതു തടയവേ
കൂലമാം ശ്രോണിമേൽ നി-
ന്നാനീലാലോലനീരാംബരമുടനെ ഹരിച്ചോ
ന്നു ചാഞ്ഞതാദ്രബന്ധോ!
നീ നീങ്ങാൻവല്ലപാടും തുനിയുക; രസമൊ
ന്നാസ്വദിച്ചോരിലാരാ-
ണാനീവിക്കുത്തഴിഞ്ഞാൽ വശഗസുഭഗയെ
സ്സന്ത്യജിപ്പാൻ സമർത്ഥൻ.”

എന്നിങ്ങിനെ ഗംഭീരാനദിയിൽ സ്ത്രീത്വം കല്പിച്ചുംകൊണ്ടു വർണ്ണിച്ചുപോകുന്ന ഭാഗങ്ങളും ഈയൊരുവികാരാവേഗമാണ് എടുത്തു പൊക്കിക്കാട്ടുന്നതു. ഈ മേഘമോ, ആ വികാരോദ്ദീപനാവസ്ഥയിലെ യക്ഷൻതന്നെയും അങ്ങിനെ, ഉച്ഛൃംഖലമായ തൻെറ വികാരത്തെ മേഘമായവതരിച്ചു ആവോളം സുഖമനുഭവിച്ചു, ചരിതാർത്ഥമാക്കാൻ യത്നിയ്ക്കയാണ്.

അപ്പോൾ, “ചക്ഷുഃപ്രീതിർമ്മനസ്സംഗഃ സംകല്പോത്പത്തിർന്നിദ്രാഃ ച്ഛേദസ്തനുതാ വിഷയേഭ്യോ വ്യാവൃത്തിർല്ലജ്ജാപ്രണാശ ഉന്മാദോ മൂർഛാമരണമിതി തേഷാം ലിംഗാനി” എന്നു കാമസൂത്രത്തിൽ വാത്സ്യായനൻ പറയുന്ന അനംഗദശകളിലൊന്നായ മനസ്സംഗംചെയ്തു തൃപ്തിയടയുകയാണു യക്ഷൻ അഥവാ കവി. അതിനുവേണ്ടിയെടുത്ത വിദ്യയാണ് മേഘസന്ദേശം. അല്ലാതെ,[4] “ഇവിടെ ഒരു സന്ദേശവുമില്ല, അതു കൊണ്ടുപോവാൻ ഒരു മേന്യവുമില്ല. വിദഗ്ദ്ധമായ ഭാവനാശക്തിയുടെ അമ്പരപ്പിച്ചുകളയുന്ന ഇന്ദ്രജാലം മാത്രമാണ് മുഴുവനും.” അങ്ങിനെ, ഈ സന്ദേശകാവ്യംതന്നെ കവിയുടെ സ്വന്തം വിചാരങ്ങളേയും രസങ്ങളേയും പ്രതിപാദിയ്ക്കയാണെന്നു അതിലെ ഓരോവാക്കും തെളിയിയ്ക്കുന്നുണ്ടല്ലൊ. എന്നല്ല, ഉച്ഛൃംഖലമായ കാമവികാരണത്തിലെത്തിയ ഒരുവൻെറ ഭാവനയുടെ രൂപമാണ് മേഘസന്ദേശം എന്നുംവന്നു ഇങ്ങിനെയല്ലെങ്കിൽ, അതൊരു ഇറോട്ടിക് ലിറിക് ആകുമായിരുന്നില്ലതാനും. ഒന്നാലോചിച്ചാൽപ്പോരെ, അപ്പോൾ, “കാളിദാസൻെറ മേഘസന്ദേശം മനുഷ്യൻെറ മനസ്സിലുള്ള ആർത്തിപിടിച്ച കാമാവേഗത്തിൻെറ രൂപവൽക്കരണമാണെ”ന്നു ശ്രീ. കുട്ടികൃഷ്ണമാരാർ പറഞ്ഞതല്ലേ അതും അതിലധികവും ശരി. അങ്ങിനെ നോക്കുമ്പോൾ, ജീവത്തായയൊരു ഐന്ദ്രിയബോധത്തിലെത്തിയ മനുഷ്യൻെറ യഥാർത്ഥ ഭാഷയെ വൃത്തഘടനയിലാക്കുന്നതെന്നു വേഡ്സ്‌വർത്തു പറഞ്ഞ ലിറിക്കുകളുടെ കൂട്ടത്തിൽ മേഘസന്ദേശമാണ് എല്ലാംകൊണ്ടും മുന്നിട്ടുനിൽക്കുന്നതു് എന്നു ഞാൻ മുമ്പുപറഞ്ഞ “ആ വെറും സ്റ്റൈലന്മാർ”കൂടി സമ്മതിക്കേണ്ടിവരും.

ഇനി, ഒരു ലിറക്കെന്ന നിലക്കു സാഹിത്യലോകത്തിൽ മേഘസന്ദേശത്തിന്നുണ്ടായിട്ടുള്ള മററവിജയങ്ങളേതെന്നു ചിന്തിയ്ക്കാം. ഈ സന്ദേശകാവ്യംതന്നെ ലിറിക്പ്രസ്ഥാനത്തിൽ അന്നോളമുണ്ടായിട്ടില്ലാത്ത ഒരു നൂതനമാർഗ്ഗമാണല്ലൊ. എന്നാൽ, ഇങ്ങിനെയൊരു സന്ദേശം രാമൻ ഹനുമാൻെറ വക്കൽ സീതയ്ക്കയയ്ക്കുന്നതായി വാത്മീകിരാമായണത്തിലുണ്ടല്ലൊ, അതിനോടു വലിയ കടപ്പാടുണ്ടു കാളിദാസനു എന്നു മല്ലിനാഥനും ദക്ഷിണാവർത്തനാഥനും ചൂണ്ടിക്കാണിയ്ക്കുന്നുണ്ടു്. അത്രകൊണ്ടും പോരാഞ്ഞിട്ടു, കാളിദാസനെ ക്രിസ്തുവിന്നുശേഷം ജീവിച്ചിരുന്നവനായെണ്ണുന്ന

* മേഘച്ഛായ.

4 രാജാങ്കണം. ഭാ. 185.

നിരൂപകന്മാരിൽച്ചിലർ ഈ ആശയം കാളിദാസൻ കടംവാങ്ങിയതു കാമവിലാപജാതകത്തിൽനിന്നോ നാഗാർജ്ജുനൻെറ പ്രജ്ഞാമൂലശാസ്ത്രികയിൽനിന്നോ ആയിരിയ്ക്കണമെന്നും, മററചിലർ അദ്ദേഹത്തിൻെറ സമകാലികനായ ഘടകർപ്പരൻെറ യമകകാവ്യത്തിൽനിന്നാവാനേ വഴിയുള്ളുവെന്നും വരെ അതിനെ കൊണ്ടുപോയിട്ടുണ്ട്. ഇവിടെ, വാത്മീകിരാമായണത്തോടു വലിയ കടപ്പാടുണ്ടെന്ന മല്ലിനാഥാഭിപ്രായം ശരിയാണെന്നുതന്നെ വാദത്തിന്നുവേണ്ടി സമ്മതിയ്ക്കുക; എന്നാൽത്തന്നെ അതുകൊണ്ട് എന്തു കുറച്ചിലാണ് കാളിദാസന്നു്. അങ്ങനെ രാമായണത്തിൽനിന്നു കിട്ടിയ പ്രമേയത്തെ, അതഹ്റിയ്ക്കുംവിധം, ഹൃദയാവർജ്ജകവും വിശേഷോത്തരവുമായ രൂപത്തിൽ കാളിദാസന്നു വിനിയോഗിയ്ക്കാൻ സാധിച്ചിട്ടുണ്ടെങ്കിൽ അതദ്ദേഹത്തിൻെറ മഹാകവിത്വത്തിന്നൊരു മാനഹാനിയായിക്കരുതിക്കൂടാ. മറിച്ചു, മേഘസന്ദേശം ആ ഹനുമത്സന്ദേശത്തിൻെറ പരിഷ്ക്കരിച്ചൊരു പതിപ്പു മാത്രമാണെന്നു പറയുന്നവരുണ്ടല്ലോ, 5 "അങ്ങിനെയൊരന്ധവിശ്വാസം പററിയവർക്കു മേഘസന്ദേശത്തിൽക്കാണുന്ന ഭാവനയുടെ മൌലികമായ, അപ്രഹതമായ, ഉൽക്കർഷം പറഞ്ഞുകേട്ടാലും മനസ്സിലാക്കാൻ പ്രയാസമുണ്ടാവും. വാസ്തവത്തിൽ, മേഘസന്ദേശം ഒരു സന്ദേശംതന്നെയല്ല; എന്നിട്ടുവേണ്ടേ അതു മറെറാരു സന്ദേശത്തിൻെറ അനുവർത്തനമാവാൻ. അതിൽ മേഘം സന്ദേശവും കൊണ്ടുപോകുന്നില്ല, പോയേയ്ക്കുമെന്നു യക്ഷൻ പ്രതീക്ഷിച്ചിട്ടുമില്ല." ഇതു്.

"ഒന്നായ് മേളിച്ച ധൂമജ്വലനപവന
നീരങ്ങളാം മേഘമെങ്ങോ,
ചെന്നാരാലേകവനായ് നിപുണകരണർ
താൻ വേണ്ട സന്ദേശമെങ്ങോ,
എന്നാത്തോൽക്കണ്ഠ മോക്കാതതിനൊ
ടവനപേക്ഷിച്ചു; കാമാതുരന്മാ-
രെന്നാളും ചേതനാചേതന വിനവിയലാൻ
ദീനരല്ലോ പ്രകൃത്യാ" എന്ന
ശ്ലോകത്തിൽനിന്നുതന്നെ വ്യക്തമാണതാനും.

അതെന്തായാലുംശരി, പൌരസ്ത്യവും പാശ്ചാത്യവുമായ ലിറിക്കുകളിൽ അഭ്യസൂയാഹ്മായ ഒരു പദവിതന്നെ മേഘസന്ദേശം ആജ്ജിച്ചിട്ടുണ്ട്. അതിന്നു, സംസ്കൃതത്തിൽത്തന്നെയുണ്ടായിട്ടുള്ള സന്ദേശകാവ്യപ്രചാരം ഒരു തെളിവാണു്. അങ്ങനെ, ഇതിൻെറ അനുകരണങ്ങളം ഒന്നുംരണ്ടുമല്ല, നൂറുകണക്കായിപ്പുറപ്പെട്ട സംസ്കൃതത്തിൽ. (ന

5 രാജാങ്കണം. ഭാ. 183.

— സായംസന്ധ്യ —



ഫോട്ടോ: കെ. കെ. വിജയരാഘവൻ (ജൂനിയർ)

മ്മുടെ ഭാഷയിലും ഈയൊരനുകരണഭ്രാന്തു മൂത്ത ഒരു കാലമുണ്ടായിരുന്നുവല്ലോ) അക്കൂട്ടത്തിൽ, എണ്ണപ്പെടാവുന്നവയായി, ക്രിസ്ത്വാബ്ദം 12-ാം നൂററാണ്ടിൽ ജീവിച്ച ധോയിയുടെ പാവനദൂതം, 14-ാം ശതകക്കാരനായ വെങ്കടനാഥൻെറ ഹംസസന്ദേശം എന്നിവയേയുള്ളൂ. അവതന്നെ അത്രയൊന്നു മെച്ചപ്പെട്ടവയാണെന്നും പറഞ്ഞുകൂടാ. മററുള്ളവയുടെ കഥ പിന്നെ പറയാനുണ്ടോ. പാശ്ചാത്യനിരൂപകനായ ഡാക്ടർ കീത്ത്, വത്സഭട്ടിയാണ് ഈ ശാഖയിൽ കാളിദാസൻെറ ഒന്നാമത്തെ അനുകരണക്കാരനെന്നും, അതല്ല വെങ്കടാധ്വരിയാണെന്നു ഡാക്ടർ ഹാംസും അഭിപ്രായപ്പെട്ടിട്ടുണ്ട്. ജൈനമതക്കാരാകട്ടെ, ഈ പ്രസ്ഥാനത്തെ അവരുടെ മതോപദേശങ്ങളെയാകെ—മതതത്വങ്ങളെ പ്രചരിപ്പിയ്ക്കുക—എന്ന പുതിയ സരണിയിലേയ്ക്കിറക്കി നല്ലൊരു വ്യാപാരംചെയ്തു ലാഭം നേടി. എട്ടാം ശതകത്തിൽ ജീവിച്ച ജിനസേനനെന്ന ജൈനകവി അദ്ദേഹത്തിൻെറ 'പാർശ്വാഭ്യുദയം' എന്ന കൃതിയിൽ സമസ്യാപൂരണരൂപേണ മേഘസന്ദേശത്തിലെ ഓരോ വരിയും അതേ പടി പകർത്തി മററ മൂന്നു പദങ്ങളും സ്വന്തംവകയായി രചിച്ചു ചേർക്കുകയാണുണ്ടായതു്. പക്ഷേ, ഈ കാവ്യം മറെറാന്നിന്നുമില്ലെങ്കിലും 8-ാം ശതകത്തിൽ മേഘസന്ദേശത്തിൻെറമൂലം എങ്ങിനെയിരുന്നു എന്നറിയാൻ ഒട്ടൊക്കെ സഹായിയ്ക്കുന്നുണ്ട്. അങ്ങിനെ നോക്കുമ്പോൾ, 120 ശ്ലോകങ്ങളാണെന്ന് പ്രചാരത്തിലുണ്ടായിരുന്നതെന്നു കാണാം. എന്നാൽ,

വല്ലഭദേവൻ (12-ാം ശതകം) അതു 111 ആണെന്നും മല്ലിനാഥൻ (14-ാം ശതകം) അതു 118 ആണെന്നും വാദിക്കുന്നു. ആ വാദത്തിന്റെ കഥയവിടെ നിൽക്കട്ടെ. അങ്ങിനെതന്നെ,

"പ്രാണിത്രാണപ്രവണഹൃദയോ ബന്ധുവർഗ്ഗം സമഗ്രം
ഹിത്വാ ഭോഗാൻ സഹ പരിജനൈരുഗ്രസേനാത്മജാം ച
ശ്രീമാൻ നേമിർവ്വിഷയവിമുഖൊ മോക്ഷകാമശ്ചകാര
* സ്നിഗ്ദ്ധച്ഛായാതരുഷുവസതിം രാമഗിര്യാശ്രമേഷു."

എന്നു തുടങ്ങുന്ന വിക്രമന്റെ നേമിദൂതവും അക്കൂട്ടത്തിൽപ്പെട്ട ഒരു സമസ്യാപൂരണരൂപത്തിലുള്ള ഗ്രന്ഥമാണെന്നു കാണാം. അതുകൊണ്ടു, മേഘസന്ദേശത്തിന്നു സംസ്കൃതത്തിൽ നൂറുകണക്കിൽ അനുകരണങ്ങളുണ്ടായി എന്നാണല്ലോ നാം കണ്ടതു്.

അവിടംകൊണ്ടുമായില്ല, പാശ്ചാത്യദേശങ്ങളിൽത്തന്നെ അതിന്നനുകരണങ്ങളുണ്ടായിട്ടുണ്ടെന്നുവേണം പറയുവാൻ. ഷില്ലർ എന്ന പാശ്ചാത്യകവി അദ്ദേഹത്തിന്റെ 'മേരിയാ സ്റ്റുവർട്ട്' എന്ന കാവ്യത്തിൽ, തടവുകാരിയായ സ്കോട്ടലണ്ടിലെ രാജ്ഞി തെക്കോട്ടു പറന്നുപോവുന്ന മേഘങ്ങളെ വിളിച്ചു യൌവനത്തിൽ അവൾ ആമോദത്തിലാറാടി വളൎന്ന രാജ്യത്തെ ആവഴി വന്ദിക്കുവാൻ പറയുന്നൊരു കഥാഭാഗമുണ്ടു്. ഇവിടെ, പുരുഷനല്ല സ്ത്രീയാണു സന്ദേശകാരിണി എന്നേയുള്ളു വ്യത്യാസം. മററെല്ലാംകൊണ്ടും ആ കവി, കാളിദാസൻ എടുത്തു പയററിയ ആശയത്തെ മാത്രമല്ല അദ്ദേഹമുപയോഗിച്ച മററുപാധികളേയും ഏറെക്കുറെ അനുകരിച്ചിട്ടുണ്ടു്. അതുകൊണ്ടു, പാശ്ചാത്യദേശങ്ങളിൽ മേഘസന്ദേശത്തിന്നുണ്ടായിട്ടുള്ള പ്രചാരവും അവരിലുണ്ടായിട്ടുള്ള പ്രചോദനവും ഊഹിക്കാമല്ലൊ. അതാണു ഞാൻ പറയുന്നതു്, ഈ ലിറിക്‌പ്രസ്ഥാനംതന്നെ ഇംഗ്ലീഷിൽ പ്രചരിച്ചതു സംസ്കൃതത്തിൽനിന്നാവാൻ അവകാശമുണ്ടു് എന്നു്.

ഇനി, മേഘസന്ദേശത്തിന്നു് ഒരു ലിറിക്കെന്ന നിലയ്ക്കുണ്ടായിട്ടുള്ള വിജയം അതിൽ സ്വീകരിച്ച മന്ദാക്രാന്താവൃത്തത്തേയും ഒട്ടൊക്കെ ആശ്രയിക്കുന്നുണ്ടു്. 'ശ്രീധരാ' എന്നു നാട്യശാസ്ത്രത്തിൽ ഭരതനാൽ അന്വൎത്ഥമായി വിളിക്കപ്പെട്ട ഈ വൃത്തം കാളിദാസന്റെ സംഗീതസാമൎത്ഥ്യ (സമ്യക്കാകുംവണ്ണം ഗാനം ചെയ്യാനുള്ള സാമൎത്ഥ്യം)ത്തെ ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്നുണ്ടു്. എന്നല്ല, ഇതുകൊണ്ടു ഗാനാത്മകത എന്ന ലിറിക്കിന്റെ ഒരു പ്രധാന ഗുണംകൂടെ ഈ കാവ്യത്തിന്നുണ്ടെന്നും വന്നു. എന്നുവേണ്ട, വസന്തതിലകത്തിലെഴുതിയ വിഷ്ണുദാസന്റെ മനോദൂതവും ശിഖരിണിയിലുള്ള രൂപഗോസ്വാമിയുടെ ഹംസദൂതവുമൊഴിച്ചു മററെല്ലാ സന്ദേശകാവ്യങ്ങൾക്കും കാളിദാസൻ സ്വീകരിച്ച ഈ മന്ദാക്രാന്തയാണു മാതൃകയായി നിലകൊള്ളുന്നതു് എന്നു വേണം പറയുവാൻ. സാമാന്യമായി അനുരാഗകാവ്യങ്ങളിൽ (erotic lyrics) സ്വീകരിച്ചുവരുന്ന, വൈദൎഭീരീതിയിൽപ്പിറന്ന കൈശികീവൃത്തി—ഇതു, സൌമ്യഭാവത്തിലുള്ള വിരഹിയായ ജനം പ്രകടിപ്പിക്കുന്ന സ്നേഹത്തിന്റേയും ആതങ്കത്തിന്റേയും ബോധമാണു്—തന്നെ ഈ മേഘസന്ദേശത്തിന്നു പകപ്പവകാശം കൊടുക്കേണ്ടതാണ്. ഇനിയൊന്നു: വിനയവിജയഗണിയുടെ ഇന്ദുദൂതത്തേക്കാളും ലക്ഷ്മീദാസന്റെ ശുകസന്ദേശത്തേക്കാളും അന്നത്തെ ദേശസ്ഥിതികളേയും മനുഷ്യന്റെ സാംസ്കാരികമായ പതനത്തേയും മേഘസന്ദേശത്തിലാണു രൂപപ്പെട്ടുകാണുന്നതു്. അപ്പോൾ, "മനുഷ്യസമുദായത്തിൽ അന്നും, പല പല നൂററാണ്ടുകൾക്കുശേഷം ഇന്നും, ഒരുവേള—ആൎക്കറിയാം?—ഇനിയും പല നൂററാണ്ടുകളിലും നിലനിന്നുവരുന്ന ആ വിഷയലാലസതയുടെ വിവിധചേഷ്ടകളെ എടുത്തു കണിപ്പാൻവേണ്ടിയാണു്, ഇന്ത്യ അഭിമാനപുളകത്തോടെ അനുസ്മരിക്കുന്ന അവളുടെ ആ മഹാകവി, കാളിദാസൻ, മേഘസന്ദേശം രചിച്ചതെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു" എന്നു ശ്രീ. കുട്ടികൃഷ്ണമാരാർ പറയുന്നതു വളരെയേറെ യുക്തിയുക്തമാണെന്നു തെളിയുന്നുണ്ടു്.

അങ്ങിനെ, മേഘസന്ദേശം സംസ്കൃതസാഹിത്യത്തിലെ പദ്യരചനയിൽ വലിയൊരു പരിവൎത്തനം തന്നെയാണു വരുത്തിക്കൂട്ടിയതു്. എന്നല്ല, കവിയുടെ "സന്തപ്തമായ ഹൃദയത്തിൽനിന്നു നീരാവിയായി പൊങ്ങിയ കാമചിന്തകൾ കലാസൌന്ദൎയ്യത്തോടെ ഘനീഭവിച്ച" ആ മനസ്സംഗസ്വപ്ന—മേഘസന്ദേശം—മാണു ലിറിക് പ്രസ്ഥാനത്തിന്റെ ഉത്തുംഗശൃംഗത്തിൽ നിലകൊള്ളു

---

* കശ്ചിൽ കാന്താവിരഹഗുരുണാ സ്വാധികാരാത്പ്രമത്തഃ
ശാപേനാസ്തംഗമിതമഹിമാ വൎഷഭോഗ്യേണഭൎത്തുഃ
യക്ഷശ്ചക്രേ ജനകതനയാസ്നാനപുണ്യോദകേഷു
സ്നിഗ്ദ്ധച്ഛായാതരുഷുവസതിം രാമഗിര്യാശ്രമേഷു.
(മേഘസന്ദേശം ശ്ലോകം 1.)

ന്നതും. എന്തിന്; പാശ്ചാത്യ സാഹിത്യനിരൂപകനായ എച്ച്. ഹൌസ്കൂടെ പ്പറയുന്നു: “the Meghaduta stands unrivalled in the whole field of lyric poems, a crowning grace, a reverie full of love's richest music” എന്നു. അതുകൊണ്ടു ഞാനിത്രത്തോളം മേഘസന്ദേശത്തെപ്പററിത്തന്നെ പറഞ്ഞതു, വിശ്വസാഹിത്യത്തിലെ ലിറിക് പ്രസ്ഥാനത്തിൽ അത്രത്തോളമുയൎന്നൊരു കാവ്യമുണ്ടായിട്ടില്ല. അതാണു മററു ലിറിക്കുകൾക്കു നേതൃത്വം നൽകിയതു എന്നു കാണിപ്പാനാണു. അപ്പോൾ, “നാടകീയോൽകൎഷംകൊണ്ടു ശാകുന്തളത്തോടൊപ്പമിരിക്കാവുന്ന കൃതികൾ വിശ്വസാഹിത്യത്തിലുണ്ടെന്നുംവരാം; അപ്പോഴും മേഘസന്ദേശം ഒററപ്പെട്ടേനിൽക്കുകയുള്ളൂ” എന്നു ശ്രീ. മുണ്ടശ്ശേരി പറഞ്ഞതല്ലേ ശരി.

എന്നിരിക്കെ, സംസ്കൃതത്തിലെ ലിറിക് പ്രസ്ഥാനത്തിൽപ്പിറന്ന മററു കൃതികളെപ്പററി ചിന്തിക്കുന്നതുതന്നെ വ്യൎത്ഥമല്ലേ? എന്നു പറഞ്ഞുകൂടാ. സംസ്കൃതസാഹിത്യത്തിൽ ലിറിക് പ്രസ്ഥാനത്തിന്നുള്ള വിസ്തൃതിമനസ്സിലാക്കാൻ, അതിന്റെ ആഴം കണ്ടെത്താൻ, അതിൽപ്പിറന്ന മററു കൃതികളെക്കൂടെ ചിന്തിക്കുകതന്നെവേണം. കാളിദാസന്റെ മേഘസന്ദേശത്തോടെ സംസ്കൃതത്തിലെ ലിറിക് പ്രസ്ഥാനത്തിന്റെയെന്നല്ല സംസ്കൃതസാഹിത്യത്തിന്റെ ആകെത്തന്നെ വളച്ച നിന്നെങ്കിലും കൃതികളനവധിയുണ്ടായിട്ടുണ്ട് അതിന്നുശേഷവും. അക്കൂട്ടത്തിൽ, കാളിദാസൻേറതെന്നു പറയപ്പെടുന്ന ശൃംഗാരതിലകവും ഒരു ലിറിക്കായെണ്ണാം. അതാകട്ടെ, അന്യോന്യഘടനയില്ലാത്ത 23 മുക്തകങ്ങളുടെ—ആകൎഷകങ്ങളായ അനവധി കാമരൂപങ്ങളുടെ—ഒരു സമാഹാരമാണതാനും. എന്തായാലും, കാളിദാസന്റേതല്ലെങ്കിൽ അദ്ദേഹത്തിന്റെ സമകാലികനായ ആരുടെയെങ്കിലുമായിരിക്കണമെന്നു വിശ്വസിക്കപ്പെടുന്ന ആ കൃതി മൊത്തത്തിൽ ഇറോട്ടിക് ലിറിക്കുകളുടെ സ്ഥായിരസമായ ശൃംഗാരത്തെ പ്രകടമായി പ്രതിപാദിച്ചിട്ടുണ്ടെന്ന വസ്തുത വിസ്മരിച്ചുകൂടാ.

— വാധ്യാർ —



സ്കെച്ച്:—ഒ. അച്യുതൻ (സീനിയർ.)

അതും കടന്നു നാമെത്തുന്നതു കാളിദാസനുള്ളൊരു മറുകത്തിലേക്കാണ്. അതായതു, ഘടകപ്പരന്റെ 22 ശ്ലോകങ്ങൾ മാത്രമുൾക്കൊള്ളുന്ന യമകകാവ്യമാണു പിന്നത്തെ പ്രധാന കൃതി. ഇതിൽ, വിക്രമാദിത്യസദസ്സിലെ നവരത്നങ്ങളിൽപ്പെട്ട ആളാണെന്നും അങ്ങിനെ കാളിദാസന്റെ സമകാലികനാണെന്നു പറയപ്പെടുന്ന ഈ കവി ഒരു കാമിനിയെക്കൊണ്ടു കാമുകന്നൊരു സന്ദേശമയപ്പിക്കുകയാണ്. അതും കാളിദാസൻ ചെയ്തപോലെ ആ മേഘത്തെക്കൊണ്ടുതന്നെ. അങ്ങിനെ, മേഘസന്ദേശത്തിലെ ഭാവത്തിന്റെ ഒരു തിരിച്ചടിയാണതു്. അപ്പോൾ, കാളിദാസന്റെ മേഘസന്ദേശം കണ്ടതോടെ, വെറും വിനോദത്തിന്ന്, ഒരു വിഡംബനമെന്നോണം അതിന്നൊരു മറുകത്തുണ്ടാക്കിയതാണ് ഈ കവിയെന്നും അതുകൊണ്ട് അദ്ദേഹത്തിന്റെ സമകാലീനനാണെന്നും വിചാരിക്കാൻ യുക്തിയുണ്ട്. പക്ഷെ, സ്നേഹഭാവത്തെ സാമാന്യമായി പ്രതിപാദിച്ചിട്ടുണ്ടെങ്കിലും മൊത്തത്തിൽ അദ്ദേഹത്തിന്റെ പ്രതിപാദനശൈലിയും മററും ഹൃദ്യമായിത്തോന്നുന്നില്ല. എങ്കിലും ഇതിനേയും ഒരു ഇറോട്ടിക് ലിറിക്കായെണ്ണാം.

ഇങ്ങിനെ നോക്കുമ്പോൾ, സംസ്കൃതസാഹിത്യത്തിൽ എണ്ണപ്പെടാവുന്ന മറെറാന്നു ഭൎത്തൃഹരിയുടെ ശൃംഗാരശതകമാണ്. അതിന്നുമുമ്പു 5-ാം ശതകത്തിൽ ജീവിച്ച ഹാലന്റെ സപ്തശതകമുണ്ടെന്നതിരിക്കട്ടെ. മഹാരാഷ്ട്രീ പ്രാകൃതത്തിലെഴുതപ്പെട്ട പല കവികളുടേയും 700 ഓളം ശ്ലോകങ്ങളുൾക്കൊള്ളുന്ന അതു് ഒരനുരാഗകാവ്യത്തിലുമധികം ഭക്തിവിഷയകമായ ലിറിക്കായാണു കാണപ്പെടുന്നതു്. അതിൽ ശ്രീകൃഷ്ണനെ ഒരു ദിവ്യകാമുകനെന്ന നിലയ്ക്കു വൎണ്ണിച്ചാരാധിക്കുകയാണ്, അതുകൊണ്ട്. അതിനെ ഈ ഇറോട്ടിക് ലിറിക്കുകളുടെ കൂട്ടത്തിൽപ്പെടുത്തുകയല്ല നല്ലതു, മറിച്ചു ഭക്തിവിഷയകങ്ങളായ ലിറിക്കുകളിൽ (devotional lyrics) പ്പെടുത്തുകയാണ്. ഭൎത്തൃഹരിയുടെ ശതകങ്ങളിൽത്തന്നെ ശൃംഗാരശതകം

തെ മാത്രമെ ഒരു ഇറോട്ടിക് ലിറിക്കായി പരിഗണിച്ചുകൂടു. ഒരൊററ സൂത്രത്തിൽ കോൎത്ത നൂറോളം മുക്തകങ്ങളാണ് ശൃംഗാരശതകത്തിൽ. അവതന്നെ, പല ഭാവത്തിലും പ്രകാരത്തിലുമുള്ള രാഗികളുടെ വികാരങ്ങളേയും വിചാരങ്ങളേയും ആകൎഷകമായ വിധം ചിത്രീകരിക്കുകയാണ്. ഇതിൽനിന്ന്. ഏഴാം ശതകത്തിൽ ജീവിച്ചുവെന്ന ചീനയാത്രക്കാരനായ ഇററ്സിങ്ങ് പറയുന്ന ഭൎത്തൃഹരിയുടെ കാലത്തെ അനുരാഗകാവ്യപ്രസ്ഥാനത്തിൻെറ സമ്പ്രദായം മനസ്സിലാക്കാം. എന്നല്ല, ആ ഭൎത്തൃഹരിക്കുതന്നെ ഒരു കാമിയുടെ ഹൃദയത്തിൽക്കൂടെ അണിനിരന്നു കടന്നുപോവുന്ന മോഹനസ്വപ്നങ്ങളെപ്പററി എത്രത്തോളം ആനുഭവികമായ അറിവുണ്ടെന്നും ഇതിൽനിന്നു വ്യക്തമാവും. അതുകൊണ്ടു, തീൎച്ചയായും ഇതിനെ ഇറോട്ടിക് ലിറിക്കുകളുടെ കൂട്ടത്തിൽപ്പെടുത്താം. എന്നാൽ, അദ്ദേഹത്തിൻെറ വൈരാഗ്യശതകം—ഭൌതികങ്ങളായ എല്ലാ സുഖങ്ങളിൽനിന്നും വിരക്തി വരുത്താൻ പ്രയത്നിക്കുന്നതാണ് ഈ കാവ്യമാകെ—എങ്ങിനെ ഒരു ഇറോട്ടിക് ലിറിക്കാകും എന്നതൊരു ഗഹനമായ വാദമാണ്. അതും നീതിശതകവും വെറും ലിറിക്കുകളായെണ്ണാം. എന്നല്ല, നീതിബോധോദ്ദേശത്തു പേണയുള്ള അവയെ 'നോമിക്പ്രസ്ഥാന' (Gnomic literature) ത്തിൽ പെടുത്തുന്നതായിരിക്കും ഏററവും ഉചിതം. അതുകൊണ്ടു അവയ്ക്കു ലിറിക് ഗുണങ്ങൾ ഇല്ലെന്നല്ല ഇപ്പറഞ്ഞതിൻെറ അൎത്ഥം. ഭാരവിയുടേതിനോടു സാദൃശ്യമുള്ള ഭൎത്തൃഹരിയുടെ ശൈലിയും ആശയപ്രകാശനസാമൎത്ഥ്യവും ഈ ലിറിക്കുകളെ തികച്ചും ആദ്യന്തം അനുഗ്രഹിച്ചിട്ടുണ്ടെന്നുവേണം പറയുവാൻ.

അതിനുശേഷം നാം കാണുന്നതു ഭാരതത്തിലെ ഏററവും പ്രചാരമുള്ള അനുരാഗാത്മകഖണ്ഡകാവ്യമായ അമരുകശതകമാണ്. അതിൻെറ തലക്കെട്ടു സൂചിപ്പിക്കുന്നതുപോലെ, അമരുകൻ എഴുതിയ നൂറോളം ശ്ലോകങ്ങളുടെ ഒരു സമാഹാരമാണിത്. ധ്വന്യാലോകത്തിൻെറ കൎത്താവായ ആനന്ദവൎദ്ധനനും കാവ്യാലങ്കാരസൂത്രകാരനായ വാമനനും അമരുകശതകത്തെപ്പററി പ്രസ്താവിക്കുന്നതുകൊണ്ട് ആ കവി ക്രിസ്തബ്ദം 750-ാമാണ്ടിനു മുമ്പു ജീവിച്ച ആളായിരിക്കുമെന്നു വിശ്വസിക്കാം. പണ്ടൊരിക്കൽ ശങ്കരാചാൎയ്യൻ കാശ്മീരരാജാവിൻെറ മൃതദേഹത്തിൽ സ്വജീവനെ പ്രവേശിപ്പിച്ച് അവിടുത്തെ അന്തഃപ്പുരത്തിലെ സുഖങ്ങളെല്ലാം ആവോളം ആസ്വദിച്ചതിനുശേഷം ആ സ്മരണകളെ തൻെറ ഭാവനാസൌകുമാൎയ്യം നിറഞ്ഞ ശൈലിയിൽപ്പകൎത്തിയതാണിതെന്ന് ഒരുപക്ഷമുണ്ട്. അതെന്തായാലും, കാമികളുടെ വിഭിന്നങ്ങളായ അവസ്ഥാവിശേഷങ്ങളെയാകമാനം തികഞ്ഞ തന്മയത്വത്തോടെ വൎണ്ണിച്ചുവെച്ച ഈ കൃതി കാമത്തിൻെറ ആകൎഷകങ്ങളായ ഒരു നൂറുകൂട്ടം ജീവച്ചിത്രങ്ങളെ സഹൃദയന്നു സമ്മാനിക്കുന്നുണ്ടെന്നു സമ്മതിച്ചേ തീരൂ. കേരളീയൎക്കാണെങ്കിൽ ഈ കൃതി അത്രയൊന്നും അപരിചിതവുമല്ല.

കാശ്മീരിനെത്തന്നെ സംബന്ധിക്കുന്ന മറെറാരു ലിറിക്കാണു ബിൽഹണൻെറ ചൌരപഞ്ചാശിക. അമരുകൻേറതുപോലെ ഇതിൻെറ പിന്നിലും ഇങ്ങിനെയൊരു കഥയുണ്ട്: കാശ്മീര രാജകുമാരിയുമായി രഹസ്യമായ സ്നേഹസല്ലാപം ചെയ്തുവന്നിരുന്ന കവിയുടെ ഈ പ്രവൃത്തി രാജദൃഷ്ടിയിൽപ്പെട്ടപ്പോൾ അദ്ദേഹത്തെ വധിക്കാനാണു രാജകല്പനയുണ്ടായതെന്നും, അപ്പോൾ തൻെറ പ്രിയയുമായി രമിച്ച പൂൎവ്വകാലത്തെ അനുസ്മരിച്ചുകൊണ്ടു കവി ഈ കൃതിയെഴുതി എന്നും അതു കണ്ടു പ്രീതനായി രാജാവ് അയാളെ വിട്ടയയ്ക്കുക മാത്രമല്ല ആ ഇഷ്ടജനത്തെത്തന്നെ അയാൾക്കു പാരിതോഷികമെന്നോണം പരിണയനം ചെയ്തുകൊടുത്തെന്നും മററും. അതുകൊണ്ടുതന്നെ, സ്വാനുഭവങ്ങളുടെ സ്മരണയെ, അതും പ്രേമത്തെ, മുൻനിൎത്തിയെഴുതിയ ഈ കൃതി ഒരു ഇറോട്ടിക് ലിറിക്കാണെന്നു തെളിയുന്നുണ്ടല്ലൊ. ഈ കവി 11-ാം ശതകത്തോടാണു ബന്ധപ്പെട്ടതെന്നും തോന്നുന്നു.

ഇനി, ഇറോട്ടിക് ലിറിക്പ്രസ്ഥാനത്തിൽ ഉൾപ്പെടുത്താവുന്നതായി എണ്ണപ്പെട്ടൊരു കൃതിയുള്ളതു ഗോവൎദ്ധനൻെറ ആൎയ്യാസപ്തശതിയാണ്. അതാകട്ടെ, ഹാലനെ ഏറിയകൂറും അനുകരിച്ചുകൊണ്ടുള്ള ഒരു സൂക്തിമാലികയാണുതാനും. ഹാലൻ മററ കൎത്താക്കളുടേതു സമാഹരിച്ചു. മറിച്ചു, ഗോവൎദ്ധനൻ സ്വന്തമായെഴുതി അക്ഷരമാലാക്രമത്തിൽ ശ്ലോകങ്ങളെ അടുക്കിവെച്ചു വ്രജ്യകളെന്ന പേരിൽ അവയെ ഖണ്ഡികകളാക്കുകയാണ് ഇത്രേയുള്ള വ്യത്യാസം. കവിതാസൌന്ദൎയ്യത്തെപ്പററി നോക്കുകയാണെങ്കിൽ, ഹാലൻേറതിനേക്കാൾ ഒരുപടി കീഴെയാണിത്. പക്ഷെ, ഒന്നാന്തരം മാധുര്യം തുളുമ്പുന്ന ഭാഷയിലാണിതെഴുതപ്പെട്ടതു എന്ന ഒരു ഗുണമുണ്ടു കൂട്ടത്തിൽ. അങ്ങിനെ, പറയത്തക്ക വലിയ മെച്ചമൊന്നുമില്ലെങ്കിലും രാഗിയെപ്പററി വൎണ്ണിക്കുന്ന ഒരു ലിറിക്കായി ഇതും നിലകൊള്ളുന്നു.

ഇങ്ങനെ നോക്കുമ്പോൾ, സംസ്കൃതത്തിൽ ഇനിയുമുണ്ടു ഇറോട്ടിക് ലിറിക്കുകൾ വളരെയേറെ. പക്ഷെ, പ്രധാനമായവ ഇപ്പറഞ്ഞതാണെന്നേയു

ള്ളു. ഞാനിത്രയും എടുത്തുപറഞ്ഞതു സംസ്കൃതത്തിലുള്ള ഇറോട്ടിക്‌ലിറിക്കുകളുടെ സാമാന്യസമ്പ്രദായം ഒന്നു വെളിപ്പെടുത്താൻ മാത്രമാണ്.

ഇനി, നമുക്കു ഭക്തിവിഷയകങ്ങളായ ലിറിക്കുകളെപ്പററി ചിന്തിയ്ക്കാം. വേദത്തിലെ പല മന്ത്രങ്ങളും ഈ വകുപ്പിലുൾപ്പെടുമെന്നു മുമ്പു പറഞ്ഞല്ലൊ. എന്നുവേണ്ട, ഋഗ്വേദത്തെ മുഴുവൻ തന്നെ അത്തരം ലിറിക്കുകളുടെ ഒരു സമാഹാരമായെടുക്കാം. പുരാണങ്ങളിലും ഇതിഹാസങ്ങളിലും തന്ത്രങ്ങളിലും ഇത്തരം ലിറിക്കുകളുണ്ടെന്നതിരിയ്ക്കട്ടെ; കഥാവസ്തുക്കളുടെ പ്രതിപാദനത്തിൽ യാദൃച്ഛികമായിവരുന്ന ചില പ്രാർത്ഥനകളും മററും മാത്രമാണവ. എന്നാൽ, ഭാവത്തിലും രൂപത്തിലും മനോഹരങ്ങളായ അനവധി 'ഡിവോഷനൽ ലിറിക്ക്'കൾ പേർ പുകഴ്ന്നവയായിത്തന്നെയുണ്ടു സംസ്കൃതത്തിൽ.

അക്കൂട്ടത്തിലും വളരെ പ്രാചീനമായൊരു കൃതിയായെണ്ണുന്നതു കാളിദാസന്റേതെന്നു പറയപ്പെടുന്ന ശ്യാമളദണ്ഡകമാണ്. അതാകട്ടെ, സരസ്വതിയെ വാഴ്ത്തിക്കൊണ്ടുള്ള ദണ്ഡകരൂപത്തിലെഴുതിയ ഭക്തിരസപ്രധാനമായൊരു കാവ്യമാണെന്താനും. ഈ കൃതിയുടെ കർത്താവിനെപ്പററി അഭിജ്ഞന്മാരുടെയിടയിൽ ധാരാളം പക്ഷാന്തരങ്ങളുണ്ടു്. ഇനിയൊന്നു, ബാണന്റെ ചണ്ഡിശതകമാണ്. മഹിഷാസുരവധത്തിൽ പാർവ്വതിയ്ക്കുള്ള പ്രഭാവത്തെ പ്രത്യേകിച്ചും എടുത്തു പറഞ്ഞുകൊണ്ടു സ്തുതിയ്ക്കുന്ന നൂറോളം സ്രഗ്ദ്ധരാവൃത്തശ്ലോകങ്ങളാണു് ഈ കാവ്യത്തിൽ. പക്ഷെ, സ്വന്തമായ ഭക്തി അത്രയൊന്നും പ്രകടമായിക്കാണാത്ത ഈ കൃതി കലാസൌകുമാര്യത്തിലും അത്രയൊക്കെ മെച്ചപ്പെട്ടതാണെന്നു പറഞ്ഞുകൂടാ.

ഭക്തിരസപ്രധാനങ്ങളായ ലിറിക്കുകളുടെ കൂട്ടത്തിൽ വളരെയേറെ പ്രാധാന്യമുള്ളൊരു കൃതിയാണു മയൂരന്റെ സൂര്യശതകം. പേരുകൊണ്ടുതന്നെ ഇതു സൂര്യനെപ്പററിയുള്ളൊരു സ്തോത്രമാണെന്നു തെളിയുന്നുണ്ടല്ലൊ. എന്നാൽ, ഹർഷന്റെ കാലത്തു ജീവിച്ചിരുന്ന ഈ കവിയുടെ സ്വന്തമായൊരു പ്രാർത്ഥനയല്ല ഇതു; മറിച്ചു ഹർഷന്റെ പിതാവായ പ്രഭാകരവർദ്ധനനുള്ള ഒരുപചാരം കൂടിയാണതു് എന്നൊരു പക്ഷമുണ്ടു്. ഇതിന്നു, ഹർഷന്റെ പൂർവ്വികന്മാർ സൂര്യഭക്തന്മാരാണെന്നും അതിൽ പ്രഭാകരവർദ്ധനൻ പ്രത്യേകിച്ചും പ്രധാനിയാണെന്നും അവരെടുത്തുപറയുന്നു. പക്ഷെ, ഒന്നുണ്ടു്: ഈ കൃതിയിൽ സൂര്യനേയും അദ്ദേഹത്തിന്റെ സാരഥിയായ അനൂരുവിനേയും മററും ആകർഷകമായ രീതിയിൽ വർണ്ണിയ്ക്കുന്ന പല ഭാഗങ്ങളുമുണ്ടു്. എന്നല്ല, ആ അരുണനെ സൂര്യനായ നടന്റെ ആഗമനത്തെപ്പററി മുന്നറിയിപ്പുതരുന്ന ഒരു സൂത്രധാരനായും വർണ്ണിച്ചുവെച്ചിട്ടുണ്ടു്. അങ്ങിനെ, സംസാരസാഗരംതന്നെ തരണംചെയ്യാനുള്ള കപ്പലുകളായി സൂര്യകിരണങ്ങളെ വർണ്ണിയ്ക്കുക എന്നുവരെ എത്തിച്ചിട്ടുണ്ടതിനെ. അനുപ്രാസത്തോടും യമകത്തോടും വളരെയേറെ പ്രതിപത്തി കാണിച്ചിട്ടുള്ള ഈ കൃതി മധുരമായ ശൈലിയിലെഴുതപ്പെട്ടതെങ്കിലും കാളിദാസന്റേതുപ്പോലെ ലളിതസുഭഗമാണെന്നു പറഞ്ഞുകൂടാ. ഈ കൃതി രചിച്ചുകഴിഞ്ഞപ്പോഴേയ്ക്കും കവിയ്ക്കുണ്ടായിരുന്ന കുഷ്ഠരോഗം തീരെ ഭേദപ്പെട്ടു എന്നൊരു കഥയുമുണ്ടു് ഇതിന്റെ പിന്നിൽ. എന്തായാലും ഈ കൃതിയ്ക്കു 'ഡിവോഷനൽ ലിറിക്കു'കളുടെ കൂട്ടത്തിൽ ഒരു നല്ല സ്ഥാനമുണ്ടു്.

ഇനി, കേരളീയർക്കു വളരെയേറെ പരിചയമുള്ള കൃഷ്ണകർണ്ണാമൃതംതന്നെ ഇത്തരത്തിൽ ഒരു 'ഡിവോഷനൽ ലിറിക്കാ'ണെന്നു കാണാം. ലീലാശുകൻ അഥവാ വില്വമംഗലത്തുസ്വാമിയാർ എന്ന ഇതിന്റെ കർത്താവു കേരളീയനായ മുഴമംഗലം നമ്പൂതിരിയാണെന്നു് ഒരൈതിഹ്യമുണ്ടു്. അതെന്തായാലും ശരി, മൂന്നു് ആശ്വാസങ്ങളായി ഭാഗിച്ച മുന്നൂറോളം ശ്ലോകങ്ങളുൾക്കൊള്ളുന്ന ഈ കൃതി ശ്രീകൃഷ്ണന്റെ അന്യാദൃശസൌന്ദര്യത്തേയും അദ്ദേഹത്തിന്റെ കൌമാരാവസ്ഥയിലെ ക്രീഡകളേയും കർണ്ണാമൃതമാംവണ്ണം വർണ്ണിയ്ക്കുന്നൊരു മനോഹരകാവ്യമാണ്. അതിലേയ്ക്കിറങ്ങി സൂക്ഷ്മം പരിശോധിയ്ക്കുന്നതായാൽ, "ഇതിന്റെ കർത്താവു് ആദ്യം ഒരു ശൈവനായിരുന്നെന്നും ശ്രീകൃഷ്ണഗുണാതിരേകത്തിന്റെ മാന്ത്രികശക്തിയാൽ ആകർഷിയ്ക്കപ്പെട്ടു വൈഷ്ണവനായതാണെന്നും" വ്യക്തമാകുന്ന തെളിവുകളുണ്ടു്. കേരളീയരുടെയിടയിൽ വളരെയേറെ പ്രചാരമുള്ള ഈ കൃതി ഒരൊന്നാന്തരം ലിറിക്കാണെന്നു കഥ ഒരുപക്ഷേ അവരറിഞ്ഞിരിയ്ക്കയില്ലെന്നതു ശരിതന്നെ. പക്ഷെ, അതങ്ങിനെ ഒരു 'ഡിവോഷനൽ ലിറിക്കാ'ണെന്നു് അനുഭവം വിളിച്ചുപറയുന്നു.

അത്രതന്നെ കേരളത്തിൽ പ്രചാരമുള്ള മറെറാന്നാണു ജയദേവന്റെ ഗീതഗോവിന്ദം. എന്നാൽ, ഇതു കേരളത്തിൽ പരക്കെ അറിയപ്പെടുന്നതു ഗീതഗോവിന്ദമെന്ന പേരിലല്ല, മറിച്ചു് അഷ്ടപദി എന്ന പേരിലാണെന്നേയുള്ളു. ശ്രീകൃഷ്ണനും രാധയും അവളുടെ ഒരു സഖിയുമാണ് ഇതിലെ പാത്രങ്ങൾ. അങ്ങിനെ, ഒററ നോട്ടത്തിൽ ഒരു നാടകീയച്ഛായ ഇതിന്നുണ്ടെന്നു തോന്നിപ്പോകും. പക്ഷെ, അതിലെ ഓരോ ഭാഗവും ഒരാത്മഗതമെന്ന മട്ടിലായതുകൊണ്ടു നാടകമായിപ്പരിഗണിച്ചുകൂടതാനും. അങ്ങിനെത്തന്നെ ഒരു ഇറോട്ടിക് ലിറിക്കാണോ എന്നും ബലമായി ശങ്കിച്ചുപോ

വാനവകാശമുണ്ട്. ഈ അഷ്ടപദിയിൽ എട്ടു ഭാഗങ്ങളെക്കൊണ്ടും രാധാകൃഷ്ണന്മാരുടെ പ്രേമത്തെപ്പററി വർണ്ണിച്ചുവച്ചിട്ടുണ്ട്. അതുകൊണ്ട്. പക്ഷെ, ഐശ്വരമായ പ്രേമത്തെപ്പററിയുള്ള ഒരു പ്രകീർത്തനത്തിൻെറ മട്ടിലായതുകൊണ്ട് അതിനെ ഒരു ഇറോട്ടിക് എന്നതിലധികം ഒരു ഡിവോഷനൽ ലിറിക്കായെണ്ണുകയാണ് ഉചിതം. വളരെ ചുഴിഞ്ഞാലോചിച്ച പല വ്യാഖ്യാതാക്കളും ഇതിനെ ഒരു വേദാന്തഗ്രന്ഥംവരെ ഉയർത്തിയിട്ടുണ്ട്. അക്കൂട്ടർ, ജീവാത്മാവും പരമാത്മാവും തമ്മിലുള്ള ഐക്യത്തെ വർണ്ണിക്കുന്നതായൊരു ഗൂഢാർത്ഥംതന്നെ ഇതിലുണ്ടെന്നു വരുത്തിക്കൂട്ടി. അതെന്തായാലും, ഒരു ഡിവോഷണൽ ലിറിക്കെന്ന നിലയ്ക്ക്, ഇതിൻെറ പ്രാധാന്യത അവയെയൊന്നുമല്ല ആശ്രയിച്ചിരിക്കുന്നത്. മറിച്ച്, ദിവ്യപ്രേമപ്രകീർത്തനം, ഗാനാത്മകത എന്നീ ഗുണങ്ങളെ ആശ്രയിച്ചാണെന്താനും. ദിവ്യപ്രേമപ്രകീർത്തനത്തിൻെറ കഥ പറഞ്ഞുകഴിഞ്ഞല്ലൊ. ഇത്രത്തോളം സംഗീതാത്മകമായൊരു കാവ്യം സംസ്കൃതസാഹിത്യത്തിൽ വേറെയില്ലെന്നുവേണം പറയുവാൻ. ഇതിലെ ഓരോ പദവും ഓരോ പാദവും സംഗീതത്തിൻെറ സർവ്വവിധോപാധികളേയും കെട്ടിപ്പിടിച്ച് ഒട്ടിച്ചേർന്നാണിരിക്കുന്നതെന്ന് ഈയിടെയായി മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ചുവരുന്ന അഷ്ടപദിയിലെ സ്വരസാഹിത്യപ്രതിപാദനത്തിൽനിന്നു മനസ്സിലാക്കാൻ എളുപ്പമുണ്ട്. അപ്പോൾ, ഗാനാത്മകത എന്ന ലിറിക്കുകളുടെ അനർഘമായ ഗുണമാണ് ഇതിനെ വിശ്വോത്തരമായൊരു ഡിവോഷനൽ ലിറിക്കായി ഉയർത്തിയതെന്നു തീർച്ച. എന്നല്ല, ഈ അഷ്ടപദിക്കു കേരളത്തിലെ പൊതുജനങ്ങളുടെയിടയിൽ ഇത്രയേറെ പ്രചാരം കിട്ടാനും കാരണം ഇതാണെന്താനും. അതുതന്നെയായിരിക്കാം, ഒരുവേള ഈയിടെ ശ്രീ. ചങ്ങമ്പുഴയെ ഇതിൻെറ വിവർത്തനത്തിന്നു പ്രേരിപ്പിച്ചതെന്നും ഞാൻ വിശ്വസിക്കുന്നു. എന്നല്ല, "ലോകത്തിലുള്ള ഏതോമനത്തത്തിലും കവിഞ്ഞ ഓമനത്തം തികഞ്ഞ വാക്കുകളുടെ ഒരു തിരുവാതിരക്കളിയാണ് ജയദേവകാവ്യം. ഇത്തരം ഒരു കൃതിക്ക് മലയാളത്തിൽ വിവർത്തനം വേണമെങ്കിൽ, അതു ശ്രീ ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ തൂലികകൊണ്ടു തന്നെയാണ് വേണ്ടതും; നമ്മുടെ മധുരകോമളകാന്തപദാവലീവിരുതുകൂടിയ കവികളിൽ പ്രഥമഗണനീയൻതന്നെയാണല്ലൊ അദ്ദേഹം." (ശ്രീ: കുട്ടികൃഷ്ണമാരാർ, ദേവഗീതാ നിരൂപണത്തിൽ).

കുലശേഖരനെന്ന ഒരു കേരളരാജാവിൻെറ വകയായുള്ളതെന്നു വിശ്വസിക്കപ്പെടുന്ന മുകുന്ദമാലയാണ മറെറാരു ഡിവോഷനൽ ലിറിക്. ഈ കേരളീയ കുലശേഖരനെ ഇതിൻെറ മാത്രം കർത്താവായല്ല, "ദിവ്യപ്രബന്ധമെന്ന കാവ്യത്തിലെ പല തമിഴ്ഗാനങ്ങളുടേയും കർത്താവാ"യിക്കൂടെ കരുതിപ്പോരുന്നുണ്ട്. വിഷ്ണുവിനായുള്ള കുറെ സ്തോത്രങ്ങളുടെ ഒരു ഹാരോപഹാരമാണ് ഈ മുകുന്ദമാല. അതിൽക്കവിഞ്ഞ് ഒരു ഡിവോഷനൽ ലിറിക്കെന്ന നിലയിൽ വലിയ പ്രാധാന്യമൊന്നും ഇതിനുണ്ടെന്നു തോന്നുന്നില്ല. അങ്ങിനെയങ്ങിനെ. ഈ രീതി പിടിച്ചുകൊണ്ട് അപ്പയ്യദീക്ഷിതൻ, നീലകണ്ഠദീക്ഷിതൻ തുടങ്ങിയവരും പല ഭക്തിവിഷയകങ്ങളായ ലിറിക്കുകളും രചിച്ചിട്ടുണ്ടെന്നു കാണാം. അക്കൂട്ടത്തിൽ, ശങ്കരാചാര്യൻെറതെന്നും പറഞ്ഞു പലതുമുണ്ട്. വിഷ്ണുപാദാദികേശാന്തസ്തോത്രം, ആനന്ദലഹരി, സൌന്ദര്യലഹരി, ഗോവിന്ദാഷ്ടകം തുടങ്ങി അനവധി ഡിവോഷനൽ ലിറിക്കുകളെ സംസ്കൃതസാഹിത്യത്തിൽ കാണാൻ കഴിയും. ഇത്രയേറെ നീണ്ടുപോയ ഈ ലേഖനത്തിൽ അവയെപ്പററിക്കൂടെ പ്രസ്താവിക്കാൻ ഞാൻ ഭയപ്പെടുന്നു.

അങ്ങനെ, സംസ്കൃതസാഹിത്യത്തിൽ 'ഇറോട്ടിക്' ശാഖയിലും 'ഡിവോഷനൽ' ശാഖയിലും അനവധി ലിറിക്കുകളുണ്ടായിട്ടുണ്ടെന്നു തെളിഞ്ഞു കഴിഞ്ഞല്ലൊ. എന്നല്ല, ഈ ഇറോട്ടിക് ലിറിക് പ്രസ്ഥാനത്തിന്നു മററു സാഹിത്യങ്ങളിൽത്തന്നെ പ്രചോദനം നൽകിയതു സംസ്കൃതത്തിൻെറ അഭിമാനസ്തംഭമായ മാനദണ്ഡമായ, മേഘസന്ദേശമാണെന്നും വന്നുവല്ലൊ. ഞാനിത്രയേറെ വിസ്തരിച്ചു പറഞ്ഞുവന്നതുതന്നെ സംസ്കൃതസാഹിത്യത്തിൽ ഈ പ്രസ്ഥാനത്തിന്നുള്ള വിസ്തൃതി എടുത്തുകാട്ടാനാണ്. നോക്കണം, എന്നിട്ടാണ് ഞാൻ മുമ്പുപറഞ്ഞ ആ വെറും 'സ്റ്റൈലന്മാർ' ലിറിക്കെന്നു പറഞ്ഞാൽ ഇംഗ്ലീഷിൻെറ പരിധിക്കപ്പുറത്തേയ്ക്കൊരു നോട്ടവുമില്ലാതെ വെറും ഷെല്ലിയുടെ 'സ്കൈലാർക്കും' മററും കണ്ണടച്ചു ധ്യാനിച്ചിരിക്കുന്നത്. പക്ഷെ സംസ്കൃതത്തിൽ ഇംഗ്ലീഷിലേതുപോലെ ഈർഷ്യയേയോ അവജ്ഞയേയോ കോപത്തേയോ പ്രതീക്ഷിച്ചുകൊണ്ടുള്ള ലിറിക്കില്ലെന്ന വാസ്തവം സമ്മതിക്കാം. എന്നാൽ ദുരന്തനാടകങ്ങൾ തന്നെ ചുരുക്കമായ സംസ്കൃതത്തിൽ അതില്ലാതെ പോയതിൽ എന്താണത്ഭുതപ്പെടാനുള്ളത്. അല്ലെങ്കിൽ, 'റിയലിസം', 'റിയലിസം' എന്ന പേരിൽ കണ്ട കുപ്പസ്സാമാനങ്ങളെല്ലാം എടുത്തു മുഖത്തേക്കു വലിച്ചെറിയുന്ന ഒരു സമ്പ്രദായമുണ്ടല്ലൊ—അതിൽ അത്തരം ലിറിക്കുകളും പെടും—, അതില്ലാതെ പോയതുതന്നെയാണ്, ഒരു തരത്തിൽ, സംസ്കൃതത്തിൻെറ മഹാഭാഗ്യം.

[This boy knows four languages really well, and has a true instinct for Literature. He should go for.—Ed.]

# MODERNISM IN POETRY.

PURUSHOTHAMAN NEDUNGADI,
(Old boy).

Forgive me if I begin in the first person singular like Karaka, but then Karaka is the fashion of the day. Yet it is neither fashion nor egotism, but a hope that what I have to say may be illustrated more clearly that impels me to such a beginning.

A few days ago, in an impish mood, I copied out the the following fragment from a poem and showed it to friends who have pretensions to modern literary taste:

"—Such few desires,
Garden, food, fires—
Watch these phantoms
How they now are being.
Listening ............... hearing
Looking ...... . seeing
Loving ......... fearing.
While to tinge their moods, stiff-
jointed moods,
The dumb, the sad, the sunset
shadow
Of the old house broods.
Alas, again, the ample phantoms
tremble
Tumble and crumble out of their
few needs,
Crumble ........... then crumple up."

I told them that it was the fruit of my own experiences in writing modern poetry and asked if they could discern any of the traits of modernism like freedom from convention, boldness in conception, or vitality of expression in it. All that I received by way of reply was a loud guffaw. They thought it was ridiculous, with no sense of any kind whatsoever. But when I let out the truth that the poem was written by no less a celebrity than Osbert Sitwell and also that it was considered great enough to be included in a representative collection of the century's poems, they were impressed, and approaching it with a new-found awe and respect began probing deep, to hit upon some meaning.

Then I showed them another poem:

Now watch these words
Assemble to resemble
Your ensemble.
You are the beautiful night
With, to me, the brilliant light;
And to my heart, cool delight,
Clouds .. stars .. Moon,
Fore head .... jessamine tresses,
You are far away in my heart?

It goes without saying that they had only praise for it. They could admire the delicate symbolism and symphony of words till they were let into the secret that the author was none but my humble self. Does this not speak

much for the influence of modernism both on the writer and the reader?

Yet my approach to modern poetry is a sincere one; a candid one. I have every desire to understand it and enjoy it, but I find that it always recedes from me like Tantalus' cup. This is the experience of many others like me. The Modernist element in poetry baffles them, clouds them, embarasses them. Why? Let us try to look at it clearly.

Now what is modernism? What are the distinguishing characteristics which go to build up modernism? It claims for itself freedom from convention of ideas and themes as well as of the medium employed. To quote a champion of modern poetry: "Most of the poets have found a fresh and vigorous material in the world of honest and harsh reality. They respond to the spirit of their times; not only have their views changed; their vision has been widened to include things unknown to the poets of yesterday". For our purpose this statement is as good as any other.

കോളേജ്മാസികയെപ്പററിയാണ് ഞാൻ പറയുന്നതു. അതും ഗാന്ധിജിയും തമ്മിൽ ബന്ധമൊന്നും ഉണ്ടായിട്ടല്ല. മധുരപ്പതിനേഴ് തികഞ്ഞ ഒരു പെൺകിടാവിന്നു ആഡംബരവസ്തുക്കളിൽ മാത്രമല്ല ദൃഷ്ടിയുള്ളു. അവൾക്ക തൻെറ ഹൃദയം തുറന്നുകാണിയ്ക്കുക കൂടി ചെയ്യേണ്ടതായിട്ടുണ്ട്. ആത്മാവിഷ്ക്കരണോപാധികൾ ആവശ്യമാണെന്നു വിവക്ഷിതം. എന്താണതിന്നു നിവൃത്തി? പത്രങ്ങളും മാസികകളുമടക്കമുള്ള അനുകാലികപ്രസിദ്ധീകരണങ്ങൾന്നെ. പക്ഷെ ഒരു ബുദ്ധിമുട്ടുണ്ട്. പത്രാധിപലോകം യുവജനങ്ങളുടെ ആദ്യസന്താനങ്ങളെ മാറോടണയ്ക്കാൻ സന്നദ്ധരല്ല. പിന്നെ ഞങ്ങളെന്തുചെയ്യും. ഓ, ശരി കോളേജ്മാസികയുണ്ടല്ലൊ. അതെ, അവിടെയും നിയന്ത്രണമാണെങ്കിൽ! അപ്പോഴാണ് ഞാനും ഗാന്ധിജിയുടെ അഭിപ്രായത്തോടു യോജിക്കുന്നതു.

വല്ലാത്തൊരു കലം! തൊട്ടതിന്നും പിടിച്ചതിന്നുമെല്ലാം നിയമവുംനിയന്ത്രണവും; തിരിയാനും മറയാനും വയ്യ.

ഞാൻ ആ കഥമുഴവൻ പറയട്ടെ: നാളെയാണ് അവസാനദിവസം. എന്തിനെന്നോ! നിങ്ങൾക്കെന്താ ബുദ്ധിയില്ലെ! കോളേജ്മാസികയിലേക്ക കഥകളൊ ലേഖങ്ങളൊ കവിതളൊ മററെന്തെങ്കിലുമോ പ്രസിദ്ധീകരണത്തിന്നു കൊടുക്കാൻ. പത്രാധിപർ പറയുന്നു, അവധി നീട്ടുകയില്ലെന്നു. അങ്ങിനെയെങ്കിൽ അങ്ങിനെ. എന്നാൽ എന്താണെഴുതുക? അല്ലെങ്കിൽ, വേണ്ട, ഒരു ചിത്രംവരയ്ക്കാം, അതാണെളുപ്പം. പക്ഷെ, ഒരു ഗ്രഹപ്പിഴ. അവിടെയുമുണ്ട് മുൻപു പറഞ്ഞ നിയന്ത്രണം!

നിങ്ങൾ ഒരു ചിത്രം വരച്ചുവെന്നിരിക്കട്ടെ. മകരപ്പൂനിലാവിലാറാടി മന്ദമാരുതനേററുല്ലസിക്കുന്ന മാകന്ദത്തോപ്പിൽ സ്വകാമുകനേയും പ്രതീക്ഷിച്ച് ഉൽക്കണ്ഠാകുലയായി മരുവുന്ന ഒരു കാമിനിയുടെ മനോഹരചിത്രം! പക്ഷെ ഒരു തകരാറുണ്ട്. സാധാരണയിൽകവിഞ്ഞു എന്താണിതിന്നൊരു മെച്ചം? വെറും അനുകരണം, കേട്ടോ, വെറും അനുകരണം പോരെങ്കിൽ, പുളിച്ചുനാറിയ ആ പ്രണയലാഞ്ഛനയും. നിയന്ത്രണഖഡ്ഗം തലക്കുമീതെയുണ്ടു. അതുവേണ്ട. വല്ല ദേശീയനേതാക്കന്മാരുടെയോ പരലോകപ്രാപ്തരായ വല്ല രക്തസാക്ഷികളുടേയോ ഒരു സ്കെച്ച്; ബസൻറമ്മയുടെ ഒരു പെൻസിൽസ്കെച്ച് ആവട്ടെ. ഓ, ഒരു കാര്യമുണ്ട്; കഴിഞ്ഞ തവണതന്നെ ചില സ്കെച്ചുകൾ അച്ചടിയിൽ കേടുവന്നിരിക്കുന്നു. ഒട്ടധികം മിനക്കെട്ടു വരച്ചുണ്ടാക്കിയ എൻെറ ചിത്രം അങ്ങിനെ ഉപയോഗശൂന്യമായില്ലെ. പത്രാധിപർ വ്യസനം പ്രകടിപ്പിച്ചതുകൊണ്ടു ഫലമെന്തു? വേണ്ട വേണ്ട, മററെന്തെങ്കിലുമാവട്ടെ, ചിത്രകലയിൽ ഇനി കൈ ചെലുത്തണ്ട.

ഒരു ചെറുകഥ എഴുതാം. വിരോധമൊന്നും ഇല്ല. പക്ഷെ പ്രണയകഥ പാടില്ല. പ്രണയം, ആ വാക്ക പത്രാധിപക്ക് അരോചകമാണ്. പത്തും പതിനാറും വയസ്സായ കുട്ടികൾക്കുണ്ടോ പ്രേമവും പ്രണയവും മററും? ആത്മാനുഭൂതിയാണല്ലൊ ഉത്തമകലാസൃഷ്ടിക്ക നിദാനം. ഉള്ളിൽ തട്ടാത്ത എന്തും എഴുതി ഫലിപ്പിക്കാൻ സാദ്ധ്യമല്ല. നിങ്ങളുടെ പ്രേമകഥ. പ്രണയംപോലും! അത്, അങ്ങാടിമരുന്നോ പറിമരുന്നോ എന്നു തിരിച്ചറിയാൻ ഞങ്ങൾക്കൊന്നും കഴിവില്ലത്രെ. എന്തൊരു ഹൃദയശൂന്യമായ ന്യായവാദം!

ഇതിൻെറ പിന്നിലും ഒരു കഥയുണ്ട്. കഴിഞ്ഞ ലക്കം മാസികയിലേക്ക് ഒരു സഹപാഠി ഒരു ചെറുകഥ എഴുതി. പത്രാധിപരുടെ ദൃഷ്ടിയിൽ, ഒരു സാധാരണകഥ. ഒരു വ്യത്യാസംമാത്രം. സുന്ദരനായ ഒരു യുവാവും സുന്ദരിയായ ഒരു യുവതിയും. "നവയൌവനവും വന്നു നാൾതോറും വളരുന്നു" എന്ന ഘട്ടത്തിൽ പരസ്പരം കാണുന്നു. പ്രഥമവീക്ഷണത്തിൽതന്നെ അനുരാഗബന്ധിതരായി, ട്രാജഡിയിലൊ കോമഡിയിലൊ അവസാനിക്കുന്ന ആ പഴഞ്ചൻമട്ടൊന്നുമല്ല. ആറുവയസ്സു പ്രായമുള്ള ഒരാൺകുട്ടി; അത്രതന്നെ പ്രായമെത്താത്ത നായികയിൽ അനുരക്തനാവുന്നു! നോക്കു, എന്തൊരു മണ്ടത്തം! അന്നുതൊട്ടൊരു നിയന്ത്രണം, ആരും ഇനി കോളേജ് മാസികയിലേക്ക് പ്രണയകഥകളെഴുതി സമയം പാഴാക്കരുതെന്ന്. എൻെറ ചങ്ങാതികളെ, നമുക്കിനി 'വൃദ്ധകളെപ്പോലെ മണിക്കുചേന്നമെയ്യിൽ മരവിരിചാർത്തി' വേദാന്തവും പ്രസംഗിച്ചു നാട്ടുനീളെ നടക്കാറായി. സമയം പരിമിതമാണെന്നു ഞാനാദ്യമേ പറഞ്ഞില്ലെ; ഇല്ലെങ്കിൽ ഇപ്പോൾ പറയുന്നു. ഇനി 12 മണിക്കൂറില്ല. അതിന്നുമുമ്പ് എല്ലാം കഴിയണം. ഒരു ഡിററക്ടീവ് കഥ കൊള്ളാം. പക്ഷെ എത്ര മിനക്കെടണം. ആദ്യമായി ഒരു പ്ലോട്ട് വേണം, അതു വായനക്കാരെ രസിപ്പിക്കില്ലെങ്കിലും മുഷിപ്പനാവാൻ വയ്യ. പൂർവ്വാപരവിരുദ്ധമല്ലാതെ, പടിപടിയായങ്ങനെ തെളിവുകൾ ശേഖരിച്ചു നിരത്തി, അസംഭാവ്യമല്ലാത്ത ഒരു "കഥ കെട്ടാൻ" വേണ്ട ആസ്തിയുണ്ടെന്നില്ലെന്ന, അതും ഇത്ര കുറച്ചനേരംകൊണ്ട്, ദുരഭിമാനവുമില്ല

എനി കവിതയുണ്ട്; പഴമ്പുരാണങ്ങളും ഗീതയും മററും വായിച്ച് കവിതയെഴുതിയാൽ ഇന്നാരും വായിക്കാനുണ്ടാവില്ല. പുരോഗമനത്തി

BLIND BEGGAR




Sketch:—M. P. Anandan. (Old boy)

ൻെറ കാലമല്ലെ; മിസ്റ്റിസിസവും സിംബോളിസവുമൊന്നും വിലപ്പോകാതായി. വല്ലാത്തൊരു കാലം! ഞാൻ മുമ്പെഴുതിവെച്ച ആ ആത്മഗീതങ്ങൾ! ഹാ, മധുമധുരമായ ആ പ്രേമഗാനങ്ങൾ! എന്തു പ്രയോജനം പഴയ നിയന്ത്രണമില്ലെ! പുരോഗമനത്തിലേക്കുതന്നെ പുറപ്പെട്ടു ചെന്നാൽ! അയ്യോ, അവിടെയുമുണ്ട കശനമായ നിയന്ത്രണവും പട്ടാളച്ചിട്ടയും—അതെ 'പട്ടാളച്ചിട്ട'തന്നെ. നമ്മുടെ പത്രാധിപർ അത്ര നിഷ്ഠൂരനല്ലെന്നു തോന്നും, ഇരുചേരിപിരിഞ്ഞു നില്ക്കുന്ന പുരോഗമനപ്രസ്ഥാനക്കാരുടെ പിടിയിലെത്തുമ്പോൾ. പഴമയും പ്രണയവും മാത്രമാണ് പത്രാധിപരുടെ നിയന്ത്രണത്തിന്നു വിധേയമായിട്ടുള്ളത്. പുരോഗാമികളുടെ നിയന്ത്രണമാകട്ടെ, ഇരുതല മൂച്ചയുള്ള കത്തിയാണു; തൊടാനും തലോടാനും വയ്യാത്ത കൈതമുള്ളാണ. രൂപഭദ്രതയും ഭാവസൌന്ദര്യവും മററും ഒരിടത്ത്; പട്ടിണിപ്പാട്ടും പട്ടാളച്ചിട്ടയും മറുഭാഗത്ത്. വേണ്ട, വേണ്ട, ഇവരോടെല്ലാം ഉത്തരം പറഞ്ഞു, ജന്മം പാഴാക്കാൻ എനിക്കു സാദ്ധ്യമല്ല.

ചുരുക്കത്തിൽ പ്രേമവും പഴമയുമൊഴിച്ചു മററൊന്നെഴുതിയുണ്ടാക്കാൻ ഞാനെത്രതന്നെ ശ്രമിച്ചാലും സാധിക്കുന്നില്ല.

ഞാനിങ്ങനെ, എഴുതാൻ വിഷയമില്ലാതെ, അല്ലെങ്കിൽ ഉള്ള വിഷയം എഴുതാൻ ഇഷ്ടപ്പെടാതെ കണക്കിലേറെ ക്ലേശിച്ചു; അസ്വസ്ഥയായി, മുറിയിൽ അങ്ങുമിങ്ങും ചിന്താപരവശയായി ഉലാത്തി. അറിയാതെ, ജനാലയിലൂടെ പുറത്തേക്കുനോക്കി. ഹാ! എന്തൊരു കാഴ്ച! എന്റെ മനസ്സു ആനന്ദത്തിലാറാടി. ഉദിച്ചുയരുന്ന പൂർണ്ണചന്ദ്രൻ! ഞാൻ സോഫവലിച്ചു ജനലിന്നടുത്തിട്ടു; അതിൽ കിടന്നു ചന്ദ്രോപാലംഭത്തിന്നും ചിന്തയ്ക്കും ആരംഭിച്ചു. ചിറകുവെച്ച ചിന്തകളിലേറി ഞാൻ മേലോട്ടുയർന്നു. വികാരസമ്മർദ്ദംകൊണ്ടു് പുളകം ചാർത്തി. അങ്ങിനെ പരിസരം പാടെ വിസ്മരിച്ചു്, ഞാനെത്രനേരം അവിടെ കിടന്നു, ആവോ!

"ഏടത്തി, ഉണ്ണാറായി" എന്ന വിളി എന്നെ ആ സമാധിയിൽനിന്നു പെട്ടെന്നുണർത്തി. ആ സ്വർഗ്ഗത്തിലെ കട്ടുറുമ്പിനോടു കോപിച്ചു ഞാൻ എഴുന്നേററു ചുററും നോക്കി. മുറി അന്ധകാരമയം! വൈദ്യുതദീപം സ്വിച്ചോൺചെയ്തു, വാച്ചുനോക്കി. സമയം 10മണി 15മിനുട്ടു. ഞാൻ അതിശയിച്ചു. വേഗം കണ്ണാടിയിൽ നോക്കി. എന്റെ മുഖത്തെ പൌഡറെല്ലാം പോയിരിക്കുന്നു. കോളേജിൽനിന്നും വന്ന വരവാണു. ഉടുപ്പു മാററുകപോലും ചെയ്തിട്ടില്ല. അതെല്ലാം മാററി, മുഖം വെള്ളയിടിച്ചു, ഞാൻ മാളികമുകളിൽനിന്നു ചുവട്ടിലേക്കുപോയി.

അങ്ങിനെ, കോളേജുമാസികയിൽ എന്റെ പേരച്ചടിച്ചു കാണാനുള്ള മോഹം തകർന്നുപോയി. ദിവസം കുറെ പിന്നെയും കഴിഞ്ഞു. മാസിക പുറത്തുവന്നു. പലരേയും ആശാഭംഗപ്പെടുത്തേണ്ടിവന്നു. അവരോടു ഞാൻ സമാധാനം പറയണ്ടേ. അതിന്നാണീശ്രമം. പത്രാധിപർക്കൊരു പ്രത്യക്ഷപത്രംകൂടിയാണിതു്. വിശ്വവ്യാപകവും പരിശുദ്ധവുമായ പ്രേമത്തെ പ്രകടിപ്പിക്കാനുള്ള അവസരം നിഷേധിക്കുമ്പോൾ നാമെങ്ങിനെ മൌനം ദീക്ഷിക്കും. സഖീജനങ്ങളെ, ഉണരുവിൻ! സാംസ്കാരികക്ഷേത്രത്തിലെ നിയന്ത്രണങ്ങളും ഓർഡിനാൻസുകളും ഇല്ലാതാക്കാൻ നമുക്കും പരിശ്രമിക്കുക. പരിശുദ്ധ സ്നേഹം എങ്ങിനെ പരാജയപ്പെടും? ആത്മാവിഷ്കരണത്തിന്നുള്ള നമ്മുടെ അവകാശം വകവെച്ചുകിട്ടുകതന്നെ വേണം. എത്രയും മിതവും ന്യായവുമായ ഒരാവശ്യമാണിതു്. നമുക്കു പടച്ചട്ടയണിയുക!

SHORT STORY

BY

P. RAJAGOPALAN,
(Old boy).

# REFUGEE

It was a beautiful evening such as a poet like Spenser might have delighted to feign. A breeze blew from the west, laden with the fragrance of rose and jessamin. Bright, fleecy clouds floated in the sky. The evening sun was playing upon the grass on the lawns. The beautiful rays now kissed them, now rubbed them softly, and the breeze moved them in wavelet after wavelet which danced to the faint gavotte as it rustled round and blew in. "How long would they dance?"—a thoughtful man would have asked this question to himself and would have pondered over their short span of life.

Gay men and women were walking along the main road of Kallai. The road was crowded. The labourers of the many Saw Mills were on their way back home after the day's weary work–their hair dishevelled, shirts and trousers dirty and torn and patched. The teachers of the local Municipal School were mechanically moving homeward, perhaps meditating on some untoward incident of that day. In the local library, lovers of books were seen pouring over some magazines. Some youths were sitting on the bank of the river to enjoy the evening breeze, to see the multi-coloured spots on the horizon at sunset, and watch meanwhile time's 'gradual glide-away'.

The evening train whistled and stopped at the Railway Station which was over crowded. Some passengers got down, others entered. and a little later it whistled, pushed forward and left the platform. Through the entrance poured out men and women and children anxious to meet their kith and kin. Gradually the confused noise of porters and passengers ceased.

The crowd had melted, and except for some porters and the Station Master, the Railway Station was practically empty. Only the loud voice of a Tamil-speaking clerk rent the air.

Amidst these sights and sounds, very few observed Rehman and his family. He was sitting on the floor, in a corner of the outer verandah of the Railway Station. He was a middle-aged man. Beside him sat a pale-looking woman, his wife. On the bare floor lay their only daughter, Ayesha, a girl ten or twelve years of age. She had thick bandages on both her knees, consequent of an 'incient' which had happened in her home town Nellore three days ago. By the side of her sat Basheer, her brother, a boy hardly ten years old. He was consoling his sister in her sad plight.

The woman heaved a deep sigh. She called her husband. But Rehman did not answer. Again came the trembling voice. He looked at her and broke out into what resembled an emotional monologue. "Oh, Fatima, my sweet, I am defeated. I have lost everytning. There is no one to help me. I have nowhere to go, no one to go to". Two or three drops of tears rolled down his cheeks. His throat choked. In a broken voice he continued, "Oh, Allah, this is too

much, to . . . o . . . o much. Oh, Amir, my son, where are you? Don't you miss Ayesha and Basheer? Why did you die so young? Fatima, sweet, I am helpless! I have ruined you, Fatima". Here Rehman broke off because it went to his heart to call up the unhappy events of the past week.

All this time Fatima was silent. She did not utter a single word. But her eyes told strange tales—horrible tales—the thought of which was enough to shatter her. She recalled the last moments of Amir, her eldest son, now no more than a name. She heaved a deep sigh, and her mind wandered afar to the grave-yard of the local mosque where were many stones with no pomp or splendour. Under one such stone Amir slept for ever—Amir, the flesh of her flesh, the bone of her bone, killed by a mad crowd.

The evening advanced into night. The family had no food.

The night was chilly. Far away from the labourers' cottages small lights shone dimly. There was no moon. The sky was inlaid with twinkling stars which cast a dim light on the world below. Fatima went out to fetch water from a well situated within a stone's throw of the Railway Station. She went alone, a poor mother thrown out into a world full of misery, pain, starvation, and death. She drew a bucket full of water, poured it into her pot, and returned to the Railway Station.

While they were drinking the water a policeman entered the verandah to ask them to quit the place. He went to them but he stood still. Rehman was still talking to himself. The policeman heard the weird monotone. Rehman's sinking voice cast a spell over him. Ayesha in her sad plight caused a spontaneous overflow of mercy even from the traditionally cruel policeman. The wretched condition of Fatima evoked his sympathy and heartfelt pity. He asked Fatima, "Mother, what can I do for you?". Fatima looked at him. "Oh, I did not know you were here, policeman. Did you say anything to me?".

"Yes, mother, what can I do for you?".

"You cannot do anything for me. Thank you, Policeman".

The policeman took a coin from his purse and placed it before Fatima and then he retraced his steps. In a few moments the sound of his boots died down in the chill air of the night.

Fatima took up the coin and giving it to Basheer asked him to get something to eat. Basheer went out. In a few minutes he returned and said. "Mother, the bazaar is closed". They preserved the coin to buy food the next day.

Ten or fifteen minutes passed.

In the Waiting Room a European Official was reclining in an easy-chair. The sounds from the verandah irritated him. In a moment of anger he rose up and hastened to where Rehman was sitting, brooding over his past. He scolded Rehman bitterly. Without a word of protest or revolt, they left the place and moved to a banyan tree, very near the Station. Yes, the lowly and the lost would not revolt.

Very soon everyone was asleep. But Rehman lay awake.

Persons who are weighed down with grief and cowed down by catastrophes lie awake at night, their subconscious minds always harbouring new thoughts and working at new plans—the plans at issue, one yielding place to another even as the quick shift of scenes in a cinema. At long last the performance will end with the traditional "Good Night" and then the writing on the wall will be made clear in letters of blood. Rehman was gradually approaching this bitter end. He had lost interest in life and faith in his future.

At night while the happy world was sleeping, enraptured in a thousand blessed dreams, Rehman was awake, a poor father who was mad and whose experiences showed beyond all doubt that men and women are but helpless puppets in the hands of mischievous Fate.

Rehman got up suddenly and went to where Ayesha was lying on a dirty cloth spread on the bare ground, under the banyan tree. From an old, worn-out leather box, he took a dagger. He kissed Ayesha and at last thrust the dagger heavily down in her heart. With a faint and melancholy murmuring sound blood rushed out of the fatal wound, singing, as it were, the swan-song of the sleeping child. No tears rolled down Rehman's cheeks. He exhibited extraordinary stoniness. He turned to Fatima and sat beside her. She was sleeping soundly after the rough and tumble of the day's weary routiue, and Rehman knew that no faint sound could awake her. He murmured, "Arms, take your last embrace! Lips, O, you the doors of breath, close yourself for ever after this final kiss"!. He kissed Fatime gently, lest she should awake. He stood up and looked at her for the last time and turned. From afar, a whistling sound was heard and in the twinkling of an eye, Rehman took to his heels and shot away in to the darkness right into the track of the on-coming train,

At dawn the usual church-bell was sounding and the tingling sound travelled over the vast paddy fields, over murmuring river Kallai, over the big Saw Mills, and ended in a sad echo from some unknown corner. With the sound-waves the souls of an unfortunate father and an ill-fated daughter travelled to the limitless fields of God.

THE BAY.



C. VENUGOPALAN NAIR.

# മലനായന്മാർ.*

:o:

(എം. പി. ശിവദാസമേനോൻ.)

പ്രാചീന കേരളത്തിലെ ആചാര വിശേഷങ്ങളും, ജീവിതസമ്പ്രദായങ്ങളും, എല്ലാംതന്നെ അതേപടി അനുഷ്ഠിച്ചു ജീവിതം നയിക്കുന്ന ഒരു കൂട്ടം നായന്മാർ, പശ്ചിമഘട്ടപംക്തിയുടെ പടിഞ്ഞാറ ചിലേടങ്ങളിൽ ഇപ്പോഴും പാർത്തുവരുന്നുണ്ടെന്നുപറഞ്ഞാൽ, അടിവാരത്തു നിവസിക്കുന്നവർ, ഒരു പക്ഷെ വിശ്വസിക്കുകയില്ലായിരിക്കാം. നമ്മുടെ നിത്യ ദൃഷ്ടിയിൽ നിന്നെത്രയോ അകന്നകന്ന് മൂവ്വായിരം അടിയിൽ കൂടുതൽ ഉയർന്നു കിടക്കുന്ന തനിക്കാട്ടു പ്രദേശത്തു, "കാട്ടാന, കരടി, പുലി, ചെന്നായ്, കാട്ടുപോത്തു, കരിമ്പുലി"ക്കൂട്ടങ്ങൾക്കിടയിൽ, തികച്ചും പ്രതികൂല വിഷമപരിത സ്ഥിതികളോടു മല്ലിട്ട് കഴിയുന്ന ഈ ചെറുസമുദായം, ആണ്ടോടാണ്ട് എണ്ണം കുറഞ്ഞു കുറഞ്ഞു വരികയാണ്. ഭൂതാന്ധകാരത്തിൽ മറഞ്ഞുകിടക്കുന്ന, കേരളചരിത്രത്തിന്റെ 'ഉഗ്ഗാധ്വാവി'ലെ നാഴികക്കല്ലുകളായ ഇവരെപ്പററി. ചിലതെല്ലാം പറയുന്നതു ചരിത്രാന്വേഷകർക്കെങ്കിലും ഉപകരിക്കുമെന്നാണ് വിശ്വാസം.

ഇവരെക്കണ്ടു പരിചയപ്പെടാനിടവന്നതു, പെട്ടെന്നുണ്ടായ ഒരു സംഭവം നിമിത്തമാണ്. തോക്കുമേന്തി, കാടുതോറും ശിക്കാറിന്നു നടക്കുന്ന കാലമാണ്: ഒരു കാട്ടിയെക്കാച്ചുവാനുള്ള അത്യാഗ്രഹംകൊണ്ട്, രണ്ടാഴ്ചയോളമായി രാപ്പകലില്ലാതെ തെണ്ടിത്തിരഞ്ഞലയുന്നു. അപ്പോഴാണ്, കാട്ടിൽത്തന്നെ ജോലിയായ ഒരു സുഹൃത്ത് അതിന്ന് വേണ്ടതൊക്കെച്ചെയ്തുതരാമെന്നു പറഞ്ഞതു. സന്തോഷംകൊണ്ടുഞാൻ മതിമറന്നു. നേരം പുലരാനിടയില്ല, ഞാനത്യുത്സാഹത്തോടെ 'ഇരട്ടക്കുഴല്'മായി സ്നേഹിതന്റെ ബങ്കളാവിലെത്തി. എന്നെക്കണ്ടപ്പോൾ, സ്നേഹിതൻ "രാമാ" എന്നൊരു വിളി വിളിച്ചു. ഉടനെ ബങ്കളാവിന്റെ പിറകിൽ നിന്നൊരാൾ മുന്നോട്ടു വരുന്നതു കണ്ടു. "ഇതാര്." ആശ്ചര്യത്തോടെ എന്റെ കണ്ണുകൾ ആഗതനെയുററുനോക്കി. പണിയരേയും, കുറുമ്പരേയും, മററധഃകൃതവർഗ്ഗക്കാരേയും, മാത്രം അതുവരെക്കണ്ടു പരിചയിച്ച ഞാൻ അനുചരന്റെ യോഗ്യതാവിശേഷത്തിൽ അത്ഭുതസ്തിമിതനായി. പ്രതീക്ഷിച്ചതായ എണ്ണക്കൽക്കരിനിറവും, നീഗ്രോമുഖവും, പതിഞ്ഞമൂക്കും, തടിച്ചചുണ്ടും, ഇരുമ്പൻ മുടിയുമൊന്നുമല്ല ഇവിടെക്കണ്ടതു. മറിച്ച്, ആറടിയിലധികം പൊക്കം, നല്ല നീണ്ടമുഖം, ഉയർന്ന നാസിക, ആർദ്രത നിറഞ്ഞ കണ്ണുകൾ. മുറുക്കിച്ചുവപ്പിച്ച് പുഞ്ചിരിപുരണ്ട ചുണ്ടുകൾ, മുഴക്ഷൗരംചെയ്ത്, തലയുടെ നെറുകിൽ മാത്രം ചെറിയൊരു കുടുമ;—ആകപ്പാടെയൊരുനമ്പൂതിരിച്ഛായ; എനിക്കുള്ളിൽ തോന്നിയപ്പോഴേക്കും, എന്റെ ദൃഷ്ടികൾ അയാളുടെ ദേഹത്തിലൊന്നു സഞ്ചരിച്ചു, ആ ചിന്ത ചിതറിപ്പോയി. സർവ്വത്ര സുഖമയമായി ജീവിതം നയിക്കുന്ന ഏതൊരു നമ്പൂതിരിക്കാണ് കാളക്കഴുത്തും, വിരിഞ്ഞമല്ലന്മാരും, ഒത്തകൈകാലുകളുമുണ്ടാവുക? സംശയമില്ല, ഈ മനുഷ്യനൊരു സുഖസമൃദ്ധമായ ജീവിതം നയിക്കുന്നവനല്ല, രാപ്പകൽ അത്യദ്ധ്വാനംചെയ്തു ജീവതത്തിലെ കഷ്ടാരിഷ്ടങ്ങൾ കാന്നനുഭവിച്ചുവരുന്നവനാണെന്നെനിക്കു സ്പഷ്ടമായി.

"നിന്റെ ജാതിയെന്ത്?—എന്ന് ഞാൻ ചോദിച്ചതിന് "ഞാൻ നായരല്ലി!' 'എന്നാണ് മറുപടികിട്ടിയതു. ഇതു കേട്ടപ്പോൾ, ഞാനവനെ ഒന്നുകൂടി ശ്രദ്ധിച്ചു നോക്കി: ആ മുഖപ്രകൃതിയും, രണ്ടുവപ്പികവട്ടത്തിൽ വളത്തിക്കെട്ടിയ കുടുമയും, കാതിൽ കടുക്കനും മുട്ടിന്നല്പംതാഴെഇറക്കിച്ചുററിയ ചുവന്നകര മുണ്ടും തോളിലിട്ട രണ്ടാമുണ്ടും അരക്കെട്ടിൽത്തിരുകിയ കത്തിയും എല്ലാം എന്റെ മാഞ്ഞുപോയ സ്മരണകളെ ഒന്നുണർത്തിവിട്ടു. വളരെച്ചെറുപ്പത്തിൽത്തന്നെ ഉൾനാട്ടിലെനിക്കു കണ്ടു പരിചയമുള്ള പഴയ നായന്മാരും ഇവരും തമ്മിലുള്ള നിഴൽപോലുള്ള സാമ്യം, അഭേദ്യമായ ബന്ധംപോലെ യഥാർത്ഥമായി രൂപപ്പെട്ടതുപോലെ എനിക്കുതോന്നി. ഈ ജാതിയെപ്പററി കൂടുതൽക്കൂടുതൽ മനസ്സിലാക്കുവാൻ എനിക്ക് രസവും, ആഗ്രഹവും വർദ്ധിച്ചു.

---

* പ്രസിദ്ധപ്പെടുത്താത്ത ഒരിംഗ്ലീഷു ലേഖത്തിൽനിന്ന്:
വിവർത്തകൻ:—കോഴിക്കോട്ട് അപ്പുക്കുട്ടൻനായര്.

ഈ ലേഖത്തിന്റെ ഉദ്ദേശം നായാട്ടുവൃത്താന്തമല്ലെന്ന് വ്യക്തമാണല്ലൊ. എങ്കിലും, ഇവരുടെ സ്വഭാവവും, പ്രത്യേകതകളും അറിവാൻ സഹായിച്ചുകൊണ്ടൊട്ടിപ്പിടിച്ചുകിടക്കുന്ന ചില സംഗതികൾ പറയാതേയും തരമില്ല. കുറച്ചുദൂരം ഞങ്ങൾ പോയതിന്നുശേഷം, രാമൻ, ഒരിടത്തുനിന്ന് ചുററുപാടും നോക്കിക്കൊണ്ടു 'കാട്ടി, ഇവിടെ മേഞ്ഞിരുന്നുവല്ലെ" എന്നു പറഞ്ഞു. അതിൽപ്പിന്നെ 'ശബ്ദമൊന്നുമുണ്ടാക്കിപ്പോകരുതെ'ന്നാംഗ്യം കാണിച്ച് അവനതിവേഗത്തിൽ മലകയറുവാൻ തുടങ്ങി. ചാഞ്ഞുനിൽക്കുന്ന ഒരു പുൽക്കൊടി; സ്ഥാനംതെററിയൊരു ചെറുകല്ല്, പകുതി കടിച്ചൊരില, നിലത്ത് മററാക്കും കാണ്മാനില്ലാത്തൊരു നിറപ്പുകച്ചു,—ഇവയെല്ലാം നോക്കിക്കൊണ്ട്, ഒരു പുസ്തകം വായിച്ചറിയുമ്പോലെ മനസ്സിലാക്കി, അവനെന്നെ തെററാതെ കാട്ടിക്കൂട്ടത്തിന്റെ പിന്നാലെത്തന്നെ കൂട്ടിക്കൊണ്ടുപോയി. ചില മലമ്പുഴകളിൽക്കൂടിയിറങ്ങി ചാഞ്ഞും ചരിഞ്ഞും നിൽക്കുന്ന മുളകളും തൂങ്ങിനിൽക്കുന്ന വേടുകളും പിടിച്ച് മറുപുറം കയറി, കുന്നും മലഞ്ചരിവുകളും പിന്നിട്ട് ഒരിടത്തും നിൽക്കാതെ, പർവതങ്ങളുടെ ഉള്ളോട്ടു ഞങ്ങൾ നടന്നു. ഒടുവിൽ, ഏതാണ്ടസ്തമയസമയമായപ്പോഴേക്ക്, തെല്ലകലെ മലഞ്ചെരുവിലൊരിടത്ത്, വമ്പിച്ചൊരു കാട്ടിക്കൂട്ടത്തെ അവൻ കാണിച്ചുതന്നു. പക്ഷെ, ക്ഷീണിച്ചു വശംകെട്ട എനിക്ക് ആ ദുർഘടച്ചുരത്തിന്മേൽ, പാറക്കൂട്ടങ്ങൾക്കിടയിലൂടെ ഓടിച്ചെന്നു വെടിവെക്കുവാനുള്ള കെല്പോ, വേഗതയോ അശേഷവും ഉണ്ടായിരുന്നില്ല. കാൽപ്പെരുമാററം കേട്ടു ഇരുൾക്കുഴലുകളും, മുളമ്പട്ടലുകളും തലങ്ങും, വെലങ്ങും പൊട്ടിച്ച്, കുതിക്കുന്ന കുളമ്പടികളുടെ ഒച്ചകൊണ്ട്, മലതന്നെ ആകെയൊന്നു മുഴക്കിക്കൊണ്ട് കാട്ടിക്കൂട്ടം ഓടിയൊളിച്ചു.

ഞങ്ങൾ താമസിച്ചിരുന്ന കളത്തിൽനിന്ന്, അപ്പോഴേക്കും പതിനഞ്ചു നാഴികയിലധികം ദൂരം കയറിപ്പോന്നു കഴിഞ്ഞിരിക്കണം. വിശപ്പും ദാഹവും സഹിക്കവെയ്യാതെ, ഞാനാപ്പാറപ്പുറത്തിരുന്നു. സഞ്ചിയഴിച്ചു പലഹാരങ്ങൾ ചിലതു കഴിക്കാമെന്നുവെച്ചു. പകുതി രാമന്നു നീക്കിവെച്ചു. പക്ഷെ, ഫലമുണ്ടായില്ല; എത്ര നിർബ്ബന്ധിച്ചിട്ടും രാമനതൊന്നു തൊടാൻപോലും കൂട്ടാക്കിയില്ല. എനിക്ക് വല്ലാത്ത ആശ്ചര്യംതോന്നി. "മറവള്ളവർ തൊട്ടത് ഞങ്ങൾ തിന്നില്ല—കുളിക്കാതെ ഞങ്ങളൊന്നും കഴിക്കില്ല" ഇതായിരുന്നു ആ മാന്യന്റെ മറുപടി. അങ്ങിനെ തർക്കിച്ചുകൊണ്ടിരിക്കുമ്പോൾ തൊട്ടടുത്ത ചെരുവിൽനിന്ന് ആരോ ഉച്ചത്തിൽ കൂക്കുന്നതു കേട്ടു; നായാട്ടുസമ്പ്രദായത്തിൽ ഞാനതിന്നൊരു മറുകൂക്കും കൊടുത്തു. തൽക്ഷണം, രാമനെന്റെ സമീപമണഞ്ഞ് "മിണ്ടരുത്......കരടിയാണ്" എന്നു പറഞ്ഞു. എനിക്ക് ചിരിപൊട്ടിപ്പോയി. അവനെന്റെ വായ കൈകൊണ്ടു പൊത്തി വളരെ പതുക്കെ "ഇത് വെററിലക്കൊല്ലിയല്ലീ—?, ഇവിടെ ആള് ആര്. നമ്മൾ മാത്രമല്ലെ ഉള്ളു!" എന്നു ചോദിച്ചു. അവന്റെ മുഖഭാവം കണ്ടപ്പോൾ ഞാനും ഭയചകിതനായി; വേഗം തോക്കെടുത്തൊരുങ്ങി നിന്നു.

നേരം ഇരുട്ടിത്തുടങ്ങി; കളത്തിലേക്കു തിരിച്ചുപോവാൻ 'രാമൻ' എന്നെത്തിരക്കി. ആ കുത്താകുത്തിരുട്ടിൽ പതിനഞ്ചുനാഴിക ഇനിയും നടക്കുക എന്നത് എനിക്കൊട്ടും ഇഷ്ടമായില്ല. അതുതന്നെ കാട്ടിലൂടെ. രാമന്റെ വീട്ടിലേക്കാകട്ടെ അവിടുന്നു ഒരു നാലുനാഴികയേ അകലമുണ്ടായിരുന്നുള്ളു. 'രാമനൊന്നിച്ചാവാം ഇന്നെ'ന്ന് ഞാനഭിപ്രായപ്പെട്ടപ്പോൾ, അവന്റെ മുഖത്തൊരു സുഖതയാണ് പ്രത്യക്ഷപ്പെട്ടതു. തിരക്കിച്ചോദിച്ചപ്പോൾ, കാര്യം ഒട്ടൊക്കെ മനസ്സിലായി. അവരുടെ "ഇല്ല"ങ്ങളിലേക്ക് അന്യജാതിക്കാർ പ്രവേശിക്കുമാറില്ലത്രെ. ഇല്ലം മറവള്ളവർ തൊടേണ്ട, മുററത്തു വന്നു നിന്നാൽപ്പോലും അതു തീവെച്ചു ചുട്ടു നശിപ്പിക്കുകയേ നിവ്വാഹമുള്ളുവത്രെ; അത്രക്കുണ്ട് അവരുടെ ശുദ്ധാശുദ്ധം. വെട്ടെന്നങ്ങിനെ വല്ലവരും വന്നുപെട്ടാൽ, അവരെല്ലാവരും കാടുകയറി ഒളിച്ചോടുകയാണത്രെ പതിവ്. എന്റെ തല്ക്കാലസ്ഥിതി—നടക്കാനുള്ള ബുദ്ധിമുട്ടോർക്കുമ്പോൾ—വളരെ പരുങ്ങലിലായിരുന്നെങ്കിലും ആ അഭിമാനികളെപ്പററി അതിയായ ബഹുമാനമാണന്ന് തോന്നിയതു്. രാമന്നു രണ്ടുറുപ്പികയും കൊടുത്തു ഞാൻ കീഴ്പ്പോട്ടിറങ്ങിത്തുടങ്ങി. എന്തുപറഞ്ഞിട്ടും വിട്ടുപോകാതെ, എനിക്ക് വഴികാട്ടിക്കൊണ്ടു അവനും ഒപ്പം പോന്നു. രാവിലെത്തുടങ്ങി അതുവരെ ഒരിറക്ക് വെള്ളംപോലുമില്ലാതെ നടന്ന അവൻ, എന്നെ കളത്തിലാക്കി, തൽക്ഷണം സ്വന്തം ഇല്ലത്തേക്കുതന്നെ മടങ്ങി എന്നു പറഞ്ഞാൽ, നിങ്ങൾ വിശ്വസിക്കുമോ, എന്തോ? പണിയരോ, മററു വല്ല ജാതിക്കാരോ ആയിരുന്നെങ്കിൽ, കിട്ടാവുന്നതൊക്കെ തട്ടി, എന്നെ കാട്ടിലിട്ടു 'ചിപ്പി'ക്കളെയുമായിരുന്നില്ലേ? എന്നെനിക്കു തോന്നി.

ഈ സംഭവം, അവരെപ്പററിക്കൂടുതലറിവാൻ എന്നെ ഉൽസുകനാക്കി; സുഹൃത്തുക്കൾവഴി അവരിൽത്തലവന്മാരെ ആളയച്ചുവരുത്തി സമ്മാ

നങ്ങളും, അപൂർവ്വവസ്തുക്കളും കൊടുത്തയച്ചും, അവരുടെ ആവശ്യങ്ങളന്വേഷിച്ചറിഞ്ഞ് വേണ്ടതെല്ലാം ചെയ്യിപ്പിച്ചും, അങ്ങിനെ ഒരൊന്നൊന്നരക്കൊല്ലംകൊണ്ട് അവരെനിക്കും, സുപരിചിതന്മാരായിത്തീർന്നു. മാത്രമല്ല, ഒരിക്കൽ അവരുടെ വലിയൊരടിയന്തിരത്തിന്നു എന്നെ കേമമായി ക്ഷണിക്കുകയും ചെയ്തു. അവരുടെ സംഘത്തിൽ ഇടയ്ക്കിടെ പോയും, ഒന്നും രണ്ടും ദിവസം താമസിച്ച് അടുത്തിടപെട്ടു, അവരുടെ സമ്പ്രദായങ്ങൾ കഴിയുന്നേടത്തോളം നോക്കിപ്പഠിച്ചു. അന്നു ഞാൻ 'ഡയറി'യിൽക്കുറിച്ച ചില കുറിപ്പുകളും, ഉള്ളിലപ്പപ്പോൾ തോന്നിയ അഭിപ്രായങ്ങളുമാണ് ഈ ലേഖത്തിന്ന് നിദാനം.

മുത്തന്മാർ, മലമുത്തന്മാർ, മലനായന്മാർ എന്നിങ്ങിനെ മൂന്നു പേരുകളിലവരറിയപ്പെടുന്നു. 'മുത്തൻ' എന്ന പദത്തിന്നു 'പ്രധാനി' എന്നാണർത്ഥം; അതുകൊണ്ട് അതൊരു ജാതിപ്പേരാകാൻ തരമില്ല. 'മലമുത്തൻ' എന്നത് ഇവരുടെ വാസസ്ഥലത്തിൻെറ പ്രത്യേകതയിൽനിന്നു വന്നു ചേർന്നതായിരിക്കണം. പണിയരുടേയും കുറുമ്പരുടേയും മാതിരി നാട്ടുകാരുടെ കൂടെ കൃഷിപ്പണിക്കിവർ കൂടാറില്ല. അങ്ങിനെ കൂട്ടത്തിൽക്കൂടി കഴിയുന്നതുകൊണ്ട് ജാതി പോയ്പോകുമെന്നുകൂടി അവർ ഭയപ്പെടുന്നു.

അക്ഷരജ്ഞാനമില്ലാത്തതുകൊണ്ടായിരിക്കാം, സ്വന്തചരിത്രത്തെപ്പററി ഇവർക്ക് വ്യക്തമായൊരു വിവരവുമില്ലാതെയാണ് കണ്ടത്. മലയിൽ ജീവിതം നയിപ്പാൻ യോഗം വന്ന ഒരു കുലീനവർഗ്ഗം എന്നാണവരുടെ അഭിമാനം. അതേററക്കുറെ പരമാർത്ഥവുമാണ്. പലവിധത്തിലും അർത്ഥം പരികല്പിക്കാവുന്ന ഇതിഹാസങ്ങളിൽനിന്നും, പാട്ടുകളിൽനിന്നും അവരുടെ പഴയ ചരിത്രം അഭിപ്രായവ്യത്യാസംകൂടാതെ ഗ്രഹിക്കുക ദുഷ്കരമാണ്. എന്നാലും, ഇവർ പുരാതന കേരളത്തിലെ ഭൂമിയുടമക്കാരും, പ്രബലന്മാരായ പ്രമാണികളുമായിരുന്നുവെന്നും, ആര്യ്യന്മാരുടെ കുടിയേറിപ്പാർപ്പു തുടങ്ങിയപ്പോൾ, അവരോടു പടപൊരുതിയവരാണെന്നും, പരാജയപ്പെട്ടു കീഴടങ്ങുന്നതിനേക്കാൾ പതിന്മടങ്ങു മെച്ചം നാടുവിട്ടു മലകയറിപ്പോകുകയാണെന്ന് ഉറച്ചവരാണെന്നും ഉള്ള സംഗതികൾ സ്പഷ്ടമാണ്. മറെറാരു പ്രധാന കാര്യം: ഇവർ ഇവരുടെ വീരനേതാവായി ഇന്നും പൂജിച്ചുവരുന്നത് 'രാമൻകോമ്മനെ'യാണ്; അതുതന്നെയാണ് കൊച്ചി രാജകുടുംബത്തിലേയും പരദേവത.

TANK.



Sketch:—K. C. Anujan Rajah (Junior)

അതിനുംപുറമെ, പെരുമ്പിലാവ് തറവാട്ടിൽ, മൂത്ത കാരണവർക്ക് ഇന്നും 'രാമൻകോമ്മ'നെന്നൊരു സ്ഥാനപ്പേരുണ്ടത്രെ. ഒരു കൂട്ടർ ക്ഷത്രിയരും, മറെറാന്നു മേനോന്മാരും, മൂന്നാമതൊരുവർഗ്ഗം മലയരുമായി പിരിഞ്ഞതു് എങ്ങിനെയായിരുന്നാലും ഈ സംഗതി അവരുടെ ജീവിതവും, ചരിത്രവുമായി എവിടെയോ ഘടിപ്പിക്കുന്നുണ്ടെന്നു തീർച്ചയാണ്.

അഞ്ചു ഗോത്രങ്ങളായിപ്പിരിഞ്ഞു വേറെ വേറെ മലഞ്ചെരിവുകളിലായിട്ടാണിവരുടെ താമസം. തലവനായി ഓരോ കൂട്ടക്കാർക്കും 'ജന്മക്കാരൻ' എന്ന് സ്ഥാനപ്പേരുള്ള ഒരാളുണ്ടാകും. അവിടങ്ങളിൽ പാർപ്പുറപ്പിച്ചതിനുശേഷം, മഞ്ചേരികോവിലകം, തുടങ്ങിയ രാജസ്വരൂപങ്ങൾ, അവരുടെ വിത്തപ്രഭാവകാലത്തു ഉടമപ്പെടുത്തി. പണ്ടത്തെ വൈരംമാക്കെ മറന്ന്, ബ്രാഹ്മണവംശജാതന്മാരായ ഈ തമ്പുരാക്കന്മാർക്ക് കപ്പം കൊടുത്തുപോരുന്ന ഇവർക്ക് 'ജന്മക്കാരൻ' എന്നൊരു സ്ഥാനപ്പേർ പേരിന്നുണ്ടെന്നു മാത്രമേയുള്ളൂ.

കാടന്മാർ മിക്കവാറും മക്കത്തായികളാണ്. മലമുത്തന്മാരുടെ മരുമക്കത്തായ സമ്പ്രദായം, അവരുടെ വംശോല്പത്തിയുടെ സൂചനയാണെന്നു വേണം കരുതാൻ. മുഖ്യോപജീവനവർഗ്ഗം കൃഷിതന്നെ; പ്രധാനമായി നെല്ലും, തോമരയും. കൊയ്ത്തു കഴിഞ്ഞാൽ അവിടെ പച്ചക്കറികളുണ്ടാകുന്നു. മലംപ്രദേശങ്ങളിലിലുണ്ടാവുന്ന പദാർത്ഥങ്ങളുടെ രുചിഭേദം ആദ്യം നമുക്ക് അത്ര പിടിക്കുകയില്ല. പ്ര

ത്ത്യേകിച്ച്, അവക്ക് ഉപ്പ കിട്ടാത്തതുകൊണ്ടുള്ള ബുദ്ധിമുട്ട് പറഞ്ഞാൽതീരില്ല. ക്രമേണ പരിചയപ്പെട്ടപ്പോൾ എനിക്കെല്ലാററിനുമൊരു പുത്തൻരുചി അനുഭവപ്പെട്ടു. സമനിരപ്പുള്ളപ്രദേശങ്ങളുടെ അഭാവംമൂലം മലനായന്മാക്ക് കൃഷിക്ക് സ്ഥിരമായൊരു സ്ഥലമൊരുക്കാൻകഴിയാതെവരുന്നു. ചെങ്കുത്തായ മലഞ്ചെരിവുകൾ വെട്ടിനിരത്തിപള്ളിമഞ്ഞായലുകളാക്കുവാൻ ഉതകിയ ആയുധങ്ങളും അവക്കില്ല. ഇമ്മാതിരിചെരിവുകൾ വളംചേത്തുഫലഭൂയിഷ്ഠമാക്കുവാൻ അതിലേറെ വിഷമമാണ് കൊല്ലം തോറം പുതിയസ്ഥലങ്ങൾ തയ്യാറാക്കേണ്ടി വരുന്നു. ഇതിന്നെല്ലാം പുറമെ, കാട്ടുമൃഗങ്ങളിൽ നിന്ന് കന്നുകാലികളെ സംരക്ഷിച്ചു കൊണ്ടുപോരാനും ഈ നിരായുധക്ക് അസാദ്ധ്യമാണ്. ഞങ്ങളുടെ കളത്തിൽ നിന്നുപോലും, വിലപിടിച്ച രണ്ടും മൂന്നും പോത്തുകളെ, നട്ടുച്ചക്ക് നരി പിടിച്ചുകൊണ്ടു പോയത് അനുഭവിച്ചറിവായതാണ്. അത്യദ്ധ്വാനം ചെയ്തു ചെറിയ ആയുധങ്ങൾകൊണ്ടുഴുതുമറിച്ച് ഏതാണ്ട് വിത്തുവിതച്ചാൽ പിന്നെ ആയിരക്കണക്കിൽ കുരുവികൾ വരുകയായി, കൊത്തിത്തിന്മാൻ. വിത്തുറച്ച് മുളപൊട്ടിയാൽ മുയലിൻെറ ഉപദ്രവമായി. വളച്ചുതുടങ്ങിയാൽ, കണക്കില്ലാതെ കാട്ടുകാലികളുടെ മേച്ചിലായി, കതിരിട്ടുതുടങ്ങിയാൽ പകൽ മുഴുവൻ തത്തക്കൂട്ടങ്ങളുടെ വിഹാരരംഗമാണ്; രാത്രിയായാൽ ആനക്കും, പന്നിക്കും, തപ്പ്ണം വെക്കാനുള്ള സ്ഥലവും, രാവും പകലും ഒഴിവില്ലാതെ കാത്തുനിന്നിട്ടൊടുക്കം കാലംരം കിട്ടിയാൽത്തന്നെ അതൊരു വമ്പിച്ച നേട്ടമായിട്ടാണവർ കരുതിപ്പോരുന്നതു. കൊയ്ത്തു കഴിഞ്ഞാൽ ആദ്യത്തെ പണി കടംവീട്ടലാണ്. പറഞ്ഞാൽപറഞ്ഞദിവസം കടക്കാരന് തൻെറ ധാന്യം തിരികെക്കിട്ടുമെന്നത് തീച്ചയാണ്. ഈ സത്യസന്ധത, അല്ലെങ്കിൽ കൃത്യനിഷ്ഠ എത്രയോ തവണ ലേഖകനു തന്നെ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. രണ്ടു മൂന്നു ദിവസം കഴിയുമ്പോഴേക്കും ഒരോ അവകാശികൾ വരികയായി: നികുതി പിരിപ്പിക്കാൻ വരുന്ന സക്കാരുദ്യോഗസ്ഥൻെറ നാട്യത്തിൽച്ചിലരും, ജന്മികളുടെ കാര്യസ്ഥന്മാരെന്ന് ഭാവിച്ച് മററ ചിലരും വന്ന് ധിക്കാരത്തോടെ കവച്ചുനടത്തിപ്പോകുന്നത് കഷ്ടാൽ കഷ്ടതരംതന്നെ. സവേക്കുടികഴിയാത്ത പ്രദേശങ്ങളിലാണ് തങ്ങളധിവസിക്കുന്നതെന്ന്, ഈ പാവങ്ങൾ എന്നാണാവോ മനസ്സിലാക്കാൻ പോകുന്നത്? ഗവമ്മെണ്ടിൽ നിന്നാകട്ടെ, ജന്മികളിൽനിന്നാകട്ടെ യാതൊരാനുകൂല്യവും ലഭിക്കാറില്ലാത്ത ഇവരുടെ ഇല്ലത്തെ കാര്യം അങ്ങിനെ നാലഞ്ചുനാൾ കഴിയുമ്പോഴേക്കുതന്നെ പരുങ്ങലിലാകുന്നു. പ്രജാസംരക്ഷണത്തിൻെറ പേരിൽ, എടുത്താൽപൊന്താത്തത്ര ഘനമേറിയ കിഴികൾ മാസപ്പടിയായി വാങ്ങിവരുന്ന മഹാഭവ്യന്മാരുടെ, തൃക്കൺ ഈ മലഞ്ചെരിവുകളിലേക്കൊന്നു ചെന്നു പതിഞ്ഞെങ്കിൽ!

‘ഇല്ല’മെന്ന് പറഞ്ഞുവല്ലൊ. മലയാളികളുടെയിടയിൽ ആ പദം നമ്പൂതിരിഗൃഹത്തെ മാത്രം സൂചിപ്പിക്കുന്നതാണ്. എന്നാൽ, പണ്ട് ഈ പദം എല്ലാ പ്രമാണപ്പെട്ടവസതികൾക്കും ഉപയോഗിച്ചിരുന്നു വെന്നും, വീടു, പുര, കുടിൽ എന്നൊക്കെ താണതരം വസതികളായിരുന്നു വെന്നും വേണം, മലനായന്മാരുടെ ‘ഇല്ലം’ കേൾക്കുമ്പോൾ അഭ്യൂഹിക്കുവാൻ. പക്ഷെ, ഇവരുടെ ഇപ്പോഴത്തെ ഇല്ലങ്ങൾ ഏതു കുടിലുകളേക്കാളും ശോച്യാവസ്ഥയിലാണ്. ചവിട്ടിയുരുട്ടിയുണ്ടാക്കിയ ഒരു മൺതറ, തേക്കിൻതടികൊണ്ടുള്ള തൂണുകൾ, അവയ്ക്കിടയിൽ തച്ചുപരത്തിയ മുളകൾകൊണ്ടുള്ള ചുമർ, പുല്ല് മേഞ്ഞ മേൽക്കൂട്ട്—ഇതാണ് ‘ഇല്ലം’. സാധാരണരണ്ടുമുറികളായി അതു വിഭജിച്ചിരിക്കും പുരുഷന്മാർ, മഴക്കാലത്തേ, പുരക്കകത്തു വിശ്രമിക്ക പതിവുള്ളു. പകൽ പ്രവൃത്തിയില്ലാത്ത സമയം ചുരുങ്ങും. രാത്രി തീക്കൂട്ടി അതിനു ചുററമങ്ങിനെ കഴിച്ചുകൂട്ടും. പകൽസമയത്ത് വെയിലും, രാത്രി തീനാളവും ഏററില്ലെങ്കിൽ പനിപിടിക്കുമെന്നു കൂടെ ഇവർ വിശ്വസിക്കുന്നു. വാസ്തവമെന്തായാലും, മലേറിയ ഇവക്ക് പിടിപെട്ടതായി കണ്ടിട്ടില്ല.

വീടും പരിസരങ്ങളും വളരെ വൃത്തിയായി വെക്കും. അതിലൊക്കെ ബഹു ചിട്ടയാണവക്ക്. വീട്ടുസാമാനങ്ങളിൽ മുഖ്യമായി നമുക്ക് പരിചയമുള്ള ഓട്ടുകിണ്ടികളും, കിണ്ണങ്ങളുമവിടെ കാണാം ഓട്ടുവിളക്കുമുണ്ട്; പക്ഷെ എണ്ണ കിട്ടാത്തതുകൊണ്ടും, രാത്രി തീ സദാ കത്തിയെരിഞ്ഞിരിക്കുന്നതുകൊണ്ടും, അതുകൊണ്ടുള്ള ആവശ്യമത കണ്ടില്ല.

അടിയന്തരങ്ങളും പൂജകളും വളരെ പഴയ രീതിയിലാണ്; ആണ്ടുതോറും രണ്ടും, ചിലപ്പോൾ മൂന്നും തവണ അഞ്ചു മലക്കാരും ഒത്തുകൂടിയാണതു കഴിക്കുക. ഇല്ലങ്ങളുടെ പിന്നാംപുറത്ത്, തുറസ്സായ സ്ഥലത്തുവെച്ചാണ് സദ്യ. വലിയ വലിയ ചരക്കുകളിൽ ചോറും, കൂട്ടാനും പാകംചെയ്തു മലവാഴയിലകൾ വട്ടത്തിൽ നിരത്തിയിട്ട് വിള

ന്വ! അവർ ഭക്ഷിക്കുന്നു. ആദ്യത്തെ പന്തിയിൽ സ്ത്രീകളിരിക്കും. കാരണവന്മാരൊരുപുറത്തും, യുവാക്കന്മാർ മറ്റൊരുഭാഗത്തും, അങ്ങിനെ രണ്ടാം പന്തിയിൽ പുരുഷന്മാരും. സദ്യ കഴിയുമ്പോഴേക്കും ഏതാണ്ടുച്ചതിരിയും. സന്ധ്യയാകുമ്പോൾ എല്ലാവരുംകൂടി സമൂഹമുറ്റത്ത് വന്നിരുന്ന് വെറ്റിലമുറുക്കി വെടിപറഞ്ഞുല്ലസിക്കുകയായി. പിന്നെ, നടുവിലൊരു വലിയ നിലവിളക്കുവെച്ച് നൃത്തമാരംഭിക്കുകയായി. ആണുങ്ങളാണതിന്ന് ആദ്യവസാനക്കാർ. സ്ത്രീകൾ ചുറ്റമിരുന്ന് കണ്ടാനന്ദിക്കുന്നതേ, ഞാൻ കണ്ടിട്ടുള്ളു. ഉടുത്ത മുണ്ടിന്റെ മീതെ ഒരു ചുവപ്പുവസ്ത്രവും, തലയിലൊരു കെട്ടുമാണ് കളിക്കാരുടെ വേഷം. മെല്ലെ മെല്ലെ ചവിട്ടി ചുറ്റിക്കൊണ്ടാട്ടം തുടങ്ങുന്നു; ചിലപ്പോൾ അന്യോന്യം ഇടക്കെട്ടിൽ പിടിച്ചും, വട്ടം തിരിഞ്ഞും, കോർത്തുപിടിച്ചും, പെട്ടെന്നു പിരിഞ്ഞും താളം മുറുകുന്നതോടെ നൃത്തത്തിന്റെ വേഗതയും വർദ്ധിച്ചുവന്ന്, ഒടുവിൽ അതിദ്രുതിയിൽ കലാശിക്കുന്ന രംഗം കാണേണ്ടതുതന്നെയാണ്. നാട്ടിൻപുറത്തു ചിലേടത്ത്, ഇന്നും ചില ആശാരിമാരും, തിയ്യരും കളിക്കുന്ന കോലാട്ടത്തോടു ഒട്ടൊരു സാദൃശ്യം അതിനുണ്ട്. ഒരു കാര്യത്തിൽ വലിയ വ്യത്യാസം കാണാം: നമ്മുടെ കൂട്ടർ പാടുന്നതു പുരാണകഥകളെപ്പറ്റിയുള്ള പാട്ടുകളാണ്. മലനായന്മാർക്കവയൊന്നും അറിഞ്ഞുകൂട. പൂർവ്വചരിത്രത്തെ ലാക്കാക്കിയുള്ള വീരഗീതങ്ങൾ—ബാലാഡ്സ് എന്നു പറയാം—ആണധികവുംഅവരുടെ അത്യന്തസുഭഗമായ നൃത്തഗീതങ്ങൾ. രാമൻ കോമ്മനെപ്പറ്റിയുള്ള പാട്ടുകൾ എണ്ണമില്ലാതെയുണ്ട്; ചിലതു, പട്ടന്മാരുമായുള്ളയുദ്ധത്തെ വർണ്ണിക്കുന്നവയാണ്. നാം കല്പിച്ചുകൊടുത്തിട്ടുള്ള ദിവ്യത്വവും,ബ്രഹ്മണ്യവുമൊന്നും 'പട്ടർ'എന്ന പദംകൊണ്ടവരുദ്ദേശിച്ചിട്ടില്ല. മറിച്ചു,അതുഇ തരദേശക്കാരായ പിൻകുടുമക്കാരെയെല്ലാം,അടക്കിപ്പറയുന്നൊരു പദമായിരിക്കാനാണെളുപ്പം. ആദികേരളത്തിൽ, കുടിയേറിപ്പാർത്ത ആര്യന്മാരെല്ലാം, അവർ ബ്രാഹ്മണരായാലുംകൊള്ളാം, ക്ഷത്രിയരായാലുംകൊള്ളാം പിൻകുടുമയുള്ളവരായിരുന്നു, എന്നാലോചിക്കുമ്പോൾ, അഭിപ്രായത്തിന്ന് ബലം കൂടുകയാണല്ലോ ചെയ്യുന്നത്. ഈ ആദിമ'ഭടന്മാ'രാരുംതന്നെ വൈദികരായിരുന്നില്ല. അവരിൽ തമിഴരും, കണ്ണാടകരുംകൂടി ഉണ്ടായിരുന്നിരിക്കണം. മലനായന്മാരുടെ അയൽപക്കക്കാരായിരുന്നെങ്കിലും അവരുമായടുത്തിടപെടാതെ ജീവിക്കുന്ന പണിയർ, ആളർ, അറനാടർ എന്നീ വർഗ്ഗക്കാരുടെ ഭാഷയോട് കണ്ണാടകവാക്കുകൾ കൂടിക്കലർന്നിരിക്കുന്നതു കാണാം. തമിഴുമാത്രം സംസാരിക്കുന്ന മലയരും ചിലേടങ്ങളിലുണ്ട്. മലനായന്മാരാകട്ടെ, സംസ്കൃതപദങ്ങൾകൂടി കലരാത്ത ശുദ്ധ മലയാണ്മയാണ് സംസാരിക്കുന്നതു്.

മാപ്പിളമാരോട് ഇവർക്കുള്ള അറപ്പും വെറുപ്പും ഇത്രയെന്ന് പറഞ്ഞറിയിക്കാൻ പ്രയാസം. അതു കണ്ടപ്പോൾ, ഇവർ ടിപ്പുസുൽത്താന്റെ പടയോട്ടക്കാലത്തുണ്ടായ, നിർബ്ബന്ധ മതമാറ്റവും, മറ്റഴിമതികളുമൊഴിക്കാൻവേണ്ടി മല കയറിപ്പോയവരായിരിക്കുമോ എന്നാദ്യം സംശയിച്ചു. അവരുമായസംഭാഷണങ്ങളും, അവരുടെവീരഗീതങ്ങളും, ആദ്യത്തെ അഭിപ്രായത്തെ തീരെ മാറ്റിമറിച്ചു; മുസ്ലിം അക്രമണത്തിന്നെത്രയോ മുമ്പായിരിക്കണം, ഇവർ പോയതെന്ന് ഏറെക്കുറെ ബോധ്യപ്പെടുകയുംചെയ്തു. മുൻകാലങ്ങളിൽ, ഇവർ, താഴ്വരകളിലും, സമതലപ്രദേശങ്ങളിലുമാണ് നിവസിച്ചിരുന്നതെന്ന്'തെളിയിക്കുന്നസംഗതികൾ പലതുമുണ്ടു. മുഖത്തിന്റെയും, ശരീരത്തിന്റെയും ആകൃതി. നായന്മാരുടെ ജീവിതരീതിയോടുള്ള അത്ഭുതാവഹമായ സാമ്യത തുടങ്ങി പലതും, പ്രസ്താവയോഗ്യമായ ചിലതു പറയാം: പ്രസവം, തിരണ്ടുകല്യാണം തുടങ്ങിയ കാര്യങ്ങളിൽഅനുഷ്ഠിക്കുന്ന ചടങ്ങുകളുംകാലവും ഇരുകൂട്ടർക്കും ഒട്ടൊക്കെ ഒരുപോലെയാണ്. പ്രസൂതിസമയമടുത്താൽ, മലനായർസ്ത്രീ ഇല്ലംവിട്ട് അതിദൂരെഒരിടത്തേക്ക് മാറിപ്പാർക്കുന്നു; സഹായത്തിന്ന് രണ്ടു പെണ്ണുങ്ങളും കൂടെപ്പോകും. തൊണ്ണൂറ്കഴിഞ്ഞത്, കുളിച്ച് ശുദ്ധമായതിനുശേഷമേ, ഇല്ലത്തിന്നടുത്തുകൂടി വരാൻകൂടി പാടുള്ളു. അതുവരെ കാട്ടിന്റെ നടുവിൽകിടന്ന് കഷ്ടപ്പെട്ടുതന്നെ ദിവസം കഴിക്കണം. ആർത്തവദിവസങ്ങളിലും സമൂഹം വിട്ടുപോകണമെന്നു മാത്രമല്ല; കുളിക്കാൻ വണ്ണാത്തിയുടെ മാറ്റുടുക്കണമെന്നതൊരു നിർബ്ബന്ധവുമാണ്. കാട്ടുജാതിക്കാർക്ക് ഈ പതിവെവിടെയെങ്കിലും കണ്ടിട്ടും കേട്ടിട്ടുമുണ്ടോ? ആദ്യകാലങ്ങളിൽ നാട്ടിൻപുറത്തു താമസിച്ച് ജീവിതം നയിച്ചിരുന്നവരാണിവർ എന്ന് തെളിയിക്കുകയാണ്, വീണ്ടുമത് ചെയ്യുന്നത്.

ഇപ്പോൾ, ഇവർക്ക് 'മാറ്റ' കിട്ടാനുള്ള ബുദ്ധിമുട്ട് ചില്ലറയൊന്നുമല്ല. അതുകൊണ്ട് രണ്ടും മൂന്നും പേർ ഓരോ വഴിക്കായി ഇറങ്ങിവന്ന്, ഒന്നും രണ്ടും തുണികൾ വണ്ണാത്തിയെക്കൊണ്ടലക്കിച്ച് കൊണ്ടുപോയി, ചെറുകഷ്ണങ്ങളാക്കിച്ചീന്തി ഇറയത്ത് തൂക്കിവെക്കുകയാണ് പതിവ്. ഇതൊന്ന്, അരയിൽ ചുറ്റിയെ, ഇന്നും ഈ ഉത്തമ

കുലസ്ത്രീകൾക്ക് ശുദ്ധിവരുകയുള്ളൂ. പിന്നെയൊന്നുള്ളത്, ഇവർ മരം കയറിയാൽ ഭ്രഷ്ടായിപ്പോകുമെന്നുള്ളതാണ്. പണ്ടൊക്കെ, നമുക്കും ആ വിശ്വാസം ഉണ്ടായിരുന്നിരിക്കണം. അല്ലെങ്കിൽ, മറെറാരുജാതിയെ ആ പ്രവൃത്തിക്ക് നിയമിക്കുമോ? വിവാഹരീതി കെട്ടുകല്യാണത്തിനൊടൊട്ടൊക്കെ സദൃശ്യമുള്ള ഒരു Imitiation അടിയന്തരം, സ്ത്രീകളുടെ കാതിലെച്ചുററ്, തട്ടക്ക മുതലായ ആടകളും, അലങ്കാരങ്ങളും, പുരുഷന്മാരുടെ മാന്ത്രികകർമ്മങ്ങൾ, ഇങ്ങിനെ പലതുമുണ്ട് വിവരിക്കാമെന്നുവെച്ചാൽ.

ഇവരുടെ മതമെന്താണ്? തീച്ചയായും, ഇവർ വൈദികഹിന്ദുക്കളല്ല. പണ്ടത്തെ നായന്മാരും വൈദികരായിരുന്നില്ലല്ലൊ. നാം അതിപ്പോൾ വിസ്മരിക്കുന്നു. പാരായണം, പൂജ തുടങ്ങിയ സമ്പ്രദായങ്ങൾകൊണ്ടും, ആചാരങ്ങൾകൊണ്ടും ഒട്ടുമുക്കാലും ബ്രാഹ്മണ്യമവലംബിച്ചിട്ടുള്ള നമുക്ക് അതോടുകൂടിത്തന്നെ മുണ്ടിയൻ കലശവും, അയ്യപ്പൻ വിളക്കും, കുട്ടിച്ചാത്തൻ സേവയും, കാരണവന്മാക്കു കൊടുക്കലും പ്രത്യേകമായുണ്ടുതാനും. ഭാഷ, നാമകരണം, ചിന്ത, വിശ്വാസം എന്നിങ്ങിനെ ജീവിതരീതിയിലങ്ങോളമിങ്ങോളം ബാധിച്ചുകാണാവുന്ന ദ്വിത്വാചാരം മലനായന്മാരുടെയിടയിൽ കാണ്മാനിടയില്ല. ഉദാഹരണമായി, പേരിടുന്നതു നോക്കുക; ഇവരുടെയിടയിൽ, രാമൻ എന്ന ഒററപ്പേർ, വാരിയന്മാക്കു ശൂലപാണിയെന്നതുപോലെ വളരെയധികം പ്രചാരമുള്ളതായിക്കാണാം. ആയ്യവീരനാമങ്ങളിതോടെ കലാശിക്കുകയും ചെയ്തു. ബ്രഹ്മവിഷ്ണുശിവശബ്ദങ്ങളുടെ പര്യായഭേദങ്ങൾ മറെറാന്നുംതന്നെ കാണ്മാനില്ല. ഇതിൽനിന്ന് നമുക്കൊന്നൂഹിക്കാം: ശ്രീരാമൻെറ കാലത്തു ജീവിച്ചിരുന്ന ഇവരുടെ പൂർവികർ വാനരസേനയിലെ ഒരു പ്രധാനവിഭാഗംതന്നെയായിരുന്നുവോ,എന്ന്! 'രാമൻകോമ്മൻ' എന്ന ദേവത ശ്രീരാമനായിക്കൂടെന്നുമില്ലല്ലൊ. (?)

ഏതായാലും, പ്രാചീനകേരളത്തിൽ പ്രചുരപ്രചാരമുണ്ടായിരുന്നവയാണ്, ഇവരുടെ പേരുകൾ മിക്കവാറും. ആയ്യബ്രാഹ്മണരുമായുള്ള സംസർഗ്ഗംകൊണ്ടും, ചരിത്രപുരാണപാരായണംകൊണ്ടും നമ്മുടെ ചാപ്പനും. കോരനും ഒരു ശലഭപരിണാമമേററ് ശിവദാസനും, രവീന്ദ്രനാഥനുമായി മാറിക്കഴിഞ്ഞു. എങ്ങാനും പഴമ്പേരുകൾ നിലവിലുണ്ടെങ്കിൽത്തന്നെ അവക്കൊരു ഗീർവ്വാണോല്പത്തി തേടിപ്പിടിക്കാനാണ് നമ്മുടെ ഉൽക്കടാഭിനിവേശം. കോരൻ, ഘോരനും; ചാത്തു,ശാസ്താവും, ഇട്ടുണ്ണി വിഷ്ണുണ്ണിയുമായിരുന്നെന്ന് പറയുന്നതുപോലെ ഇമ്മട്ടിൽ കോളാമ്പി കുവലയദളനമ്പിയുമായിരുന്നുവല്ലൊ...... ഇത്തരം ഉന്മാദമൊന്നും പിടിപെടാത്ത കൂട്ടത്തിലാണ് മലനായന്മാർ. മതാനുഷ്ഠാനത്തിലുമില്ലാ, ഇവക്കൊരു മാററംമറിച്ചലും അന്നും ഇന്നും അവരുടെ 'പരദേവത' രാമൻകോമ്മൻതന്നെ.പക്ഷെ,ഇവർ ആവേശംകൊണ്ടുന്മത്തരായിക്കാണുന്നതു ഒരു മാതിരി ഭഗവതി പൂജയിലാണ്. ചില ക്ഷേത്രങ്ങൾ കാട്ടിൻെറ നടുവിലാണ് സ്ഥിതിചെയ്യുന്നത്. നൃത്തവും, പാട്ടും, സദ്യയും അതികേമമായി പൂജയോടനുബന്ധിച്ച് ഇവർ കഴിക്കാറുണ്ട്. ഒരുമാതിരി കലികൊണ്ടു തുള്ളുന്ന വെളിച്ചപ്പാടന്മാർ ഇവരുടെയിടയിലുമുണ്ട്. തെച്ചി, ചെമ്പരുത്തി, അലറി മുതലായ പൂജാപുഷ്പങ്ങളവിടെയും കാണാം. 'തിറ' എന്ന സമ്പ്രദായവും, തോററം ചെല്ലലും ഇവരുടേയും ഒരെണ്ണമാണ്. മദ്യവും. ഇറച്ചിയും അവക്ക് കൂടാതെ കഴിക്കയില്ല. അതിട്ടരമിറങ്ങിപ്പോയി ഉൾനാടുകളിൽ ചെന്നാണ് ഇവർ മദ്യം വാങ്ങിക്കൊണ്ടുവന്ന് സംഭരിക്കുന്നത്. വെളിച്ചപ്പാടിൻെറ ഉറച്ചിലും, വെട്ടലും, കല്പനയും എല്ലാം നാട്ടിൻപുറത്തു കാണുന്ന രീതിയിൽനിന്ന് പറയത്തക്ക വ്യത്യാസമൊന്നുമില്ലാതെയാണ്.

(തുടരും)



# THE NON METAL. 'X'

CHANDRAKUMAR, (S. I.)

[Who is the poor devil ?—Ed.]

*Occurrence*:—Occurs as combination of flesh, blood and bones.

*Properties*:—

1. Is a short, fat, solid, brown in colour and easily melted by kind words.
2. Has the smell of Cuticura Powder and Swastik Hair Oil.
3. Very active in the college, and explosive when angered sufficiently.
4. Highly combustible when in a hot temper.
5. Very unstable and splits up easily into $H_2O + Na\,Cl$ (tears). Incidehtally Na Cl can be prepared by allowing this unstable compound to decompose in the presence of catalytic agents like Dynamics and Trigonometry.
6. Is a powerful devouring agent. A plate of 'hen-roast' disappears very soon in the presence of this agent. Of all fruits, attacks selectively the 'apple' and 'pineapple'.
7. A boring agent also, boring by stale talk.
8. Has great affinity towards the other sex, and whenever in their presence, a silent discharge of electricity takes place, the eyes acting as the anode and cathode.
9. Too easily bleached by bleaching agents.
10. Very fond of the section 'Light', and is often seen in front of the looking glass probably verifying the laws of reflection.
21. Combine sparingly with question papers, forming rubbish and precipitating digit marks.

*Special Properties*:—

1. During any session of the College Union, can be seen running up to the platform every now and then.
2. Plays hockey in the position 'right-out', should have been really left-out

*Tests*:--

Tested by the presence of half a tin of powder and a half-bottle of hair oil on his person.

*Uses*:—

Of absolutely no use, but to waste money, energy and time.

ഒരു വിനോദയാത്രാക്കുറിപ്പ്:

# മേട്ടൂരോളം

ഉച്ചക്കൂണു കഴിഞ്ഞപ്പോൾത്തന്നെ എനിക്ക് പുറപ്പെടാനുള്ള തിടുക്കമായി; അമ്മയെ അലട്ടാൻ തുടങ്ങി. ഒരു മൂന്നു മണിയായപ്പോഴേക്ക് മീനുവും, രാധയും അവരുടെ കെട്ടും സാമാനങ്ങളുമായി വന്നുചേർന്നു. വേഗത്തിൽ, രണ്ടു സാരി, ഞാനെന്റെ 'ഹാൻഡ്ബേഗിൽ' കുത്തിനിറച്ചു, ഞങ്ങൾ നേരെ സ്കൂളിലേക്കു പോയി. അവിടെ മിക്കവരും വന്നുചേർന്നിരുന്നു. അനന്തലക്ഷ്മിയും, മാലയും, കമലവും, ലക്ഷ്മീടീച്ചറും, മോണിക്കടീച്ചറും എല്ലാവരും. ഹെഡ്മിസ്ട്രസ്സ് വലിയ കൃത്യക്കാരിയാണ് അവരവരുടെ കുട്ടികളെക്കൊണ്ടു വന്നപ്പോഴേക്ക് നേരം പിടപ്പതായി. ഞങ്ങളെല്ലാവരുംകൂടി അവിടുന്ന് സ്റ്റേഷനിലേക്ക് ഒരു മാർച്ച് വെച്ചടിച്ചു.—സ്റ്റേഷനിൽ വണ്ടിയെത്തിയപ്പോഴേക്ക് നേരം ഇരുട്ടിത്തുടങ്ങി. വണ്ടിയിൽനിന്നിറങ്ങുന്നവരുടെ, കയറുന്നവരുടെ, വെറുതെ തിരക്കുകൂട്ടാൻ വന്നവരുടെ, ഞങ്ങളുടെ ഒന്ന് പ്രത്യേകം, അങ്ങിനെ ആകപ്പാടെയൊരു ബഹളം. ഗാർഡിന്റെ സേവ പിടിച്ച് ഒഴിച്ചുകിട്ടിയ ഒരു കമ്പാർട്ടുമെണ്ടിൽ ഞങ്ങൾ തിക്കിത്തിരക്കിക്കയറി ഒരോ സീററ് പിടിച്ചു. ഏതാണ്ടു പത്തുപതിനെട്ടു കുട്ടികളും അഞ്ചാറു ടീച്ചർമാരും ഉണ്ടായിരുന്നു. അധികം താമസമുണ്ടായില്ല, അടിവെച്ചടിവെച്ച്, നീണ്ടൊരു ചൂളവും വിളിച്ചുകൊണ്ട് വണ്ടി വീണ്ടും പുറപ്പാടായി. ഒരഞ്ചുനിമിഷത്തെ നിശ്ശബ്ദത—ആരും ഒന്നും മിണ്ടിയില്ല.

പിന്നെ തുടങ്ങുകയായി, ഡാൻസും, പാട്ടും, കൂത്തും, തകൃതിതന്നെ. ക്ലാസ്സിൽനിന്ന് തങ്ങളെ പഠിപ്പിച്ചിട്ടുള്ള പാട്ടുകൾ ചിലർ, ചിലർ സിനിമയിൽനിന്നു വീണുകിട്ടിയ ചില ഹിന്ദിപ്പാട്ടിന്റെ കഷ്ണങ്ങൾ, മോണിക്കട്ടീച്ചറൊരു ഇംഗ്ലീഷ് പാട്ടുപാടി; ഞങ്ങൾ മുറയ്ക്ക് താളം പിടിക്കാനും തുടങ്ങി. ഞങ്ങൾക്ക് ഒരായിരം നിർദ്ദേശങ്ങൾ തന്നുകൊണ്ടു തുടങ്ങിയ ലക്ഷ്മിടീച്ചറുടെ നീണ്ട പ്രസംഗം ചിന്നിച്ചിതറി പല വിഷയങ്ങളിലേക്കും പാളി ഒടുവിലതു നൃത്തമായിപ്പരിണമിച്ചു ഞങ്ങളൊക്കെ ചിരിച്ചു ചത്തു. ആ തഞ്ചത്തിൽ ശാരദാടീച്ചർ പലഹാരപ്പൊതി തുറന്നു. കുറെ ജിലേബിയും, വാഴക്കനുറുക്കും അതിലുണ്ടായിരുന്നു. അതെല്ലാം ടീച്ചർതന്നെ ഞങ്ങൾക്കോരോ വെച്ചുതന്നു. അതുകൊണ്ടായില്ല; ഞങ്ങളും കൊട്ടയിലും, വട്ടിയിലും, പൊതിയിലും, പെട്ടിയിലുമായി ഓറഞ്ചും, പഴവും, മററുംമെന്തൊക്കെയോ കൊണ്ടുവന്നിരുന്നു. അന്നുരാത്രി, വെളുക്കുന്നവരെത്തിന്നാനുള്ള കോപ്പ്, ആ കമ്പാർട്ടുമെണ്ടിലുണ്ടായിരുന്നു എന്നു പറഞ്ഞാൽ തീർന്നല്ലൊ. തട്ടിപ്പറിച്ചും, ആശകാട്ടിയും, ബഡായിപറഞ്ഞും, ഞങ്ങളവ കുറെയേറെ അകത്താക്കി.

നേരം പത്തുപത്തരയായി. ഞങ്ങളൊക്കെ, കുറഞ്ഞൊന്ന് ക്ഷീണിക്കുകയും ചെയ്തു. സകലരും ഉറക്കത്തിലായി; ചിലർ മററുചിലരുടെ മടിയിലും, കൊട്ടമേലും, പെട്ടിമേലുമായി തലങ്ങും, വിലങ്ങും കിടന്നു കൂക്കംവലിച്ചുതുടങ്ങി. പെട്ടെന്ന്, ഇരുട്ടടച്ചൊരു മഴ. മഴ പെയ്തു തീർന്നപ്പോഴേക്കും വണ്ടിയുടെ അകത്തൊക്കെ ചോർന്നൊലിച്ച് വെള്ളപ്രളയം. കോസടിയും സാരിയും എല്ലാംതന്നെ നനഞ്ഞൊലിച്ചീറൻ പിണ്ടിയായി. ഈ മഴയും, കാററുമൊന്നുമറിയാതെ, ചിലർ അന്തംവിട്ടുറങ്ങി പിച്ചും പേയും പറയാൻ തുടങ്ങി, അതു കേൾക്കാൻ ബഹു രസമുണ്ടായിരുന്നു.

നേരം പുലർന്നപ്പോഴേക്കും വണ്ടി, ഈറോഡിലെത്തി. എല്ലാവർക്കും ജോലിത്തിരക്കുതന്നെ: ചിലർ സാരിമാററുന്നു, മററുചിലർ കാലും മുഖവും കഴുകുന്നു; കുറെപേർ പൌഡറിടുന്നു, വേറെചിലർ, തലേന്നാളത്തെ പലഹാരപ്പൊതി നക്കുന്നു

മിസ്സ്. ഭാർഗ്ഗവീ. (ജൂനിയർ ഇൻടർ.)

മുണ്ട്. വീണ്ടും രണ്ടരമണിക്കൂർ കഴിയേണ്ടിവന്നു, വണ്ടി സേലത്തെത്തുവാൻ. ആ രണ്ടരമണിക്കൂർ, പക്ഷെ, ഞങ്ങളെസ്സംബന്ധിച്ചെടത്തോളം രണ്ടരമിനുട്ടുപോലെ പോയതറിഞ്ഞില്ല. ഞങ്ങൾ വാലുള്ള 'ഡിങ്കിരിവാല'ന്മാരെപ്പോലെ ഓരോരുത്തരായ। പുറത്തേക്കുചാടി, 'ഇതെന്താണീത്,' കല്യാണപ്പാർട്ടിയോ? -എന്നായി സ്റ്റേഷനിലുള്ള ഒരുകൂട്ടർ. മററൊരുകൂട്ടർ, 'അതു സ്ത്രീസമാജത്തിൻെറ വല്ല ജാഥയുമായിരിക്കാ'മെന്നും.

മറേറവണ്ടി പുറപ്പെടുവാൻ സമയമധികമില്ലായിരുന്നു. തലേന്നാളത്തെ മഴ, അവിടേയും നല്ല കണക്കിനു പെയ്തിട്ടുണ്ടായിരിക്കണം. വഴുതി, രമ മൂക്കുകുത്തി വീണു; പിന്നാലെ, ലക്ഷ്മിട്ടീച്ചറും. എന്തിനുപറയുന്നു, അവിടേയും ഗാർഡിൻെറ സേവയില്ലായിരുന്നുവെങ്കിൽ, ഞങ്ങൾ ആ വണ്ടിക്കു പോകലുണ്ടായിരുന്നില്ല.

ഞങ്ങൾക്ക് ഇത്തവണ, ഒററക്കൊരു മുറി കിട്ടിയില്ല; കയറിക്കൂടിയ കമ്പാർട്ടുമെണ്ട് പറയാതിരിക്കുകയാണ് ഭേദം! പക്ഷെ, പറയാതിരുന്നിട്ടെന്താ? മുഖത്തുനിന്ന് ടവ്വലെടുത്താൽ തലതിരിയും, ഛർദ്ദിക്കാൻവരും. കുട്ടികൾ 'കേ—പൂ' എന്നങ്ങിനെ. വൃത്തികെട്ട, അസത്തുക്കളായ കൊങ്ങന്മാരുടേയും, കീറപ്പെണ്ണുങ്ങളുടേയുമിടയിൽ, ഭാഗ്യംകെട്ട ഞങ്ങളും. അസത്തുക്കൾ മുറുക്കിത്തുപ്പിയിട്ടും, കുരച്ചുകാന്നിട്ടും അസഹ്യമേ—അസഹ്യം. അടുത്ത സ്റ്റേഷനിൽ ആ ശവങ്ങൾ ഇറങ്ങിയതിനാലും, വണ്ടി കാവേരി നദീതീരത്തിലൂടെ, ധ്രുതഗതിയിൽ പോയിരുന്നതിനാലും, അകത്തേക്കു വന്നിരുന്ന കുളിരിളംകാററിനാലും ഒട്ടൊന്നിരിക്കപ്പൊറുതിയായി. ഉദ്ദേശം ഒരു പതിനൊന്നുമണിയായി. അങ്ങിനെ ഒടുക്കം മേട്ടൂരിലെത്തിയപ്പോൾ. ഞങ്ങളുടെ സാമാനങ്ങളെല്ലാം, ഒരു മരം കടത്തുന്ന ലോറിയിലിട്ടു. ഞങ്ങളും അതിൽ കുത്തിത്തിരക്കികയറിക്കൂടി. പിന്നെ, ലോറി പാച്ചിലായി. ശിവ, ശിവ! ഒരു കുന്നിറങ്ങുവാനുണ്ടായിരുന്നു. താഴത്തേക്കൊന്നു നോക്കിപ്പോയാൽ തലതിരിഞ്ഞു പഞ്ചാറടിക്കും; അത്രക്കം ചെങ്കുത്തായിരുന്നു—ആ ഇറക്കം. ചിലക്കും ഒരു രസമായിരുന്നു. സുമാറൊരു മുക്കാൽ മണിക്കൂർനേരത്തെ യാത്രക്കുശേഷം, ഞങ്ങൾ താമസിക്കാനേപ്പാടുചെയ്ത ബങ്കളാവിലെത്തി. എല്ലാവരും സുഖമായിക്കുളിച്ചുണ്ടുകഴിച്ചു. യാത്രാക്ഷീണം ഞങ്ങളെ കുറച്ചൊന്നു വിശ്രമിക്കാൻ നിർബ്ബദ്ധരാക്കി. അല്ലെങ്കിൽ, ഞങ്ങളാ പൊരിവെയ്ലത്തുതന്നെ. 'ഡാം' കാണാൻ പോകുമായിരുന്നു.

നാലുമണിക്ക് കാപ്പികുടി കഴിഞ്ഞപ്പോൾ ഞങ്ങൾക്ക് പിന്നെ ഇരിക്കാൻ സാധിച്ചില്ല. ടീച്ചർമാരെ ഉപദ്രവിക്കലായി കുറച്ചുദൂരം റോഡിലൂടെ നടന്നശേഷം ഞങ്ങൾ വലിയൊരു 'പാക്കിൽ' എത്തി. അവിടത്തെ കാഴ്ച മനോഹരംതന്നെയായിരുന്നു. ഒരു വള്ളത്തോളിനോ, ഒരു ള്ളൂരിനോ അല്ലാതെ അവിടം ഏതാണ്ടെന്ന് വർണ്ണിക്കാൻ സാധ്യമല്ല. ഇവിടെയൊന്നും നാം കാണാത്തതായ നാനാതരം ചെടികളും, പുഷ്പങ്ങളും അവിടെ ഉണ്ടായിരുന്നു. അവിടെ പറന്നു കളിച്ചിരുന്ന പാപ്പാത്തികളോടൊപ്പം, അങ്ങോട്ടുമിങ്ങോട്ടും പറന്നുകളിക്കാൻ ഞങ്ങൾക്കു തോന്നി. ഞങ്ങൾക്കേവക്കും അവിടം വിട്ടുന്നത് സങ്കടമായിത്തോന്നി. പക്ഷെ അവിടെ പാക്കാൻ തരമുണ്ടോ?

ഞങ്ങൾ, സുപ്രസിദ്ധമായ മേട്ടൂർ അണക്കെട്ടിൻെറ അടിവാരത്തെത്തി. അതിൻെറ ഒത്ത മുകളിലെത്താൻ ഞങ്ങൾക്കൊരരമണിക്കൂർ വേണ്ടിവന്നു. 175അടിയാണതിൻെറ ഉയരമെന്ന് ഞങ്ങളൊന്നിച്ചുണ്ടായിരുന്ന ഒരു കൊങ്ങൻ പറഞ്ഞു. രണ്ടു മലകൾക്കിടയിലാണ് ആ ഉയന്ന അണകെട്ടിയിരിക്കുന്നത്. അതിൻെറ ഒരു വശത്തു തടഞ്ഞുനിർത്തപ്പെട്ട, കാവേരി നദീജലം വളരെ പൊക്കത്തിൽ ഓളംവെട്ടിയങ്ങിനെ നിന്നിരുന്നു. മറുഭാഗത്തു, ഡാമിൻെറ ചെറിയ പുഴതിൽക്കൂടെ കുറേശ്ശെക്കുറേശ്ശെ വരുന്ന വെള്ളം ഒരു രണ്ടടി ഉയരത്തിൽ ഒഴുകുന്നുണ്ടായിരുന്നു. ഡാമിൻെറ ഒരുവശത്തേക്കു നോക്കിയാൽ അനന്തമായ സമുദ്രമാണോ എന്നും, മറുവശത്തേക്കു നോക്കിയാൽ വിശാലമായ മൈതാനമാണോ എന്നും തോന്നിപ്പോകും. ഡാമിൻെറ വീതി, സുമാറൊരു പത്തടിയോളം കാണും. ഇരുവശത്തുമോരോ കന്മതിലുകൾ നാലടിയുയരത്തിൽ നിൽക്കുന്നുണ്ടായിരുന്നു. അതിനാൽ മതിൽക്കപ്പുറത്തുള്ള ജലത്തിൽ വീഴുമെന്ന ഭയം ഞങ്ങൾക്കുണ്ടായിരുന്നില്ല. എൻെറ കയ്യിൽ ക്യാമറയുണ്ടായിരുന്നെങ്കിൽ ഞാനവിടുത്തെ നയനമോഹനമായ പ്രകൃതിവിലാസങ്ങൾ ഒന്നും ഒഴിച്ചുവിടാതെ കൈവശമാക്കിയേനെ. നടന്നുനടന്ന് ഞങ്ങൾ കുന്നുകളിലൊന്നിൻെറ മുകളിലെത്തി; അവിടെനിന്നു പാലത്തിന്മേലേക്കു തിരിച്ചു. അണക്കെട്ടിന്നു തെല്ലകലെ, അതിന്നു സമാന്തരമായി അതിനെപ്പോലെത്തന്നെ രണ്ടു കുന്നുകളെ ചേർത്തുകൊണ്ടാണ് പാലം പണിചെയ്തിട്ടുള്ളത്: പാലത്തിന്മേൽ ചുററിത്തിരിഞ്ഞ്തിരിഞ്ഞ്, തലതിരിഞ്ഞ്, നോക്കുമ്പോൾ നേരം ഒട്ടൊന്നതിക്രമിച്ചതിനാൽ, ഞങ്ങൾ, ഹൃദയംകവ

രുന്ന ആ പൂനിലാവിൽ ബങ്കളാവിലേക്കു തിരിച്ചു. ഊണു കഴിച്ചു; കുംഭകൎണ്ണനെ സേവിച്ചു എന്നൊന്നും പറയേണ്ടല്ലോ.

രാവിലെ, ഞങ്ങൾക്ക് പട്ടണത്തിലും ഒന്നു തെണ്ടിത്തിരിയണമെന്നു തോന്നി. അണക്കെട്ടിന്നു തൊട്ടുള്ള വൈദ്യുതയന്ത്രശാലയും, ഇരുമ്പുവ്യവസായശാലയും ഞങ്ങൾ കണ്ടു. സയൻസു പഠിക്കുമ്പോൾ ചിത്രത്തിൽ മാത്രം കണ്ടു മനസ്സിലായെന്നു നടിച്ച പലവിധം വിദ്യുത്സഞ്ചികകളും ഡൈനാമോ, ആർക്ക്ലൈററ് മുതലായവയും കണ്ടു. പട്ടണത്തിലൂടെ സഞ്ചരിക്കുമ്പോഴൊക്കെ, കോഴിക്കോട്ടും എനിക്കോൎമ്മവരാതിരുന്നില്ല.

നദിയിൽനിന്ന് വിദ്യുച്ഛക്തിയെടുക്കുന്നതിനെപ്പററിയൊക്കെ മുൻപറഞ്ഞ കൊഞ്ഞൻ വെടിപ്പായി വിവരിച്ചുതന്നിരുന്നു. അവിടെ പല കാഴ്ചകളും ഞങ്ങൾ കണ്ടു. പിന്നെ മടങ്ങാനുള്ള ഒരുക്കമായി. മേട്ടൂരിൽനിന്നു വിട്ട ബസ്സ് ഭവാനിപ്പുഴക്കരികിലുള്ള ഒരു ഹോട്ടലിൻെറ മുമ്പിലാണ് ചെന്നുനിന്നത്. ഞങ്ങൾ ആ ഹോട്ടലിലും ചില പരാക്രമങ്ങൾ കാണിച്ചു; ടീച്ചർമാർ കടിഞ്ഞാണിട്ട് വലിച്ചിരുന്നെങ്കിലും ഞങ്ങൾ അതൊന്നുമത്ര കാൎയ്യമാക്കിയില്ല. ബസ്സ് ഈറോഡിലെത്തി; പ്ലാററഫോറം കുറച്ചകലെയായിരുന്നു. ഞങ്ങൾ ഇലക്ടിക് ലിഫ്ടിൽക്കയറിയും ഇറങ്ങിയും പ്ലാററ്ഫോറത്തിൻെറ താഴെയുള്ള നിരത്തിൽക്കൂടെ അലഞ്ഞുനടന്നു. ഞങ്ങൾ അവിടുന്ന് പലതും വാങ്ങി. വണ്ടി വരുന്നതിന്നു കുറച്ചുമുമ്പ് ഞങ്ങൾ അടുത്തൊരു ഹോട്ടലിൽപോയി ഊണു കഴിച്ചു. നല്ല വൃത്തിയും, വെടിപ്പുമുള്ള ഒരു സ്ഥലമായിരുന്നു അത്.

ഞങ്ങളുടെ മടക്കയാത്രയും വിനോദമുള്ളതായിന്നു. എങ്കിലും, ഞങ്ങൾ മടങ്ങുന്നതു കോഴിക്കോട്ടേക്കാണല്ലോ എന്നോൎത്തപ്പോൾ കുറച്ചൊരു വ്യസനവും ഉണ്ടാകാതിരുന്നില്ല.

---

## SUNSET.



Photograph:—P. Sivadas Menon (VI.)




Midget : " Move on, Lazy, or I will Pound you into Pulp " !

# ശൂദ്രമുനിവധം.

"ശ്രീരാമചന്ദ്രൻെറ കീർത്തിപ്രകാശത്തെ നിറം കെടുത്തുമാറ് അത്രയും അനുചിതമാണോ ആ ശൂദ്രമുനിയുടെ കഴുത്തറക്കൽ?........ശ്രീരാമൻെറ ജീവിതകാലത്തെ സംഭവങ്ങളെ അന്ന് ജീവിച്ചിരുന്ന ഒരാളുടെ ദൃഷ്ടികൊണ്ട് ഒന്നു നോക്കുക: അപ്പോൾ കാണാം ശൂദ്രമുനിയുടെ കഴുത്തറുത്തത് അന്യായ്യമല്ലെന്ന്. രാമായണാദി സാഹിത്യശാഖകളുടെ വെളിച്ചത്തെ ഇന്ന് നമുക്കത് സാധിക്കുകയും ചെയ്യും"

(ദേശമംഗലത്ത് രാമവാരിയർ.)

"രാമരാജ്യത്തിൽ എനിക്കു വിശ്വാസമില്ല. ശൂദ്രമുനിയുടെ കഴുത്തറുത്ത രാമരാജ്യത്തിൽ വിശ്വസിക്കുന്നവനല്ല ഞാൻ. എനിക്കു ഗാന്ധിജിയുടെ സ്ഥാനമുണ്ടായിരുന്നെങ്കിൽ ഞാൻ രാവണരാജ്യത്തിനുവേണ്ടി വാദിക്കുമായിരുന്നു." ഇയ്യിടെ ഒരു സാഹിത്യസമാജത്തിൻെറ പ്രത്യേക സമ്മേളനത്തിൽ ശ്രീ. പള്ളത്ത് രാമൻ പ്രസ്താവിച്ചതാണിത്. ഈ പ്രസ്താവനയോടു യോജിക്കുന്നവരായിട്ട് ഏറെയാരുമുണ്ടാകുമെന്നു തോന്നുന്നില്ല. ഇത്ര പ്രകടമായി ഇന്നുവരെ ആരും ഇത്തരമൊരു പ്രസ്താവന ചെയ്തതായും അറിയുന്നില്ല. ശ്രീരാമചന്ദ്രൻെറ കീർത്തിപ്രകാശത്തിൻെറ നിറം കെടുത്തുമാറ് അത്രയും അനുചിതമാണോ ആ ശൂദ്രമുനിയുടെ കഴുത്തറുക്കൽ?

സീതാവിവാസനത്തിനുശേഷം അനന്യജാനിയായി ശ്രീരാമചന്ദ്രൻ രാജ്യം ഭരിച്ചുകൊണ്ടിരിക്കേ, നാട്ടിൻപുറത്തുകാരനായ ഒരു ബ്രാഹ്മണൻ യൌവനം പ്രാപിക്കാതെ മൃത്യുവടഞ്ഞ പുത്രൻെറ മൃതദേഹവുമെടുത്ത് രാജഗൃഹദ്വാരത്തിൽ വന്നു പരാതിപറഞ്ഞു. ഉടനെ രാജാവ് വസിഷ്ഠാദികളെ വരുത്തി അവരുമായാലോചിച്ചു. നാട്ടിലെവിടെയെങ്കിലും അപചാരം നടക്കുന്നുണ്ടായിരിക്കുമെന്നും, അതിൻെറ ഫലമാണു ബാലമരണം മുതലായ വിപത്തെന്നും, ഉടനെ അതു കണ്ടറിഞ്ഞു പരിഹരിക്കണമെന്നും അവർ ഉപദേശിച്ചു. അതനുസരിച്ച് രാജാവു നാടുനീളെസ്സഞ്ചരിച്ച് ഒടുവിൽ ഒരു മരക്കൊമ്പിൽ കിഴക്കാന്തൂക്കായി തൂങ്ങിക്കൊണ്ടു തപസ്സുചെയ്തുകൊണ്ടിരുന്ന ഒരു താപസനെക്കണ്ടെത്തി. കുലനാമാദികളറിഞ്ഞു ഉടനെ ആ അപചാരൻെറ കഴുത്തറുക്കുകയും ചെയ്തു. ഇതാണു രാമായണത്തിൽക്കാണുന്ന ശൂദ്രമുനിവൃത്താന്തം.

രാജദ്വാരത്തിൽവെച്ച് ആ ബ്രാഹ്മണൻ പലതും പറഞ്ഞ കൂട്ടത്തിൽ പറയുകയാണ്. "സമ്പ്രത്യനാഥോ വിഷയ ഇക്ഷ്വാകൂണാം മഹാത്മനാം രാമം നാഥമിഹാസാദ്യ ബാലാന്തകരണം ധ്രുവം" (മഹാത്മാക്കളായ ഇക്ഷ്വാകുവംശക്കാരുടെ രാജ്യം ഇന്നു രാമൻ നാഥനായിവന്നപ്പോൾ അനാഥമായിത്തീർന്നു. രാമായണം ഉത്തരകാണ്ഡം സർഗ്ഗം 73 ശ്ലോ. 15). എന്തു മൂർച്ചയുള്ള വാക്ക്! ഇങ്ങനെ കടന്നാക്ഷേപിക്കുവാനുള്ള ധൈര്യം ആ ഗ്രാമീണന്നെങ്ങനെയുണ്ടായി? തീർച്ചയായും ജാതിമഹത്വംകൊണ്ടല്ല. രാജാവും പ്രജകളും തമ്മിലുള്ള അടുപ്പമാണതു കാണിക്കുന്നത്. ഭരണാധികാരിയുടെ കൃത്യലോപത്തെ എടുത്തുകാട്ടുവാനുള്ള അവകാശം ഓരോ പ്രജക്കുമുണ്ടായിരുന്നു. പുത്രനാശത്താൽ വ്യാക്ഷിപ്തചിത്തനായ ബ്രാഹ്മണൻ കുറച്ചു കടന്ന നിലയിൽ അതെടുത്തു കാട്ടിയെന്നുമാത്രം. രാജാവാണെങ്കിൽ, ഈ അധിക്ഷേപം കേട്ട് അരിശംകൊള്ളുന്നില്ല. മാത്രമല്ല, ലക്ഷ്മണനോട്, "ഗച്ഛസൌമ്യ ദ്വിജശ്രേഷ്ഠം സമാശ്വാസയ സുവ്രതം" (സൌമ്യ, സദ്വൃത്തനായ ബ്രാഹ്മണനെ ചെന്നാശ്വസിപ്പിക്കു) എന്നാജ്ഞാപിച്ച് പരിഹാരം തേടി പുറപ്പെടുകയും ചെയ്തു.

തന്റെ തെററ് താൻ തുറന്നു സമ്മതിക്കുന്നുവെന്നല്ലേ ഇതിന്റെ അർത്ഥം? ഭരണാധികാരികളൊക്കെ ഇത്തരത്തിൽ ആത്മവാന്മാരായിരുന്നെങ്കിൽ!

താനാര്, തനിക്കു ലോകത്തോടുള്ള ബന്ധമെന്ത്, ലോകത്തിൽ തന്റെ കർത്തവ്യമെന്ത് എന്നു യഥാർത്ഥമായി അറിഞ്ഞാചരിക്കുന്നവനാണ് ആത്മവാൻ. മറെറല്ലാ ഗുണങ്ങളേക്കാളും മുഖ്യമായി മനുഷ്യനിലുണ്ടായിരിക്കേണ്ടുന്ന ഒരു ഗുണമാണ് ആത്മവത്ത. മററു ഗുണങ്ങളുടെ അടിക്കല്ലാണെന്നുതന്നെ ഇതിനെപ്പരിഗണിക്കാവുന്നതാണ്. ഈയൊരു ഗുണം തികച്ചും ശ്രീരാമനിലുണ്ടായിരുന്നു. ആ മഹാപുരുഷന്റെ ഓരോ പ്രവൃത്തിയും പരിശോധിച്ചാൽ ഇതറിയാം. മഹാവിഷ്ണുവിന്റെ അവതാരമാണെന്നു പൌരാണികന്മാർ പുകഴ്ത്തത്തക്കവണ്ണം അത്രയും ഗുണപൂർണ്ണനായ ഒരാരാദ്ധ്യപുരുഷനായിരുന്നു ശ്രീരാമൻ. ആത്മവത്ത എന്ന ആ വിശിഷ്ടഗുണമാണ് അദ്ദേഹത്തെ ആ നിലയിലേക്കുയർത്തിയതും. ദൃഢവ്രതത്വം—തന്റെ കർത്തവ്യത്തിൽ ഉറച്ചുനില്പ്—ശ്രീരാമന്റെ മറെറാരു മുഖ്യ ഗുണമാണ്. ഇതാണു ശൂദ്രമുനിയുടെ കഴുത്തറുക്കുവാൻ രാമനെ പ്രേരിപ്പിച്ചതും.

അവരവരുടെ ഇച്ഛക്കൊത്തവണ്ണം പ്രവർത്തിക്കുവാനുള്ള വാസന പ്രാണിസാധാരണമാണ്. അതിന്നായി ഓരോ വ്യക്തിയും വെമ്പുന്നു. തനിക്കു തോന്നിയപോലെ ഓരോരുത്തരും അങ്ങു നടക്കുകയാണെങ്കിലോ ലോകത്തിൽ സമാധാനമെവിടെ? അപ്പോൾ, ഓരോ വ്യക്തിയുടേയും ഇച്ഛാഗതിയെ ഒരു ക്ലിപ്തപരിധിയിലൂടെ തിരിച്ചു നിയന്ത്രിക്കേണ്ടിവരുന്നു. അത്തരം നിയന്ത്രണപരിധികളാണു നീതിനിയമങ്ങൾ. ലോകക്ഷേമത്തെ ലക്ഷ്യമാക്കിക്കൊണ്ടുള്ളതാകയാൽ അവ സദാചാരങ്ങളായി. ഈ സദാചാരങ്ങളെ സ്മൃതികൾ അനുശാസിക്കുന്നു. നിസ്സംഗന്മാരായ ഋഷികളാണവയുടെ ഉപജ്ഞാതാക്കൾ. സ്മൃത്യനുശാസനങ്ങൾക്കു പുറമെ ഋഷികളുടെ അപ്പപ്പോഴത്തെ ഉപദേശങ്ങളും അനുസരണീയങ്ങളായിരുന്നു. പണ്ടത്തെ ഭരണതന്ത്രത്തിന്റെ അടിസ്ഥാനംതന്നെ സ്മൃതികളും ആപ്തോപദേശങ്ങളുമായിരുന്നു. ഭരണീയർ മാത്രമല്ല ഭരണകർത്താക്കളും അവയ്ക്കു വിധേയന്മാരത്രേ. വർണ്ണാശ്രമധർമ്മങ്ങളെ നിഷ്ഠയോടെ പുലർത്തിപ്പോരുന്ന കാലത്ത് അതിൽ അല്പമായ അപചാരംപോലും ശിക്ഷാർഹമാണ്. എന്നിരിക്കേ, ശൂദ്രനു ത്രൈവർണ്ണികശുശ്രൂഷയൊഴികെ പരഗതിക്കു തപോനുഷ്ഠാനം മുതലായതു പാടില്ലെന്നു നിയമമുള്ള ആ കാലത്ത് ശൂദ്രതാപസനെ ശിക്ഷിച്ചില്ലെങ്കിൽ അതല്ലേ തെററ്. രാജാവ് സ്വന്തം വ്യക്തിത്വത്തിൽ അസ്വതന്ത്രനാണ്. നിയമസംഹിതയെ അനുവർത്തിച്ചു ജീവിക്കുന്ന ഏററവും അസ്വതന്ത്രനായ ഒരു ജീവിയാണദ്ദേഹം. സ്വന്തമായ വിചാരവികാരങ്ങളെപ്പോലും നിയന്ത്രിച്ചുകൊണ്ടായിരിക്കണം രാജാവിന്റെ ജീവിതം. അത് പ്രജാസഞ്ചയത്തിന്റെ യോഗക്ഷേമങ്ങൾക്കുഴിഞ്ഞുവെച്ചതാണ്. ആ യോഗക്ഷേമങ്ങളോ, നീതിനിയമങ്ങളെ ആശ്രയിച്ചാണുതാനും. ആകയാൽ, പ്രജാക്ഷേമം ജീവിതലക്ഷ്യമായിക്കരുതുന്ന ശ്രീരാമന്ന് നിയമലംഘകനായ ശൂദ്രമുനിയെ ശിക്ഷിക്കാതിരിക്കാൻ നിർവ്വാഹമില്ല. അതദ്ദേഹത്തിന്റെ സ്വധർമ്മാനുഷ്ഠാനമാണ്. ഉപദേഷ്ടാക്കളായ ഋഷികളുടേയും മററും ഉപദേശപ്രകാരവുമാണതു ചെയ്തതും.

ശൂദ്രന്ന് എന്തുകൊണ്ടു തപസ്സുചെയ്തുകൂടാ എന്ന ചോദ്യത്തിന്നിവിടെ അവകാശമില്ല. അതു പാടില്ലെന്നായിരുന്നു അന്നത്തെ ആചാരം. ആ ആചാരം നിലനില്ക്കുന്നേടത്തോളം കാലം തപം ചെയ്യുന്ന ശൂദ്രൻ ശിക്ഷാർഹനാണ്. കാലഭേദമനുസരിച്ച് ആചാരങ്ങൾ മാറിക്കൊണ്ടിരിക്കും. വർണ്ണാശ്രമവ്യവസ്ഥ ഒരു കാലത്ത് ഏററവും ആദരണീയമായിരുന്നു. ഗുണങ്ങളേയും കർമ്മങ്ങളേയും ആശ്രയിച്ചായിരുന്നു അതു സൃഷ്ടിക്കപ്പെട്ടിരുന്നത്. കാലക്രമത്തിൽ മററു പലതിന്നുമെന്നപോലെ അതിന്നും അധഃപതനം വന്നു. ജനനോപാധിയെ ആശ്രയിച്ചായിത്തീർന്നു. ക്രമേണ അതിന്റെ ആചാരനിയന്ത്രണങ്ങൾക്കും ശൈഥില്യം വന്നു. ഇങ്ങനെ അയഞ്ഞയഞ്ഞ് ആ വ്യവസ്ഥ ഇല്ലാതിരിക്കുകയാണ് യോഗക്ഷേമത്തിന്നു നല്ലതെന്ന നിലയാണിന്ന്. ഈ പരിതഃസ്ഥിതിയിൽ ജീവിക്കുന്ന ഒരാളുടെ ദൃഷ്ടികൊണ്ട് മുൻകാലത്തെ കാഴ്ച കാണുന്നതു ശരിയല്ല. കാണാം; കാലം മറന്നു വിക്ഷിക്കരുതെന്നേ ഉള്ളു. ഇതിലാണു പലർക്കും തെററു പററുന്നത്. ശ്രീരാമന്റെ ജീവിതകാലത്തെ സംഭവങ്ങളെ അന്നു ജീവിച്ചിരുന്ന ഒരാളുടെ ദൃഷ്ടികൊണ്ട് ഒന്നു നോക്കുക. അപ്പോൾക്കാണാം ശൂദ്രമുനിയുടെ കഴുത്തറുത്തതു അന്യായ്യമല്ലെന്ന്. രാമായണാദി സാഹിത്യശാഖകളുടെ വെളിച്ചത്ത് ഇന്നു നമുക്കതു സാധിക്കുകയും ചെയ്യും.

ഇനി, ഇത്ര കടന്ന ശിക്ഷ വേണമോ എന്നാണെങ്കിൽ, വേണം. ദണ്ഡംകൊണ്ടേ ജനങ്ങളെ,

പ്രത്യേകിച്ചും പ്രാകൃതവർഗ്ഗക്കാരെ, നീതിനിയമങ്ങളിൽ അടക്കിനിർത്താറാവു. അന്നും ഇന്നും എന്നും ഇതൊരു പ്രത്യക്ഷമായ പരമാർത്ഥമാണ്. ശിക്ഷിക്കപ്പെടുന്നവൻ പിന്നീട് അപരാധം പ്രവർത്തിക്കുകയില്ല. മററുള്ളവർക്ക് അതൊരുപദേശവുമായി. കാരുണ്യംകൊണ്ടോ മറേറാ കണ്ടില്ലെന്നു കണ്ണടക്കുന്നതു പിന്നെക്കു ദോഷമാണ്. അന്യന്മാർക്കു വളമാണ്. ബാലമരണം അപചാരമൂലകമാണെന്നു വിശ്വസിച്ചിരുന്ന ഒരു കാലത്ത് അനർഹമായ തപസ്സ് നിസ്സാരമായ ഒരു കുററമല്ല. ലോകക്ഷേമത്തെ നശിപ്പിക്കുന്ന മഹാപരാധമാണ്. അതിൻെറ വേരറുക്കുന്നതു രാജധർമ്മവുമാണ്.

സ്വാർത്ഥസ്പർശമില്ലാതെ പ്രജാക്ഷേമത്തിൽ മാത്രം ജാഗരൂകനായ ഭരണാധികാരി, സ്വകൃത്യനിരതന്മാരും രാജഭക്തന്മാരുമായ പ്രജകൾ, പരസ്പരം ഭ്രാതൃസ്നേഹം, നിറഞ്ഞ ഐശ്വര്യം, വ്യാധിഭയമകന്ന് പൂർണ്ണമായ പുരുഷായുസ്സ്, മുതലായ മേന്മകളുടെ ആവാസമായിരുന്നു രാമരാജ്യമെന്നു രാമായണത്തിൽപ്പറയുന്നു. മഹാത്മജി വാദിക്കുന്ന രാമരാജ്യം ഇതാണ്.

രാമരാജ്യത്തെപ്പററി കാളിദാസൻ പറയുന്നതു നോക്കുക:

തേനാർത്ഥവാൻ ലോഭപരാങ്മുഖേന
തേന ഘ്നതാ വിഘ്നഭയം ക്രിയാവാൻ
തേനാസ ലോകഃ പിതൃമാൻ വിനേത്രാ
തേനൈവ ശോകാപനുദേന പുത്രീ.

അദ്ദേഹം ലുബ്ധനല്ലായ്കയാൽ ജനങ്ങൾ സമ്പന്നരായി. അദ്ദേഹം വിഘ്നഭയം തീർത്തിരുന്നതിനാൽ ജനങ്ങൾ സ്വകർമ്മവ്യാവൃതരായി. കൃത്യാകൃത്യങ്ങളിൽ പ്രവർത്തനവും നിവർത്തനവും ചെയ്കതിനാൽ അദ്ദേഹം ജനങ്ങൾക്കൊരച്ഛനായി. ദുഃഖമകററുന്നതുകൊണ്ട് അദ്ദേഹം ജനങ്ങൾക്ക് ഉററ മകനുമായി.

ഇങ്ങനെ യോഗക്ഷേമസമ്പൂർണ്ണവും സന്തുഷ്ടപുഷ്ടവുമായ ഒരു രാജ്യത്തെ ആരാണ് ആശിക്കാതിരിക്കുക, ആദരിക്കാതിരിക്കുക? രാവണപക്ഷക്കാർക്കേ അതിൽ അഭ്യസൂയയുണ്ടാകാനിടയുള്ളു.



# IN RE

# OLIVER GOLDSMITH:

## JUDGMENT REVERSED.

M. P. S. MENON.

To the ordinary man, behaviour is more impressive than character. It often happens that carelessness about personal dignity or absolute openness of speech ruins a man's reputation more effectively than intolerance or even wickedness. This was what must have happened to Goldsmith. We cannot otherwise understand how the first authentic Citizen of the World should have been considered a fool while Johnson who hated or despised everyone and everything that was not English or Tory or High-Church was acclaimed the greatest philosopher of his age.

The fact was, Goldsmith was too simple to hide his follies and spoke without reticence of himself and his failures. This made him a laughing stock all his life because it diverted attention away from his real greatness and fixed it upon human foibles which had at no time any taint of hatred or vice, but made him look quite human and unphilosophic. Boswell wrote with real perception about the greater qualities of Johnson but he seems entirely to have missed both the wisdom and the purity that lay concealed in the character of Goldsmith. Boswell himself was not entirely a good man and his prejudices very often overcame his judgment. He was willing to abase himself before men whom the world received as great; he bowed abjectly to Johnson and could tolerate Burke and Reynolds, but he was continually irritated by the little man whom he considered foolish and presumptuous and who had no overpowering qualities of birth or social grace.

The next man who wrote extensively of Goldsmith was Macaulay. It was again unfortunate that Macaulay was, though in a different manner, the very antithesis of Goldsmith in intellect, behaviour, and personal habits. He was pre-eminently the clever man. He was regular in study, balanced in dress and manners, had strong beliefs and prejudices in every matter, and went on at a regular climb from stage to stage of a very successful life. He was the typical Englishman moving from success to success in public life and ending up with a peerage and a place in the cabinet. He was the kind of man who could excuse any thing but irregularity and clumsiness. There was nothing in the worldly career of Goldsmith which this clever and brilliant man could admire. Goldsmith was poor at school, was dismissed from college, could not settle down to any position, could not manage money thriftily, was often in debt, and was a wanderer who made a mess of his life. Macaulay is therefore intolerantly severe in his remarks, and once or twice even imputes to him moral failings for which there is no real evi-

dence anywhere. Even the criticism of the written works of Goldsmith is patronising and narrow, because so ardent a party man as Macaulay was could not find anything wise or reasonable in the wide humanity of the other. His tone implies a continual wonder how a man who so often got into trouble over money and dressed in so un-Chesterfieldian a manner could have had brains for anything at all.

Thackeray was more openly charitable in his estimate, but even he could not do entire justice to Goldsmith, because he was a snob at heart and had many of the possessive prejudices of the Victorian age.

The result of so much adverse or qualified criticism has been that students of literature have most often missed the wisdom and the utter originality of Goldsmith. In the treatment of world questions he was really far beyond his century. The period during which he lived was historically one of increasing expansion and of increasing insularity for the English people. They were establishing colonies, conquering new countries, and extending trade and industry in their own country. Certain clear effects were produced by these factors on their character. First and foremost was the feeling that they were superior to every other people in the world. Along with this came the rise of the Imperialistic spirit and a sort of Jingo brutality. Economically, the commercial classes were rapidly coming into importance, while the yeomen were either moving into the cities or migrating into America or Australia. The new trader class felt themselves in opposition to the old nobility and mobilised themselves into a middle class political party called the Whigs. The history of the century is really a history of the struggle between the old feudal families and the new rich classes. In private life there had come into practice a kind of cynical immorality which was an extreme reaction from the Puritanism of the previous century. Altogether it was a period of narrow ways of thinking in politics and literature and daily life. Even among really intellectual classes, such men as Johnson and Burke devoted themselves to the championship of a party. It was Goldsmith who said of Burke that he gave the party what was meant for mankind. No criticism could have been more succinct or true, and nothing shows Goldsmith's own catholicity better.

Traces of narrowness are also to be seen in the literary conventions of the time. To be original or natural or sincere was a disqualification. In matter and in style the Latin models and the rhetoric of France dominated Prose and Poetry. It is true that Goldsmith himself deliberately put himself under this influence in moods of imitation, but he could never sustain it for any length of time and broke away into his own clear natural and straight-forward English whenever feeling aud instinct took the upper hand.

As we read the many wise and sympathetic things thathe said of mankind, we realise the fact that Goldsmith's views were neither an affectation nor an accidental jumble of casual opinions, but a considered philosophy of humanity He was neither a Tory nor a Whig, neither a High Churchman nor a Dissenter. He took a sane view of life and opinion and laughed at all extreme types with a kind of charitable amusement.

We sometimes hear critics speak of his humour as having saved him from oblivion. They say that a great deal of Johnson's writing did not have humour and is therefore no longer read. This is a curiously twisted

statement which attempts to explain why the smaller man keeps his hold still while the dictator of the century has receded into a puzzling diminution in human perspective. In the first place Goldsmith's humour is itself the result of sympathy. Had Johnson been humorous,it would probably have been in an intolerant manner and would not have been much more just than his definitions of *whig* and *patriotism* and *oats* and other things that he disliked or distrusted. The popularity which Goldsmith gained aud kept is really a reward for love of mankind. In his own time his opinious were largely unpopular, because they ran counter to contemporary prejudices. He did not believe that a Scotchman a German or a Frenchman was in the nature of things inferior to an Englishman. He did not believe that a man was necessarily good or bad just because he was a Tory or Whig or a Hligh Church man. He had no undue respect for groups. We find him critcising both the system and the personnel of Church and State. He was as much a patriot as Johnson, but he did not think it necessary to be offensive to others on that account. A childhood spent in Ireland must have had some influence on his way of thought.

As a writer, we find that in both thought and language he took the new line that led to the freedom and individuality of later times. Perhaps it was lucky that he did not know Latin as profoundly as Johnson did, and that he did not come so directly under the influence of French writers. This saved him from the cureless heaviness of style and formality of manner which left the great Johnson merely a literary curiosity to succeeding generations. Had not Boswell preserved so minutely the penetrating remarks which Johnson made during conversation, he would have been a minor figure indeed in English literature. That calamity would not have happened to Noll whose name rhymed with poor Poll.

One reported remark that we have from Goldsmith is what he said about Johnson's style. "If you make little fishes talk, doctor, they would talk like whales". This is not anything which a fool might have said, but an acute, characteristically racy estimate of the main fault in Johnson's writing. Had Boswell taken care to preserve some more of Goldsmith's uttered opinions and encouraged him to it, we might have been much the richer.

Goldsmith's written style is not entirely without the faults of Eighteenth century convention, but they come invariably when he tries to keep to the received fashion. Mostly, however, he expresses himself in a straight and lucid manner not very different from the conscious simplicity of our own times. His writings are as a result more popular now than they were in his own time. It seems to be our general feeling that if we are to study a model in our earlier days, there is none whom we can follow with so much advantage as Goldsmith.

There was no subject which he did not deal with. Sometimes in poetical form, sometimes in prose, he pictured the life of England in a most delightful way and pointed out in subtle but unembittered satire the errors and follies that he saw. Now and then he ventursd on matters of universal interest and dealt with them in a spirit of love and sympathy like the true philosopher that he was. He has tried most forms of literature with success, poetry, fiction, drama, and periodical writing. In the poem 'The Traveller' he attempts a delightful picture of his own wanderings. He takes each people as he finds them and appraises their virtues and faults with

keen observation and judgment. All the time that he wanders, his own heart fondly turns back to England, but the main conclusion that he comes to is that human happiness does not depend on climates or forms of Government, but on the inner contentment of each man. This was an astonishing thesis for a century which was mainly a political one. In the matter of vocabulary and music and imagery it is definitely superior to the imitational Latinisms of Johnson's 'London' or "The Vanity of Human Wishes". This was because Goldsmith had natural poetic feeling while Johnson was merely doing a fashionable literary exercise. The quality of poetry is found still deeper in the other poem "The Deserted Village". It is basically pastoral in sentiment but rises superior to any poem in English of that class because the figures and problems that he deals with are real and human. The beggars and the tramps, the pastor, the schoolmaster, and the other folk who figure in it are astoundingly modern and real in conception. Of the change from prosperity to depopulation in the village Macaulay has said some very severe things. He says: "In its prosperity it is an English village and in its decline it is an Irish one, and the two are nowhere combinable or possible". It is a remark of the kind that Macaulay made very frequently, striking but essentially untrue. Macaulay knew nothing of the great changes that happened in rural England in the eighteenth century. Had he taken his minute researches into English history a little beyond the period where he stopped, he would have known that owing to great economic factors the population of the villages did rapidly drift into the towns or migrate into America, and that the whole of English farming has been suffering in quality and quantity since. It was really the beginning of an epoch during which England has become dependent upon colonial supplies of food. Goldsmith's prophecy has been proved almost literally true during two recent wars, when Canadian wheat and Australian mutton were intercepted by German submarines, and England went dangerously near the verge of starvation. Had there been a sufficiently numerous class of farmers in the country, the people of England would not have been driven to the necessity of amateur farming of unsuitable areas by levies of businessmen and land girls drawn mainly from the cities. It was not of course these people who really saved England, but the English and the American Navy and Air Force which combated the 'U' boat menace. Had Macaulay been alive today he would have admitted that Goldsmith's treatment of the emigration problem was not entirely sentimental. In one way of course the movement was also good because larger numbers could cultivate areas in the outlands, but the fact remains that England cannot feed herself now.

Another point that Goldsmith made in the poem was on the subject of the coming in of a commercial class who imitated the landed aristocracy in magnificence but, unlike them, dispossessed the small owners through economic pressure implied in their own easier wealth and the moral degradation of land as a means of livelihood. The process has been going steadily on since. Today the really great men of the country are bootmakers, beer brewers, meat canners, and other industrialists who have brought big business and big profits to England. How far these capitalists are a blessing to the country and to the millions whom they employ is yet to be proved. One fact is indisputable, that every big business con-

cern of the kind calls away from the land many thousands of men in the promise of easier life and quicker returns.

Goldsmith tried novel writing and produced the Vicar of Wakefield. We may admit that the final chapters come together in a rather slovenly manner, but the story itself, the different types it has introduced, and the amusing presentation of certain aspects of English life remain unrivalled down to our own day. In the matter of characterisation, especially, Goldsmith has shown wonderful knowledge of human nature as commonly visible within the limited precincts of a village. Some idea of its naturalness and beauty comes to us when we try to read the more ambitious attempt which the great Johnson made in "Rasselas, Prince of Abyssinia", which is in comparison wooden and lifeless and painfully boring. Goldsmith also wrote two comedies as was the fashion of the time, but how different, how much more vivacious, how much truer to life, and how much purer were "She Stoops to Conquer" and "the Good natured Man" than the best efforts of the dramatists of the time! In the world of essay writing, which was the bulk of his work, Goldsmith still remains one of the greatest. It is hardly necessary to compare him to Johnson in this type of writing. The great man's style and his unconquerable tendency to sermonize on every occasion made Johnson unreadable in his own time and unread in ours. Goldsmith also had a didactic purpose in his writing, but it is veiled so subtly that it never becomes heavy, while the straightness of the style and the good natured attitude to human life and folly make his writings not merely tolerated but actually welcome and enjoyable even in the twentieth century.

In the periodical essay he made use of certain conventional methods which had become the fashion of his century. In the Citizen of the World and the Bee he worked out a series of papers in which certain characters were developed episode by episode into full portraits almost like well-known figures in fiction. The Man in Black and Beau Tibbs and the Chinaman are almost as alive as Sir Roger De Coverley and his group. Around them he has woven a fabric of criticism as varied as Addison's and far more tolerant and humane. Like other essayists of the time Goldsmith tries to end up the story in a sentimental finish, but the attempt is obviously clumsy and hurried. Notwithstanding the unsatisfactory end, the figures themselves remain true to life because they were modelled on the author's own experiences and shaped to fit in with his own views of life. Another fashion of the time which he employed was the bringing in of an oriental atmosphere. This was begun by French authors. But while other essayists employed the trick for the sake of an exotic atmosphere, Goldsmith used it for greater freedom and naturalness of criticism. The creation of Lien Chi Altangi was really an impulse of supreme genius. In the character of an observant but charitable Confucian supposed to be travelling through England, Goldsmith was able to view English life with an unparalleled detachment and to speak about it with a freedom end naivete which is absolutely new in English Literature. Now and then the effect is made still more real by a comparison of the eastern outlook and the western way of life, and by the emphasis thrown on the contrast beween eastern and western customs. Surely if any Englishman ever achieved the calmness and humanity of Confucius, it was Goldsmith.

It is not possible to refer to even a twentieth part of his opinions. Every essay has something strikingly original and noble in sentiment. We may, however, refer to just a few of them to illustrate the range and catholicity of Goldsmith's philosophy. In the essay on St. Paul's he makes a humorous allusion to flags taken from enemies of the empire and hung within as tokens of national triumph. He says that the sum of all those rags would not be enough to make a single handkerchief, and that for the glory of winning them England had put her self to incalculable expense and suffering. His sentiments on this question reveal a pacifism which would do credit to the greatest idealists of our own time. There are other essays also in which war and hatred are held up to gentle ridicule. In the story of Azem he stresses the innate folly of much reformatory work which politicans pretend to aim at. He states that the whole balance of nature would be upset by a stoppage of killing, and that pests dangerous to human existence would multiply so extensively that man would be blotted out of existence. He pictures an ideal community where everyone is made artificially equal, and shows that the absence of emulation would destroy a l human effort, and that education, inventiveness, progress, and all that we mean by civilisation would come to an end,-and man would slip back into cureless savagery. We know that Russia made a sustained experiment on this and was ultimately forced to recognise that superiorities of intellect and character had to be given the importance which is their due. Goldsmith himself was a poor commoner, but we find that he admits the necessity for rank and distinction in public life. He had no touch of envy in his nature, and though he made fun of cruel and shallow types of nobility and laughed at snobs like Beau Tibbs, he had no dislike or hatred of the aristocracy or indeed any other class as such. Writing of the prelates of the time, he points out their worldliness and other unpastor-like qualities, but we know from his description of the village preacher that he had a deep appreciation of religion and the profession of divinity. His views on literary problems and conditions of the century are really a craftsman's contribution to his craft. He satirizes afiectations in style and forms of writing.

He laughs at the man who prostitutes his pen and does inferior work, sometimes truly not literary at all, which many did for a few coppers. He exposes the artificiality and pretensions of inferior writers. He is equally severe on publishers who cheated him and many others like him, but admits with characteristic justice that they too had had a case, because a great many so-called writers were really the sorriest type of scribblers. He makes frequent reference to the garrets of starvation and the many unworthy shifts to which authors were driven in the attempt to make a living. He himself knew the poverty and the suffering, but he refers to them without the least bitterness. In the matter of literary criticism we know that he was sounder than most other writers of the time, because he could view the problem through the eye of a reader no less than of the writer. In the essay a 'visit to the theatre' he criticizes the current tendency to melodrama in England and the manifold absurdities in which it showed itself on the stage. The essay is an education in itself on the subject of dramatic composition. His real views on literature were exceedingly lofty. The well-known passage in the Traveller in which he refers to the neglect of poetry and the patronage of ignorant

men is one of the finest outbursts in the more serious vein to which he occasionally set himself in the expression of opinion.

Another outstanding quality of his was his unfailing love for the poor. While he is usually satirical on the subject of thrift and makes frequent references to men who impoverished themselves in various forms of folly, his sentiment for poverty is one of abiding sympathy. In the 'City Night Piece' we find him at his strongest. There are of course similar passages elsewhere in his works, but the depth of feeling is never so profound as it is here, if we except certain notable passages in his poetry. The Man in Black is made to rail at indiscriminate charity while inwardly he was melting with the desire to give. This was Goldsmith's own personal instinct. He knew that theories of economics forbade the encouragement of begging and that certain laws attempted the abolition of vagrancy; but he forgot all this and every time gave readily and recklessly. His own father had been like him and had trained up his children more to help others than to make things safe for themselves. Again and again, in poetry and in prose, this early instinct is referred to under various forms. Macaulay has only a gibe for this, but we know that though men like Goldsmith are enemies to themselves, they are the friends of mankind, and it is such as they who think fine sweet thoughts and do fine sweet things which the economist can have no idea of.

A man like this is rare in creation. Goldsmith went through life with love and kindness for all. We find this not merely in the folly of his charity but also in his thoughts of men and affairs. Everywhere is sweetness and light. If knowledge and the sense of beauty and true humanity form what we call culture, Goldsmith was one of the few cultured men that ever lived in England. He may have been insignificant in person and laughable in manners, but he was angelic in thought and feeling. If philosophy is sweetness and love of all things, he was a true philosopher, perhaps the only one that England ever produced, far truer to the name than the eminent partisans who overshadowed him in life or patronised him after.



# മാത്സര്യം മതിയാക്കില്ലേ!

(കേക.)

മാറാത്ത ദുർവ്വാശിയാൽ, ഭാരതാംബികെ, നിൻെറ-
മാറിനെ പിളർന്നിട്ടും മാത്സര്യം നിലച്ചില്ല!
ഇതിനോ പണിപ്പെട്ടാ സ്വാതന്ത്ര്യം നേടീനമ്മൾ;
ഇതിനോ ജീവരക്തം ചൊരിഞ്ഞു ധീരാത്മാക്കൾ;
പാരിനെ രക്തക്കളമാക്കുമീയവിശ്വാസം,
ആരുനിൻ സുതന്മാർതൻ സിരയിൽക്കുത്തിക്കേററി ?
മതത്തിൻ തിരശ്ശീല പിടിച്ചുചെയ്യും ദുഷ്ട-
മതിഭ്രാന്തികൾ, സ്വാർത്ഥതാല്പര്യപ്പുളപ്പുകൾ,
കാട്ടുന്ന പേക്കൂത്തിനും കാരണം മതം പോലും;
ഇഷ്ടമാണിസ്ലാമിനു രക്തത്തിൽക്കുളിയെന്നോ?
സോദര രക്തം ചിന്തി മതത്തെപ്പരത്തീടാൻ,
സോദരാ, ശ്രീകൃഷ്ണനും, നബിയും 'പറഞ്ഞീല'
തൻകാര്യം മാത്രംനോക്കി നടക്കും വണ്ടിനുണ്ടോ-
പങ്കജദളത്തിങ്കൽ തുളയേററുവാൻ ദണ്ഡം!
മാത്സര്യം കത്തിക്കേററിത്തുരപ്പുപണിചെയ്യും-
കുത്സിതാചാരന്മാരെ, മതത്തെ മറപ്പോരെ!
രാമനും റഹിമാനുമൊന്നിൻെറ പര്യായങ്ങൾ,
ഗീതയും കൊറാനുമിങ്ങൊന്നല്ലോ പഠിപ്പിപ്പൂ!
സ്വാർത്ഥലോലുപന്മാരെ, മാററുവിൻ, സാഹോദര്യ-
തീർത്ഥത്തിലൊഴുക്കട്ടെ, മത്സരം—മതദ്വേഷം!

— ഇ. കെ. ബി. നമ്പ്യാർ.

(പൂർവ്വവിദ്യാർത്ഥി)

UNIVERSITY LIBRARY
1 - MAR 1948
MADRAS.

# THE GREAT TRAGEDY



# അത്യാഹിതം.

1. നിജഗോപ്രസരൈഃ പ്രകാശയൻ
ഭുവനേ ഭവ്യപഥം തമോവൃതേ
അധുനാസ്തമുപേയിവാൻ വിധേ-
ർവ്വിധിനാ "മോഹനകർമ്മചന്ദ്രമാഃ."

2. സമദർശിതയാ ധരാതലം
നിഖിലം യസ്യ നിജം കുടുംബകം
അപരാധപരേപ്യരൌ ന യഃ
കൃതവിദ്വേഷമലീമസാശയഃ,

3. വിജയം വിഹിതാരിസംഗരേ
വൃണുതേ നൂനമഹിംസയൈവ യഃ
അനഹംകൃതിനശ്ച യസ്യ സാ
വിനയേനാവനതിഃ സമുന്നതിഃ,

4. അധനോപി നിധീശ്വരഃ പരം
കൃശഗാത്രോപി വിപുഷ്ടവീര്യവാൻ
അപി യോ ഹരിപാദയോഃ സ്വയം
ശരണാർത്ഥീ ശരണം തദർത്ഥിനാം,

5. ജനുഷാ കില യസ്യ ഭാരത-
ക്ഷിതിരേഷാ ഭുവി ധന്യതാം ഗതാ
സ ഹി രാഷ്ട്രപിതാ മഹാത്മജിഃ
കഠിനം! ഹന്ത! കഥാവശേഷിതഃ.

6. സുഷുവേ കില യാ ജനപ്രിയം
മഹിതം "മോഹനകർമ്മചന്ദിരം"
അഥ സാ ജനയൽ കഥം ക്ഷിതി-
ർവ്വിഹിതോപപ്ലവ"നാത്തുരാമകം."

7. കലശാംബുനിധേഃ സമുത്ഥിതോ
നയനാനന്ദകരഃ സുധാകരഃ
തത ഏവ വിദാഹകോഷ്മള-
ജ്വലിതജ്വാലമഭൂദ്ധലാഹലം.

8. വസുധാതലവാസിനോ ജനാഃ!
സ മഹാത്മാ ന യഥാർത്ഥതോ ഹതഃ
അപഹായ ശരീരബന്ധനം
വിഭുതാമാപ ജഗൽസിഷേവിഷുഃ.

9. ജനയിത്രി! ധരിത്രി! മാ ശുച-
സ്തവ ദാസീത്വവിമോചനായ സഃ
അവതീര്യ ഹരിർന്നരാത്മനാ
കൃതകൃത്യഃ പ്രയയൌ നിജം പദം

—ദേശമംഗലത്ത് രാമവാരിയർ.



# In Loving Reverent Memory of Mahatmaji.

Jacob George, (S. I.)

On Friday thirtieth January, about 5-12 P. M. our country, our beloved country lost her Father; Mother India is left without her loving guide; the ship of India is thus left in the stormy sea without her Captain. Mahatmaji, the father of the Nation, beloved of his countrymen, a saint and a prophet of grace, an apostle of non-violence, a great soldier of Freedom, and the true lover of the humble and the oppressed, is no more. Cruel shots from of an assassin's pistol have put an end to his precious life. Now, there is no one to advise us, no one to guide us, no one to lead us along the correct path. It is a great loss, not only to India, but a great loss to each and every man, and a great loss to humanity, and an irreparable loss to the world.

I wonder how an Indian was able to do this bloody deed. How could any man hate such a saint, who loved his people, fought for the freedom of his country and spent his life for the peace of all the world! We stand ashamed before the world, for an Indian, one of our own country-men, has done this. We have to answer for it.

Now he is dead, has disappeared from the face of the world, how are we to do homage to that great soul? It is only by propagating his gospel; living in accordance with his teachings; following the principles for which he lived and died heroically. May his great soul rest in peace!

JAI HIND.

# മഹാത്മാജി.

## വിശ്വവിഖ്യാതനായ ഒരത്ഭുതപുരുഷൻ.

"അഹിംസയുടെ പ്രവാചകനായ അദ്ദേഹം തൻെറ അതിവിശിഷ്ടമായ ജീവിതം കൊണ്ട് മററ് അവതാരപുരുഷന്മാരേപ്പോലും അതിശയിച്ചരിക്കുന്നു........വിശ്വവിഖ്യാതനായ ആ അത്ഭുതപുരുഷൻെറ കാലടിപ്പാടുകൾ ശരിയായി പിൻതുടരാൻ സാധിച്ചാൽ അതുതന്നെയാണ് അദ്ദേഹത്തിന്നുവേണ്ടി നിർമ്മിക്കുവാൻ കഴിയുന്ന ലോകോത്തരമായ ഏററവും വിലപിടിച്ച സ്മാരകം."

കോഴിക്കോട്ട് അപ്പുക്കുട്ടൻനായര്.

ഖം പ്രസുപ്തമിവ സംസ്ഥിതേ രവൌ
തേജസോ മഹത ഈദൃശീ സ്ഥിതിഃ
തൽ പ്രകാശയതി യാവദുത്ഥിതം
മീലനായ ഖലു താവതശ്ച്യുതം.

കുമാരസംഭവത്തിൽ, മഹാകവി കാളിദാസൻ പറഞ്ഞ ഈ വാക്ക് എത്ര പരമാർത്ഥം! ഉദിച്ചുയന്ന ഒരു മഹാതേജസ്സ് എത്രത്തോളം പ്രകാശം പരത്തുന്നുവോ, അത്രത്തോളം, അതസ്തമിച്ചാൽ അന്ധകാരത്തേയുംപരത്തുന്നതായിരിക്കും. സർവ്വവന്ദ്യനായ ആ മഹാത്മജിയുടെ ജീവിതതേജസ്സ് ലോകത്തെ തട്ടിയുണർത്തി സ്വകർമ്മവ്യാപൃതമാക്കിക്കൊണ്ട് ഇന്നോളം പ്രകാശിച്ചുകൊണ്ടിരുന്നു. ഇന്നിതാ, ആ തേജസ്സ് അസ്തമിച്ച് ലോകത്തെ അന്ധകാരത്തിലാഴ്ത്തിയിരിക്കുന്നു.



❖ ❖

ഭാരതത്തിന്ന് ഇതിലും വലിയൊരാപത്ത് ഇനി വന്നുചേരാനില്ല. ഒരു ദുഷ്ടൻെറ ഭയങ്കരകൃത്യം — ഗാന്ധിജിയെ വെടിവെച്ചു കൊന്നത് — ഞൊടിയിടകൊണ്ട് കാട്ടുതീപോലെ പാരിടമാകെ ആളിപ്പടന്നു. അതിദാരുണമായ ആ വാർത്ത വിഷാദവും വിസ്മയവും സംഭ്രമവും നിരാശയും രോഷവും ലജ്ജയും കൂടികലൎന്നുകൊണ്ട് ഓരോ ഹൃദയത്തിലും മാറെറാലിക്കൊണ്ടു. കേട്ടവരൊന്നൊഴിയാതെ ഇടിവെട്ടേററപോലെ സ്തംഭിച്ചുപോയി: പലരും പൊട്ടിക്കരഞ്ഞു; ചിലർ മൂർഛിച്ചുവീണു; ചിലർ ഭ്രാന്തുപിടിച്ചോടിച്ചാടി; ആത്മഹത്യക്കു തുനിഞ്ഞവരുമുണ്ട്; ഹൃദയം പൊട്ടി മരിച്ചവരും.

അത്ഭുതമില്ല: രാഷ്ട്രപിതാവായ നമ്മുടെ പ്രിയനേതാവാണ്, ആർഷഭൂമിയുടെ അത്ഭുതമണിപ്രദീപമാണ് പൊലിഞ്ഞുപോയത്. പ്രധാനമന്ത്രി ജവഹരിലാൽപോലും "എന്താണ് പറയേണ്ടത്; എങ്ങിനെയാണ് പറയേണ്ടത്" എന്നറിയാതെ കുഴങ്ങി. ഇടറൊഞ്ഞു പൊട്ടി, തേങ്ങിത്തേങ്ങി വികാരനിർഭരനായി, അദ്ദേഹം അന്നു ചെയ്ത പ്രക്ഷേപണം കേട്ടുനിന്നവരുടെ കണ്ണിൽ കണ്ണീർ പൊടിയിച്ചു........

❖ ❖

'ജനിക്കാതിരിക്കുക' — അതെ: ആ ഒരൊററ മരുന്നേ ഈ വിശ്വത്തിലാകെ തിരഞ്ഞുനോക്കി കണ്ടെത്തിയിട്ടുള്ളു, മരണത്തെ ജയിക്കാൻ. അതിൻെറ മുമ്പിൽ, മറെറന്തും, ശാസ്ത്രത്തിൻെറ ഇന്നേവരെയുള്ള എല്ലാ കണ്ടുപിടുത്തങ്ങളും മുട്ടുകുത്തിയിട്ടേയുള്ളു. ജനിച്ചു — എന്നാൽമരണവും നിശ്ചയമാണ്! അതുകൊണ്ട്, ഗാന്ധിജിയും മൃത്യുവെ ജയിക്കുകയില്ലെന്ന് ഏവക്കുമറിയാം. പക്ഷെ, ആ യതിവര്യൻെറ സമാധി ഇങ്ങിനെ അമംഗളമായത്ത് നമുക്കോരോരുത്തക്കും ലജ്ജാവഹ

മാണ്. സത്യംകൊണ്ടും സൌഹൃദംകൊണ്ടും നിർമ്മിക്കപ്പെട്ട ആ സത്യാന്വേഷകന്റെ മാറിടം ഒരു ഗൂഢതരാലോചനയുടെ കിരാതവൃത്തത്തിന്ന് ലക്ഷ്യമാകേണ്ടതല്ലായിരുന്നു.........എന്തുചെയ്യാം! കലികാലവൈഭവം; അല്ലെങ്കിൽ, അദ്ദേഹം പറയാറുള്ളപോലെ 'എല്ലാം ഈശ്വരേച്ഛ.'

❖ ❖ ❖

രണ്ടായിരം കൊല്ലങ്ങൾക്കുമുമ്പ്, കൽവറിക്കുന്നിന്മേൽവെച്ച നടന്നതെന്താണ്? അധർമ്മത്തോടു ധീരധീരം പൊരുതി ജനങ്ങൾക്ക് സാരോപദേശംചെയ്ത് അവരിൽ ആസ്തിക്യബോധം വളർത്തിയ ക്രിസ്തുദേവൻ പിലാത്തൂസിന്റെ കണ്ണുകഠോരമായ വിധിപ്രകാരം മൌലിയിൽ മുൾക്കിരീടം അടിച്ചുതാഴ്ത്തി കുരിശേററപ്പെട്ടു. അത്രയൊന്നും പഴക്കംചെല്ലാത്ത കഥയാണ് ലിങ്കന്റേത്: അടിമത്തത്തെ നിശ്ശേഷം നിഷ്കാസനംചെയ്തു നീഗ്രോവർഗ്ഗക്കാർക്ക് സ്വാതന്ത്ര്യം സമ്പാദിപ്പാൻ നടത്തിയ ധർമ്മസംഗരത്തിൽ വിജയം വരിച്ച അബ്രഹാം ലിങ്കന്റെ പേര് ലോകചരിത്രത്തിൽ എന്നും പ്രകാശിച്ചുകൊണ്ടിരിക്കും. പക്ഷെ, അദ്ദേഹത്തിന്നു കിട്ടിയ സമ്മാനമെന്താണ്? സ്വാതന്ത്ര്യം പ്രഖ്യാപിച്ചിട്ടു ദിവസങ്ങളധികമൊന്നും ചെന്നിട്ടില്ല; ലിങ്കൻ, ന്യൂയോക്കിലെ നാടകശാലയിൽ ഒരു ദിവസം കളി കണ്ടുകൊണ്ടിരിക്കയായിരുന്നു; ഒരാളദ്ദേഹത്തെ, കാണാൻചെന്നു. ബൂത്തെന്നാണ്, വിദ്യാസമ്പന്നനായ ആ മനുഷ്യന്റെ പേര്, 'സ്വേച്ഛാധിപതികൾ ഇങ്ങിനെ മരിക്കട്ടെ', (സിക് സെമ്പർ ടിറാണീസ്) എന്ന് ലാററിനിൽ ഉരുവിട്ടുകൊണ്ട് കൈത്തോക്കെടുത്തു പൊട്ടിച്ചു.

അതുപോലെത്തന്നെ, തത്വോപദേശംചെയ്യാൻവന്ന നബിയെ മദീനയിലേക്കോട്ടിയോടിച്ച ലോകമാണ് ഈ ലോകം. വേടന്റെ ഒരമ്പുകൊണ്ടിട്ടല്ലെ ശ്രീകൃഷ്ണഭഗവാൻപോലും സ്വർഗ്ഗാരോഹണംചെയ്തതു്. ഏതൻസിൽവെച്ച വിഷംകൊടുത്തു കൊന്ന സോക്രട്ടീസിന്റെ കഥയോ? അങ്ങിനെ കഥയില്ലാത്തൊരു കൊടുംപാപിയുടെ വെടിയേററു മരിക്കാനാണ് ഗാന്ധിജിക്കു യോഗം! അതും, പ്രാർത്ഥനായോഗത്തിലേക്കു വരുമ്പോൾ. പക്ഷെ, 'ഹിന്ദുരാഷ്ട്ര'ത്തിന്റെ പത്രാധിപർ ബുദ്ധിയും വിവേകവുമില്ലാത്തൊരാളാണെന്നു എങ്ങിനെ പറയാം? ബർണാഡ്ഷാ പറഞ്ഞതാണ് വളരെ വാസ്തവം: "അധികം നന്നായാൽ അതെത്രത്തോളം അപകടമാണെന്നാണ്, ഇതു തെളിയിക്കുന്നതു്". പലപ്പോഴും നേരമ്പോക്കു തട്ടിവിടാറുള്ള അദ്ദേഹം ദൂരശ്രവണിയിലൂടെ അന്നാപ്പറഞ്ഞതു് ശരിയാണ്. കഴിഞ്ഞ രണ്ടുമൂവ്വായിരം കൊല്ലങ്ങൾക്കിപ്പുറം മനുഷ്യസ്വഭാവത്തിന്ന് പറയത്തക്ക മാററമൊന്നുമുണ്ടായിട്ടില്ലെന്നതാണ് പരമാർത്ഥം.

❖ ❖ ❖

മഹാത്മാക്കൾ വല്ലപ്പോഴുമൊരിക്കലെ ലോകത്തിൽ പ്രത്യക്ഷപ്പെടുകയുള്ളു. ജനങ്ങൾ, അങ്ങേഅററത്തോളം അധഃപതിച്ച നേർവഴികാണാതെ ഒരതിഗൌരവവിഷമസന്ധിയുടെ നടുക്കു കിടന്നുഴലുമ്പോൾ യേശുക്രിസ്തു അവർക്കൊരു മാർഗ്ഗദീപമായവതരിച്ചു. ഗാന്ധിജി, ത്യാഗശീലനായ ക്രിസ്തുദേവൻ മാത്രമായിരുന്നില്ല. മഹാകവി വള്ളത്തോൾ പറയുംപോലെ, ശ്രീകൃഷ്ണനും, മുഹമ്മദും, ബുദ്ധനും, ഹരിശ്ചന്ദ്രനും, ശങ്കരാചാര്യരും എല്ലാമായിക്കൊണ്ടൊരത്ഭുതപുരുഷനായിരുന്നു, ആദ്ദേഹം. ലോകമാകെ, ശാന്തിയും സമാധാനവും സ്ഥാപിക്കുവാൻവേണ്ടി, അദ്ദേഹം ഒരു പുതിയ വഴി കണ്ടുപിടിച്ച് അതു സ്വീകരിച്ചു. സ്നേഹം, അദ്ദേഹത്തിനു അഹിംസയിലൂടെ മുന്നോട്ടു നയിക്കാനുള്ളൊരു ധർമ്മകാഹളമായിരുന്നു. സത്യം, അദ്ദേഹത്തിന്റെ ഉറപ്പേറിയ ഊന്നുവടിയും. അഹിംസ, വിലമതിക്കാൻ വയ്യാത്തൊരു ദിവ്യായുധമാണ്: എത്ര മൂർച്ചയേറിയ കൊടുവാൾത്തലകൊണ്ടുള്ള വെട്ടലും അതു, പുല്ലുപോലെ തടുക്കും. വഞ്ചനയും, പകയും, വിദ്വേഷവും അതുപോലെത്തന്നെ ഭയവും, കോപവും എന്തെന്നറിയാത്ത ആ സരളഹൃദയത്തിന്റെ വെടിപ്പും പരപ്പും കണ്ടവരില്ല; ആത്മസംയമനം സാധിച്ച, ആ ആത്മവാന്റെ ക്ഷമക്ക് അതിരെതിരില്ല. ആരെന്തു ചോദിച്ചാലും, നിസ്സംശയം അതവർക്കു നൽകുന്ന ആ കല്പകവൃക്ഷം, അവിക്ഷോഭ്യനായ ദൃഢവ്രതക്കാരനുമാണ്.

പ്രാചീനഭാരതസംസ്കാരത്തിന്റെ കാതൽ, അതിന്റെ ജീവനാഡി, സ്നേഹമാണ്. നിരുപാധികമായ—ഒരു വിധത്തിലുള്ള പ്രതിഫലേച്ഛയാലും മലിനമാകാത്ത— ആ യഥാർത്ഥസ്നേഹമാണ്, അതിന്റെ വിശാലതയാണ് മനുഷ്യന്റെ മഹത്വം. അതിന്റെ ആത്മവത്തയാണ് ജീവിതത്തിന്റെ സനാതനസത്ത. മഹാത്മജിയാകട്ടെ ആർഷസംസ്കാരം ഉടലെടുത്തൊരതിമാനുഷനും. തന്റെ നേർക്ക് ബോംബെറിഞ്ഞ അന്ന് അദ്ദേഹം പറഞ്ഞതു "അതെറിഞ്ഞാളുടെ നേരെ ഒരുവിധത്തിലും വിദ്വേഷവും പകയും തോന്നാതെ മന്ദഹസി

ക്കാൻ കഴിഞ്ഞാൽ മാത്രമെ ഞാൻ പ്രശംസക്കർഹനാവൂ” എന്നാണ്.

ശാന്തിസാമ്രാട്ടും അഹിംസയുടെ പ്രവാചകനും സൌഹൃദത്തിൻെറ മൂർത്തിമദ്ഭാവവുമായ ആ സത്യാന്വേഷകൻ ‘ഏതുകാലത്തേയും ഏററവും വലിയ മഹാനാണ്.’ അദ്ദേഹം തൻെറ അതിവിശിഷ്ടമായ ജീവിതംകൊണ്ട് മററ് അവതാരപുരുഷന്മാരെപ്പോലും അതിശയിച്ചിരിക്കുന്നു. ഒരിററ രക്തവും ചിന്താതെ, നാല്പതുകോടി ജനങ്ങളുടെ ജന്മാവകാശമായ സ്വാതന്ത്ര്യം ‘വീണ്ടെടുക്കുക—അതും, അതിശക്തിമത്തായൊരധികാരശക്തിയോടടരാടിയിട്ടും — അത്യുജ്ജ്വലമായ അത്ഭുതസിദ്ധികളും’ വിശേഷാത്തരവൈദഗ്ദ്ധ്യവും തന്നെ വേണമല്ലൊ, അതിന്.

ലോകത്തിലെവിടെ, ഏതുകാലത്തെച്ചരിത്രം തിരിച്ചും മറിച്ചും നോക്കിയാലും രക്തപ്പുഴകളും, ശവക്കുന്നുകളുംകൊണ്ട് ബീഭത്സമായ വിപ്ലവകോലാഹലങ്ങളിലൂടെ മാത്രമേ എണ്ണപ്പെട്ട പരിവർത്തനങ്ങളെല്ലാംതന്നെ സാധിച്ചിട്ടുള്ളുവെന്നു കാണാം. വർഗ്ഗീയവും മതപരവുമായ കുത്സിതാചാരങ്ങളേയും സ്വാർത്ഥതാല്പര്യങ്ങളേയുംവെച്ചു പുലർത്തി, ഇടുങ്ങിയ മനസ്സിന്മേൽ കെട്ടിപ്പടുത്ത, പണ്ടത്തെ രാഷ്ട്രീയസംഘടനകളിൽ നിന്നൊക്കെ വിട്ട്, തൂപ്പുകാരനും, വിറകുവെട്ടിക്കും എന്നുവേണ്ട ഇരുളടഞ്ഞുകിടന്നിരുന്ന ഗ്രാമങ്ങളുടെ മുക്കിലും, മൂലകളിലുംകൂടെ രാഷ്ട്രീയബോധോദയം ഉളവാക്കിയതു മഹാത്മജിയാണ്. ലോകത്തിലെ, ഒരു വ്യക്തിയാണ് ഞാനെന്ന് ആർക്കുമിന്നഭിമാനം കൊള്ളാം.

വളരെയേറെ ദീർഘവ്യാപകമായ ഒരു വീക്ഷണഗതിയാണ് മഹാത്മജിക്കുള്ളത്. ജീവിതകാലം മുഴുവൻ, സാമ്രാജ്യദുർമ്മോഹികളോടു പോരാടി മരിച്ച (?) സുഭാസ്സിൻേറതുപോലുള്ള, ഹിംസാത്മകമായ പ്രവർത്തനപരിപാടികൾ നിഷ്ഫലവും, നിരാശക്കും വിനാശത്തിന്നും കാരണവുമാണെന്നു മുൻകൂട്ടി അദ്ദേഹം കണ്ടറിഞ്ഞു എന്നിട്ട്, ആർഷഭൂമിയുടെ ആത്മീയൈക്യത്തിന്നും തത്വസംഹിതക്കനുസൃതമായി എല്ലാവർക്കും ഏതുകാലത്തും സ്വീകാര്യമായ നിർമ്മാണാത്മകമായ അഹിംസാവിപ്ലവത്തിലൂടെ അദ്ദേഹം വിജയസൌധത്തിലേക്കു കുതിച്ചു. മാത്രമല്ല, കൂപ്പുകയ്യോടെ വെടിയുണ്ടക്ക് തൻെറ കൃശശരീരം കാണിച്ചുകൊടുത്തത്തോടെ അതിലദ്ദേഹം പൂർണ്ണമായി വിജയിക്കുകയുംചെയ്തു. ഉള്ളം തുള്ളിത്തുളുമ്പുന്ന ആ വ്യക്തിമഹത്വത്തിന്നുമുമ്പിൽ, നാം സാഷ്ടാംഗം പ്രണമിക്കുക.

മഹാത്മജിയെപ്പററി, ഒന്നുംതന്നെ പറയേണ്ടുന്നാവശ്യമില്ല; അഥവാ പറഞ്ഞാലും പറഞ്ഞാലുമവസാനിക്കാത്തതാണ് ത്യാഗസുരഭിലവും, അഹിംസാനിഷ്ഠവും, പ്രേമാനുകമ്പാപൂർണ്ണവും പ്രസാദസുന്ദരവുമായ ആ ജീവിതകാവ്യം. അത്രയ്ക്ക്, അദ്ദേഹത്തിൻെറ സേവനങ്ങൾ, വിശാലങ്ങളും അനർഘങ്ങളും നിത്യജീവിതത്തോടൊട്ടിപ്പിടിച്ചതുമാണ്. ചുരുക്കിപ്പറഞ്ഞാൽ. വിശ്വപൂജിതനായ ആ കർമ്മയോഗി, ലോകത്തിലെല്ലാവർക്കും, എന്നുവെച്ചാൽ മാനവസമുദായത്തിന്നുവേണ്ടി ജീവിച്ചു; ഭാരതത്തിന്നുവേണ്ടി അവിശ്രമം പ്രവർത്തിച്ചു; മുസ്ലിം ജനതക്കായിക്കൊണ്ട് മൃത്യുവരിച്ചു.

❖ ❖ ❖

ബാപ്പുജിയുടെ കൃശശരീരം മാത്രമെ വെന്തുചാമ്പലായിട്ടുള്ളു; ആർക്കും ആശ്വാസം നൽകുന്ന ആ മന്ദസ്മിതം; രണ്ടു ചില്ലുകളിൽക്കൂടി ആർദ്രത വർഷിക്കുന്ന ജീവസ്സുള്ള കണ്ണുകൾ; ക്ഷോഭത്തിൻെറ കണികപോലുമില്ലാത്ത സൌമ്യഭാവത്തിലുള്ള മിതഭാഷണം; നിരാഡംബരമായ വസ്ത്രധാരണം, എപ്പോഴും ഉമ്മറത്തിരിക്കുന്നുണ്ടെന്നു തോന്നുന്ന ആ വയസ്സുചെന്ന അന്തസ്സററ അമ്മാമൻ,—എന്നും പുതുപുളകപ്പൂമാലയണിയിച്ചുംകൊണ്ട് നമ്മുടെ ഹൃദയത്തിൽ മാന്യസ്ഥാനത്തിരിക്കുന്നുണ്ടാവും. വേണ്ടപ്പോൾ വേണ്ട ഉപദേശവും, ആശ്വാസവും, പ്രചോദനവും അദ്ദേഹം നമുക്കു നൽകും.

❖ ❖ ❖

കൃസ്തുദേവനെ കുരിശേററിയതിന്ന്, ഇന്നും യഹൂദന്മാർ പാർപ്പിടംപോലുമില്ലാതെ നട്ടം തിരിയുന്നു. ശ്രീകൃഷ്ണഭഗവാൻെറ സ്വർഗ്ഗാരോഹണത്തിന്നുശേഷം യാദവന്മാർ കലഹിച്ചു തമ്മിലടിച്ചു നശിച്ച ദുരന്തകഥ കേട്ടും, വായിച്ചും പരിചയമുള്ള നാം അതാവർത്തിക്കാൻ വഴിവെക്കരുത്. ‘ഗാന്ധിമതം’ — സത്യം, അഹിംസ, സ്നേഹം, സമാധാനം, ത്യാഗസന്നദ്ധത, ധാർമ്മികനിയമം തുടങ്ങി, തിരഞ്ഞെടുത്ത വാക്കുകളേ അതിൽ കാണുകയുള്ളു—ലോകത്തിൽ, അഭൂതപൂർവ്വമായൊരു പരിവർത്തനമാണ് സാധിച്ചത്. നാം, അദ്ദേഹത്തോടുള്ള സ്നേഹവും, ആദരവും, കൃതജ്ഞതയുമെല്ലാം കാണിക്കുന്നത് അദ്ദേഹം വെട്ടിത്തെളിയിച്ച വഴിയിലൂടെ പ്രവർത്തിച്ചിട്ടായിരിക്കണം. വിശ്വവിഖ്യാതനായ ആ അത്ഭുതപുരുഷൻെറ കാലടിപ്പാടുകൾ ശരിയായി പിൻതുടരാൻ സാധിച്ചാൽ, അതുതന്നെയാണ് അദ്ദേഹത്തിന്നു വേണ്ടി നിർമ്മിക്കുവാൻ കഴിയുന്ന ലോകോത്തരമായ ഏററവും വിലപിടിച്ച സ്മാരകം.

## EDITOR'S NOTE

Editorial remarks have not been included in this issue because they were mainly frivolous and therefore unsuited to present circumstances, and also because I have been obliged through lack of material to include too many contributions of mine own.

**Z. C. MAGAZINE**

# EXCHANGE.

We have pleasure in acknowledging with thanks the receipt of the following Magazines :—

1. Barrovian, Isle of Man
2. The National College Magazine, Trichinopoly
3. Government College Miscellany, Mangalore
4. Pudukotai College Magazine
5. Hindu Theological High School Magazine, Madras
6. Malabar Christian College Magazine, Calicut
7. The Ceded District College Magazine. Guntur
8. The Presidency College Magazine, Madras
9. Ramakrishna Home and School Magazine, Madras
10. The American College Magazine Madura
11. The Theosophical College Magazine, Madanapalle
12. The St. John's College Magazine, Palamcottah
13. The Pachiyappa's College Magazine, Madras
14. The Maharaja's College Magazine, Ernakulam
15. The Findlay High School Magazine, Mannargudi
16. The St Aloysius College Magazine, Mangalore
17. The Madras Law College Magazine
18. Tae Madras Christian College Magazine
19. The Government Brennen College Magazine, Tellicherry
20. Journal of the Madras University
21. Taraporevala's Indian Literary Review
22. The Government Victoria College Magzaine
23. The St. Thomas College Magazine Trichur
24. Annamalai Nagar Miscellany, Chidambaram
25. The Voorhee's College Magazine, Vellore
26. The St. Joseph's College Magazine Trichinopoly
27. The Loyola College Magazine, Madras
28. Union Christian College Magazine, Alwaye
29. Kumbakonam College Magazine
30. St. Teresa's College and High School Magazine, Ernakulam
31. Law College Magazine, Trivandrum
32. The Old College Magazine Trivandrum
33. The Andhra Christian College Magazine
34. Mac Millan's Educational Bulletin
35. The Collegian, Deccan
36. Young Messenger of India, Bombay
37. Hindu College Magazine, Guntur
38. St. Berchman's College Magazine
39. Kottayam College Magazine
40. The Govt. Muhamedan College Magazine
41. Vidya Sagar College Magazine
42. സാഹിത്യോപഹാരം Trivandrum
43. വിദ്യാർത്ഥിമാസിക Nilambur.
44. ജയകേരളം Madras.
45. പാരിജാതം. Chittur, Cochin